കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# വലപ്പാട് ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2017-2018

ജില്ലാ ഓഡിറ്റ് കാര്യാലയം,തൃശ്ശൂർ

e-mail:dotsr.ksad@kerala.gov.in.

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.ടി.എസ്.ആർ.(പി.1) 1813/18

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,

തൃശ്ശൂർ-680 020.

ഫോൺ: 0487 2331249

e-mail: dotsr.ksad@kerala.gov.in

തീയതി: 28/11/2018

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന),

വലപ്പാട് ഗ്രാമ പഞ്ചായത്ത്.

സർ,

വിഷയം : വലപ്പാട് ഗ്രാമപഞ്ചായത്ത് - 2017-2018 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

***********

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വലപ്പാട് ഗ്രാമപഞ്ചായത്തിന്റെ 2017-2018 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 3-5, 3-11, 3-13, 3-17, 3-19 എന്നിവയിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1) (2) എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ,

ജില്ലാ ഓഡിറ്റ് കാര്യാലയം,

തൃശ്ശൂർ.

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ (ഉപരിപത്രം സഹിതം)

3) കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.ടി.എസ്.ആർ.(പി.1) 1813/18 തീയതി.21 /11/2018

## തൃശ്ശൂർ ജില്ലയിലെ വലപ്പാട് ഗ്രാമപഞ്ചായത്തിന്റെ 2017-2018 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

തൃശ്ശൂർ ജില്ലയിലെ വലപ്പാട് ഗ്രാമപഞ്ചായത്തിന്റെ 2017-2018 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 01.4.17 മുതൽ 31.03.2018 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 31.03.18 വരെ വിവിധ അക്കൗണ്ടുകളിലെ പണം പിൻവലിക്കലുകൾ എന്നിവ പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. അന്വേഷണക്കുറിപ്പുകൾ 33 എണ്ണം നൽകിയതിൽ 12 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.സൈമൺ<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 23.10.2018 മുതൽ 31.10.2018 വരെ |

| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | |
|---|---|
| ശ്രീമതി.ബിത. ടി.എസ് | ഓഡിറ്റ് ഓഫീസർ |
| ശ്രീ.സിനിലാൽ. എം.ജി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ.ജോമോൻ. ഇ.കെ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീമതി.സോന. കെ.സത്യൻ | ഓഡിറ്റർ |
| ശ്രീമതി.നിജ്ജ. സി.എസ് | ഓഡിറ്റർ |

| ബി) നിർവ്വഹണാധികാരികൾ |
|---|

| | പേര് | കാലയളവ് |
|---|---|---|
| പ്രഡിഡന്റ് | ശ്രീ.ഇ.കെ.തോമസ് മാസ്റ്റർ | 1.4.2017മുതൽ 31-3-18 വരെ |
| സെക്രട്ടറി | ശ്രീമതി. മിനി.കെ.ആർ | 1.4.2017 – 24-5-17 |
| | ശ്രീ.ശ്രീനിവാസൻ.എം.ജി(AS In charge) | 25-5-17 -14.6.17 F N |
| | ശ്രീ. ഹസീബലി. പി.എം | 14.6.17 AN -3.8.17 F N |
| | ശ്രീ.സുരേഷ്. കെ.ആർ | 03.8.17 A N- 31.3.18 |

| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
|---|---|---|
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.ശ്രീനിവാസൻ.എം.ജി | 1.4.17 - 14.6.17 |
| | ശ്രീ.ബെന്നി വടക്കൻ | 19.617-30.6.17(15.6.17-18.6.17 ഒഴിവ്) |
| | ശ്രീ.ശ്രീനിവാസൻ.എം.ജി | 01.7.17-31.8.17 |
| | ശ്രീ.സലീഷ്. കെ.വി | 7.9.17-14.9.17 (1.9.17-6.9.17 ഒഴിവ്) |
| | ശ്രീ.ബെന്നി വടക്കൻ | 15.9.17-4.12.17 |
| | ശ്രീമതി.സീന. എം.ജെ | 5.12.17-13.12.17 |
| | ശ്രീ.സനീഷ്. കെ.വി | 14.12.17-31.3.18 |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി.ഷൈനി. പി.ജെ. | 1.4.2017 - 31.3.2018 |
| കൃഷി ഓഫീസർ | ശ്രീമതി.മാലിനി. ഇ.ഡി. | 1.4.2017 - 31.3.2018 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി.ശുഭ നാരായണൻ | 1.4.2017 - 31.3.2018 |
| മെഡിക്കൽ ഓഫീസർ, സി.എച്ച്.സി | ഡോ. പ്രവീൺ കുമാർ | 1.4.2017 - 31.3.2018 |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | ഡോ.ഗീതാ കുമാരി | 01-4-17 മുതൽ 31-3-18 |

| | | |
|---|---|---|
| മെഡിക്കൽ ഓഫീസർ, ആയുർവേദം | ഡോ.ലിൻസി.പി. മഞ്ഞളി | 1.4.2017 - 9.7.2017 |
| | ഡോ.ബുഖാരി.പി. മഞ് | 10.7.2017 - 31.3.2018 |
| വെറ്ററിനറി സർജൻ | ഡോ.ജിതേന്ദ്ര കുമാർ | 1.4.2017 - 31.3.2018 |
| വി.ഇ.ഒ. വലപ്പാട് | ശ്രീ.അരുൺ വിജയ് | 1.4.2017 - 31.3.2018 |
| വി.ഇ.ഒ. എടമുട്ടം | ശ്രീമതി.സറീന. കെ.എച്ച്. | 1.4.2017 - 31.3.2018 |
| ഹഡ്മിസ്ട്രസ്സ് | ശ്രീമതി.ശ്രീറാണി. വി.എസ് | 1.4.2017 - 31.3.2018 |
| ഡയറിഫാം ഇൻസ്ട്രക്ടർ | ശ്രീമതി.അനില.ടി.തെയ്യൻ | 1-4-17 മുതൽ 24.10.17വരെ |
| | ശ്രീ.സുനിൽകുമാർ | 25.10.17മുതൽ 31.3.18വരെ |
| സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | ശ്രീമതി.ജീന ഗോപിനാഥ് | 01.04.2017 – 31.03.18 |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 9 | ക്ഷേമ പദ്ധതികൾ | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | അക്കൗണ്ട്സ് അപാകതകൾ | 1-12 |
| | ഭാഗം 2 | |
| 13 | സാംഖ്യ സഞ്ചയ സംയോജനം - പ്യൂരിഫിക്കേഷൻ അവലോകനം | 2-1 |

| | | |
|---|---|---|
| | -രേഖകളുടെ അഭാവത്തിൽ വസ്തുനികുതി വരവ് പരിശോധിക്കുന്നതിനായില്ല | |
| 14 | വാടക കുടിശ്ശിക 186062/-രൂപ റവന്യൂ റിക്കവറിയായി ഈടാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ് | 2-2 |
| 15 | ട്രേഡേഴ്സ് ലിസ്റ്റ് അപൂർണ്ണം-ഡി&ഒ ലൈസൻസ് എടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു | 2-3 |
| 16 | തൊഴിൽ നികുതി ഇനത്തിൽ വരുമാനം വർദ്ധിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് -മറ്റു അപാകതകൾ | 2-4 |
| 17 | ലൈവ് സ്റ്റോക്ക് ചട്ടപ്രകാരം ലൈസൻസെടുക്കാതെ ഫാം പ്രവർത്തിക്കുന്നു | 2-5 |
| 18 | ലേല വരവ് - ഫയലുകൾ പൂർണ്ണമായി ഓഡിറ്റിന് ലഭ്യമാക്കിയില്ല | 2-6 |
| 19 | വസ്തു നികുതി ഫയൽ പരിശോധന -അപാകതകൾ | 2-7 |
| 20 | അഗ്നിശമനസുരക്ഷ ഉറപ്പാക്കാതെ കെട്ടിടനിർമ്മാണാനുമതി | 2-8 |
| 21 | ക്രമവൽക്കരണ ഫീ കണക്കാക്കുന്നതിൽ വ്യത്യാസം | 2-9 |
| 22 | വ്യത്യസ്ത നിരക്കിൽ വസ്തുനികുതി നിർണ്ണയം<br>വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല | 2-10 |
| ഭാഗം 3 | | |
| 23 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല | 3-1 |
| 24 | 2017-18 വർഷത്തെ പദ്ധതി | 3-2 |

| | | |
|---|---|---|
| | രൂപീകരണം, നിർവ്വഹണം, മോണിറ്ററിംഗ് - ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 25 | ഗ്രാമപഞ്ചായത്തിലേക്ക് കംപ്യൂട്ടറുകൾ വാങ്ങൽ അഞ്ചു വർഷ വാറണ്ടി ഉറപ്പാക്കണം | 3-3 |
| 26 | ഹൈമാസ്റ്റ് ലാമ്പ് റിപ്പയർ-ക്വട്ടേഷൻ ക്ഷണിച്ചതിൽ അപാകത | 3-4 |
| 27 | മൃഗ സംരക്ഷണ ഓഫീസർ നടപ്പാക്കിയ പദ്ധതികൾ-സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല. അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. | 3-5 |
| 28 | മരാമത്ത് പ്രവൃത്തികൾ- രേഖകൾ ശരിയായി സൂക്ഷിക്കുന്നതിനും സമയബന്ധിതമായിപ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനും നടപടി സ്വീകരിക്കണം ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു | 3-6 |
| 29 | കോതകുളം സൗന്ദര്യവൽക്കരണം പദ്ധതി ലക്ഷ്യം നേടിയില്ല. | 3-7 |
| 30 | ആയുർവേദ മെഡിക്കൽ ഓഫീസർ നടപ്പാക്കിയ സമഗ്ര ആരോഗ്യ പദ്ധതി- അപാകതകൾ | 3-8 |
| 31 | ആയുർവേദ ആശുപത്രിയിലേക്ക് മരുന്ന് ലഭ്യമാക്കുന്നതിൽ കാലതാമസം | 3-9 |
| 32 | സി.എച്ച്.സി മെഡിക്കൽ ഓഫീസർ നടപ്പാക്കിയ 'പെയിൻ ആന്റ് പാലിയേറ്റീവ് കെയർ ' പദ്ധതി - അപാകതകൾ | 3-10 |
| 33 | വികലാംഗർക്ക് ഉപകരണം- പദ്ധതി | 3-11 |

| | | |
|---|---|---|
| | നടത്തിപ്പ് വിവരങ്ങൾ ലഭ്യമാക്കിയില്ല | |
| 34 | എസ്.എസ് . എ അധിക വിഹിതം നൽകൽ - അപാകതകൾ | 3-12 |
| 35 | പദ്ധതി ചെലവ് വിവരം പൂർണ്ണമല്ല – ചെലവ്തടസ്സപ്പെടുത്തുന്നു | 3-13 |
| 36 | വിദ്യഭ്യാസത്തിൽ ഗുണനിലവാരം ഉയർത്തുന്നതിനുള്ള പദ്ധതി- 339900 തടസ്സം | 3-14 |
| 37 | പ്രോജക്ടുകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല | 3-15 |
| 38 | എൽ.പി,യു.പി കുട്ടികൾക്ക് കായിക പരിശീലനം- പദ്ധതി അപാകതകൾ | 3-16 |
| 39 | രജിസ്റ്റേർഡ് ക്ലബ്ബുകൾക്ക് സ്പോട്സ് കിറ്റ് - വിതരണ രേഖകൾ ലഭ്യമാക്കിയില്ല | 3-17 |
| 40 | വലപ്പാട് ആയുർവേദാശുപത്രി-കെട്ടിട നിർമ്മാണം പൂർത്തീകരിച്ച് പ്രവർത്തന ക്ഷമമാക്കണം. ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. | 3-18 |
| 41 | പദ്ധതി നിർവ്വഹണം - അപാകതകൾ | 3-19 |
| 42 | തൊഴിലുറപ്പ് പദ്ധതി -സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കണം. ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു | 3-20 |
| 43 | വാഹനത്തിന്റെ ലോഗ് ബുക്ക് പരിപാലനം - അപാകതകൾ. | 3-21 |
| 44 | പൊതുമരാമത്ത് മേഖല -പദ്ധതികളുടെ ബാഹുല്യം നിർവ്വഹണ പുരോഗതിയെ ബാധിക്കുന്നു. | 3-22 |
| 45 | മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം- പൊതുഅപാകതകൾ | 3-23 |
| 46 | റോഡ് ടാറിംഗ് -പ്ളാസ്റ്റിക് പ്രവർത്തികൾ -മാതൃകാപരം | 3-24 |

| | | |
|---|---|---|
| 47 | സബ് -ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് നിർവ്വഹണം നടത്തിയ പദ്ധതികൾ -അപാകതകൾ | 3-25 |
| 48 | ആശ്രയ-വികസനഫണ്ട് അടക്കമുള്ള തുക നിഷ്ക്രിയ ആസ്തിയായി ബാങ്ക് അക്കൌണ്ടിൽ സൂക്ഷിച്ചിരിക്കുന്നു. | 3-26 |
| 49 | വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന അങ്കണവാടികൾക്കായി ഭൂമി ഏറ്റെടുക്കൽ-അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. | 3-27 |
| 50 | നീർത്തട മാസ്റ്റർ പ്ലാൻ തയ്യാറാക്കൽ - പദ്ധതി പൂർത്തീകരിച്ചില്ല. | 3-28 |
| | ഭാഗം-4 | |
| 51 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം. | 4-1 |
| 52 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ. | 4-2 |
| 53 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്. | 4-3 |
| 54 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 55 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 56 | ഓഡിറ്റ് റിക്കവറി | 4-6 |
| 57 | ഓഡിറ്റ് പ്രത്യവലോകനം | 4-7 |
| 58 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ. | 4-8 |
| 59 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം-1 |
| 60 | ഓഡിറ്റ് സംക്ഷിപ്തം | അനുബന്ധം-2 |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

27-03-2017 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ / പരിഷ്കരിച്ച ബജറ്റ് 28.2.2018 തീയതിയിലെ 4 (1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷികധനകാര്യപത്രിക

| തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.2018 | 22.5.2018 | 22.5.2018 | 30.5.2018 |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018 | 18.6.2018,19.6.2018 | 1150/18(18) dt 13.07.18 |

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 30938435 |
| വരവ് | 81958176 |
| ആകെ | 112896611 |
| ചെലവ് | 83270296 |
| നീക്കിയിരിപ്പ് | 29626315 |

## 1-5 ഫണ്ട് വിനിയോഗം

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | ബാക്കി/(ലാപ്സായ തുക 1 മുതൽ 8 വരെ) |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 19943000 | 19943000 | 14902185 | 5040815 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 12626285 | 12626285 | 10387403 | 2238882 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 12246000 | 12246000 | 10699526 | 1546474 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 4404000 | 4404000 | 4166078 | 237922 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | 0 | 4083099 | 4083099 | 3275807 | 807292 |
| കെ.എൽ.എസ്.ജി.ഡി.പി-കേന്ദ്രം (ACR പ്രകാരം) | 0 | 3604174 | 3604174 | 3020375 | 583799 |

| | | | | | | |
|---|---|---|---|---|---|---|
| കെ.എൽ.എസ്.ജി.ഡി.പി -സംസ്ഥാനം(ACR പ്രകാരം) | | 0 | 1243030 | 1243030 | 1239234 | 3796 |
| സാക്ഷരത | | 53406 | 2054(ബാങ്ക് പലിശ) | 55460 | 0 | 55460 |
| ദുരിതാശ്വാസനിധി | | 0 | 0 | 0 | 0 | 0 |
| ഭവനനിധി | | 0 | 0 | 0 | 0 | 0 |
| എം.ജി.എൻ.ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | 0 | 15982154 | 15982154 | 15982154 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 5462 | 1002585 | 1008047 | 1004132 | 3915 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (അംഗൻവാടി-പോഷകാഹാരം,കളിപ്പാട്ടം) | | 171359 | 850464 | 1021823 | - | 1021823 |
| കേരളോത്സവം | | 0 | 20000 | 20000 | 0 | 20000 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | | 950000 | 950000 | 305700 | 644300 |
| | ജില്ലാ പഞ്ചായത്ത് | | 400000 | 400000 | 192700 | 207300 |
| ബി ഫണ്ട് | | 0 | 54160640 | 54160640 | 54160640 | 0 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 28801720 | 17510224 | 46311944 | 15171732 | 31140212 |
| | ട്രഷറി അക്കൗണ്ട് | 1991989 | 13882964 | 15874953 | 17680229 | 1805276 |

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചവ (എണ്ണം) | അടങ്കൽ(തുക) | നടപ്പിലാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പിലാക്കിയത് | നടപ്പിലാക്കാത്തത് | പൂർത്തികരിച്ചതിന്റെ ശതമാനം |
|---|---|---|---|---|---|---|
| 240 | 112314339 | 136 | 58806263 | 87 | 17 | 526.6% |

# 1-7 തൊഴിലുറപ്പ് പദ്ധതി

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് 2017-18 സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 51.44 ശതമാനം കുറവ് ഉണ്ട്.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | ബാക്കി |
|---|---|---|---|---|---|
| തൊഴിലാളികളുടെ കൂലി | 0 | 15 | 01 | 11 | 0 |
| | | 98 | | | |
| | | 37 | | | |
| | | 01 | | | |
| മെറ്റീരിയൽ കോസ്റ്റ് | 9 | | | | |
| അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 5462 | 100 | 100 | 100 | 39 |
| | | 25 | 80 | 41 | 15 |
| | | 85 | 47 | 32 | |

# 1-8 ക്യാഷ് വേരിഫിക്കേഷൻ

1994 ല കേരള ലോക്കൽ ഫണ്ട് ആക്ടിലെ 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 27.10.2018 തീയതിയിൽ 3.20 പി.എം ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 16228/- രൂപയുടെ

നീക്കിയിരിപ്പിന്റെ കൃത്യത ഡേ ബുക്ക്, ക്യാഷ് ബുക്ക് എന്നിവയുമായി ഒത്തുനോക്കി ബോധ്യപ്പെട്ടു.

## 1-9 ക്ഷേമപദ്ധതികൾ

| പദ്ധതിയുടെ പേര് | ചെലവുതുക | ഗുണഭോക്താക്കളുടെ എണ്ണം(ട്രാൻസാക്ഷൻ കൗണ്ട്) |
|---|---|---|
| തൊഴിൽ രഹിത വേതനം | 33240 | 56 |
| കർഷകതൊഴിലാളി പെൻഷൻ | 3437900 | 1234 |
| വിധവ പെൻഷൻ | 16591300 | 5544 |
| വാർദ്ധക്യകാല പെൻഷൻ | 28223100 | 8397 |
| വികലാംഗ പെൻഷൻ | 4450800 | 1428 |
| അവിവാഹിത സ്ത്രീ പെൻഷൻ | 1124300 | ലഭ്യമാക്കിയിട്ടില്ല |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 300000 | 10 |

## 1-10 ആഭ്യന്തരനിയന്ത്രണം.

പദ്ധതികളിൽ മോണിറ്ററിംഗ് വേണ്ടവിധം നടത്തുന്നില്ല. വർക്കിംഗ് ഗ്രൂപ്പുകൾ പദ്ധതി രൂപീകരണത്തിന് ശേഷം മോണിറ്ററിംഗ് സമിതികളായി മാറി മോണിറ്ററിംഗ് നടത്തുന്നില്ല.

നിർവ്വഹണ ഉദ്യോഗസ്ഥർ(കൃഷി ഓഫീസർ ഒഴികെ) TR-7A മാതൃകയിലുള്ള കാഷ് ബുക്കിൽ പഞ്ചായത്തിൽ നിന്നുള്ള വരവുകൾ രേഖപെടുത്തുന്നില്ല. ഉദാ.ഐ.സി.ഡി.എസ്. സൂപ്പർവൈസർ, അസിസ്റ്റന്റ് എഞ്ചിനീയർ.

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന രീതിയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി | |
|---|---|---|---|
| പെർഫോർമൻസ് ഓഡിറ്റ് | 17.09.18-18.9.18 | ആഗസ്റ്റ് 2018 | 20.10.2018 |
| അക്കൗണ്ടന്റ് ജനറൽ | 26.9.18-05.10.18 | 13-14മുതൽ 17-18 വരെ | ലഭിച്ചിട്ടില്ല |

## 1-12 അക്കൗണ്ട്സ് അപാകതകൾ

1.വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 201, ചട്ടം 62 (എഫ്))

2. വാർഷിക കണക്ക് I-18 പട്ടിക പ്രകാരം റസിഡൻഷൽ കെട്ടിടങ്ങൾക്ക് 3727637രൂപയും നോൺ റസിഡൻഷ്യൽ കെട്ടിടങ്ങൾക്ക് (989785) രൂപയും കൂടി ആകെ 2737852 രൂപയുടെ വസ്തുനികുതി പ്രയർ പിരീഡ് ഐറ്റം ഇനത്തിൽ ഉൾപെടുത്തി ക്രമീകരിച്ചതായി കാണുന്നു. ഇത്തരത്തിൽ ക്രമീകരിച്ച തുകയുടെ വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

3. 1/4/17 മുതൽ 27/4/17 വരെയുള്ള ക്യാഷ് ബുക്ക് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

4. ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരം "280000000-Prior Period item" എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക് ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകനം | ഇനം | തുക |
|---|---|---|
| 280100101 | പ്രയർ പിരീഡ് ഇൻകം-പ്രോപ്പർട്ടിടാക്സ് ഓൺ റെസിഡെൻഷ്യൽ ബിൽഡിങ് | 3727637 |
| 280100102 | ടി-പ്രൊഫഷൻ ടാക്സ് | (250) |
| 280100104 | ടി-പ്രോപ്പർട്ടി ടാക്സ് ഓൺ നോൺ റെസിഡെൻഷ്യൽ ബിൽഡിങ് | (989785) |
| 280100110 | ടി-ഫീസ് ഓണ ബിൽഡിങ് ഫോർ സ്പെഷ്യൽ സർവീസസ് | (482) |
| 280200101 | ടി- റെൻറ് ഫ്രം ബിൽഡിങ് | (108) |
| 280100201 | ടി-ലൈസൻസ് ഫീ | (200) |
| 280200401 | ടി-അദർ ഇൻകം | 13735 |
| 280200402 | ടി- റിക്കവറി ഓഫ് അൺ യൂട്ടിലൈസ്ഡ് ഗ്രാന്റ്സ് | (168953) |
| 280600401 | പ്രയർ പിരീഡ് എക്സ്പെൻസ്-റിക്കവറി ഓഫ് അൺ യൂട്ടിലൈസ്ഡ് ഗ്രാന്റ്സ് ടു ഗവർമെന്റ് | (35971) |
| 280600499 | ടി-റെമിഷൻ ആന്റ് റീഫണ്ട്-അദർ ഇൻകം | 2125 |
| 280800201 | ടി-അഡ്മിനിസ്ട്രേറ്റീവ് എക്സ്പെൻസസ് | (2704) |
| 280800301 | ടി-ഓപ്പറേഷൻ ആന്റ് മെയിന്റനൻസ് എക്സ്പെൻസ് | (34623) |
| 280800501 | ടി-പ്രോഗ്രാം എക്സ്പെൻസ് | 1259465 |
| | ആകെ പ്രയർ പിരീഡ് ഐറ്റം-അറ്റ തുക | 3769886 |

5) വസ്തു നികുതി റെസിഡൻഷ്യൽ, നോൺ റെസിഡെൻഷ്യൽ കെട്ടിടങ്ങളുടെ ഡിമാന്റ്, നീക്കിയിരുപ്പ് എന്നിവയിൽ സഞ്ചയ, സാംഖ്യ കണക്കുകൾ തമ്മിൽ വ്യത്യാസമില്ല. സഞ്ചയയിൽ നിന്നും ഡിമാന്റ്, നീക്കിയിരുപ്പ് എന്നിവയും സാംഖ്യയിൽ നിന്നും കളക്ഷനും എടുത്ത് ഡിസിബി തയ്യാറാക്കുകയും ഡിമാന്റ്, ബാലൻസ് എന്നിവ സാംഖ്യയിൽ ഉൾപെടുത്തുകയും ചെയ്യുതിനാലാണ് ഇത്തരത്തിൽ സംഭവിച്ചിട്ടുള്ളത്. എന്നാൽ കളക്ഷൻ തുക തമ്മിൽ പൊരുത്തപെടുന്നില്ല. വ്യത്യാസം താഴെ ചേർക്കുന്നു.

| | റെസിഡൻഷ്യൽ+നോൺ റെസിഡൻഷ്യൽ | |
|---|---|---|
| | കുടിശ്ശിക | തന്നാണ്ട് |
| സഞ്ചയ പ്രകാരം | 3086929 | 4722595 |
| സാംഖ്യ പ്രകാരം | 3104288 | 4702881 |
| വ്യത്യാസം | 138915 | 19714 |

| | | |
|---|---|---|
| സഞ്ചയയിൽ ക്രമീകരിച്ചത് | 0 | 619249 |
| ബാക്കി പിരിച്ചെ ടുക്കാനുള്ളത്.(സാംഖ്യ പ്രകാരം) | 553448 (LC ഉൾപ്പെടെ) | 420486 (LC ഉൾപ്പെടെ) |
| ബാക്കി പിരിച്ചെ ടുക്കാനുള്ളത്.(സഞ്ചയ പ്രകാരം) | 553448 (LC ഉൾപ്പെടെ) | 420486 (LC ഉൾപ്പെടെ) |

കുടിശ്ശികയിനത്തിലും തന്നാണ്ടിലുമായി സഞ്ചയ പ്രകാരം adjustment ഇനത്തിൽ തൻ വർഷത്തിൽ ക്രമീകരിച്ചതായി കാണുന്ന തുകയുടെ വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

6) 2017-18 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം Net cash generated 5566739/- രൂപയും, Net increase /(decrease) in cash and cash equivalents (1312121) രൂപയും ആണ്. ഇവ തമ്മിൽ പൊരുത്തപ്പെടുന്നില്ല.
7) സ്ഥിരനിക്ഷേപ നീക്കിയിരിപ്പ് B-12 പ്രകാരമുള്ളത് ഖണ്ഡിക 4.5മായി പൊരുത്തപ്പടുന്നില്ല .
8) നിക്ഷേപ പ്രവൃത്തികളിൽ ചെലവഴിക്കാൻ ബാക്കിയുള്ള തുക ഭാഗം 4.2 ൽ കാണിച്ചിട്ടുള്ളത് B-18 ൽ ഉൾപ്പെടുത്തിയിട്ടില്ല.

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 സാംഖ്യ സഞ്ചയ സംയോജനം - പ്യൂരിഫിക്കേഷൻ അവലോകനം വസ്തുനികുതി വരവിന്റെ ആധികാരികത പരിശോധിച്ച് ബോധ്യപ്പെടാനായില്ല. -രേഖകളുടെ അഭാവത്തിൽ വസ്തുനികുതി വരവ് പരിശോധിക്കുന്നതിനായില്ല

1) സാംഖ്യ – സഞ്ചയ ഇന്റഗ്രേഷൻ

a) അപാകതകൾ

വസ്തുനികുതി നിർണ്ണയ സോഫ്റ്റ് വെയറായ സഞ്ചയയുടേയും അക്കൗണ്ടിംഗ് സോഫ്റ്റ് വെയറായ സാംഖ്യയുടേയും സംയോജനം പൂർത്തിയായിട്ടുണ്ടെങ്കിലും മുൻവർഷത്തെ വാർഷിക കണക്കിലെ തുകയുമായി സഞ്ചയയിലെ തുകകൾ പൊരുത്തപ്പെടുന്നില്ല. സഞ്ചയയിലെ ഡിമാന്റ് തുക സാംഖ്യയിലെ ഡിമാന്റായി ചേർക്കുകയും ബാലൻസ് തുകകൾ പൊരുത്തപ്പെടുത്തുകയുമാണ് ചെയ്തിട്ടുള്ളത്. സാംഖ്യ പ്രകാരം രസീത് ചെയ്യപ്പെടുന്ന വസ്തുനികുതി കളക്ഷനാണ് സഞ്ചയ സോഫ്റ്റ്വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടേണ്ടത്. എന്നാൽ സാംഖ്യ സഞ്ചയ കളക്ഷൻ തുകകൾ വ്യത്യാസപ്പെട്ടിരിക്കുന്നു. (സാംഖ്യ സഞ്ചയ തുകകളിലെ വ്യത്യാസം അക്കൗണ്ട്സ് അപാകതയായി ഖണ്ഡിക 1-12ൽ ചേർത്തിട്ടുണ്ട്. )

b) കിരണങ്ങൾ

കാലാകാലങ്ങളിൽ വസ്തുനികുതി സംബന്ധിച്ച് സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവിനനുസരിച്ച് സഞ്ചയയിൽ മാറ്റം വരുത്തൽ,

കെട്ടിടങ്ങളുടെ പഴയ നമ്പർ രേഖപ്പെടുത്താതെ സഞ്ചയയിൽ ഡാറ്റാ എൻട്രി നടത്തിയത്, കെട്ടിടങ്ങളുടെ ഉടമസ്ഥാവകാശം മാറ്റുന്നത്, സോഫ്റ്റ് വെയറിന്റെ പരിമിതികൾ മുതലായവ സാംഖ്യ സഞ്ചയ ഇൻഡഗ്രേഷനിൽ പ്രശ്നങ്ങൾ സൃഷ്ടിച്ചു. സാംഖ്യയിൽ റസീപ്റ്റ് ചെയ്യുന്നത് യാന്ത്രികമായി സഞ്ചയയിൽ പോസ്റ്റ് ചെയ്യപ്പെടാതിരുന്ന സാഹചര്യവും സാംഖ്യയിൽ രസീതി ക്യാൻസൽ / പ്രിന്റ് ഫാൾട്ട് ആകുന്നത് സഞ്ചയയിൽ പോസ്റ്റ് ചെയ്യപ്പെടുന്ന സാഹചര്യവുമുണ്ടായി. ഇത്തരം അപാകതകൾ മാനുവലായി കണ്ടെത്തി പരിഹരിക്കപ്പെടാത്തതും നികുതി തുകയിലെ മാറ്റങ്ങൾക്ക് കാരണമായി. സോഫ്റ്റ്വെയറിന്റെ സാങ്കേതിക പരിമിതികൾ മറികടക്കുന്നതിന് ഇടക്കിടെ എക്സ്ട്രാ ടൂളുകൾ നൽകിവരുന്നുണ്ട്.

സഞ്ചയ പ്രകാരമുള്ള വസ്തുനികുതി തുകകൾ വാർഷികകണക്കുമായി പൊരുത്തപ്പെടുത്തുന്നതിന് യാതൊരു ആധികാരിക രേഖകളുമില്ലാതെ തന്നെ വാർഷികധനകാര്യപത്രികയിലെ തുകകൾ വൗച്ചർ മുഖേന എഴുതി തള്ളുകയും ക്രമീകരിക്കുകയും

ചെയ്യുന്നു.

c) നിർദ്ദേശങ്ങൾ

വസ്തുനികുതി പരിഷ്കരണം, വസ്തുനികുതി സോഫ്റ്റ് വെയറിന്റെ സാങ്കേതിക മികവിന്റെ കുറവ് തുടങ്ങിയ കാരണങ്ങൾ കൊണ്ട് വസ്തുനികുതിയിലുണ്ടായിട്ടുള്ള വ്യത്യാസം കൃത്യമായി കണക്കാക്കപ്പെടേണ്ടതും പൊരുത്തപ്പെടുത്തലിലൂടെ വരുമാന നഷ്ടം ഉണ്ടായിട്ടില്ല എന്നുള്ളത് ഉറപ്പാക്കപെടേണ്ടതുണ്ട്. ഇക്കാര്യത്തിൽ ഭരണവകുപ്പ്തലത്തിൽ നടപടിയുണ്ടാകേണ്ടതാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ മുഖ്യ തനതുവരുമാനമായ വസ്തുനികുതി കൃത്യമായി കണക്കാക്കപ്പെടേണ്ടതും ആയത് ഈടാക്കപ്പെടേണ്ടതുമാണ്.

2) പ്യൂരിഫിക്കേഷൻ അവലോകനം

സഞ്ചയ വസ്തുനികുതി ഡാറ്റ പ്യൂരിഫിക്കേഷൻ റിപ്പോർട്ട് അനുസരിച്ച് 13963 കെട്ടിടങ്ങളെ പ്യൂരിഫിക്കേഷനിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിൽ ഓഡിറ്റ് കാലയളവ് വരെ 468 കെട്ടിടങ്ങൾക്കുമാത്രമാണ് പ്യൂരിഫിക്കേഷൻ പൂർത്തീകരിച്ച് അംഗീകരിച്ചിട്ടുള്ളത്. 13495 കെട്ടിടങ്ങളുടെയും പ്യൂരിഫിക്കേഷൻ പെന്റിംഗിൽ ആണ്.

3) വസ്തുനികുതി വരവിന്റെ ആധികാരികത ബോധ്യപ്പെടാനായില്ല.

വസ്തുനികുതി തുകകൾ ക്രമീകരിക്കുന്നതിന് ജേണൽ വൌച്ചർ മുഖേന തുകകൾ എഴുതി തള്ളുകയും, വരുമാനമായി ക്രമീകരിക്കുകയും തിരുത്തൽ എൻട്രികൾ വരുത്തുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഈ രേഖപ്പെടുത്തലുകൾ ആധികാരികമാക്കിയിട്ടില്ല.

“110100101/110100103-Property tax on residential/non residential buiding” എന്ന ശീർഷകങ്ങളുടെ ലെഡ്ജർ പരിശോധിച്ചതിൽ നിന്നും 2017-18 സാമ്പത്തിക വർഷത്തെ ഡിമാന്റ് ഒറ്റതവണയായി രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. “സഞ്ചയ" സോഫ്റ്റ് വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുക എടുത്ത് "സാംഖ്യ"യിൽ 1/4/2017 പ്രകാരമുള്ള ഡിമാന്റ് തുകയായി രേഖപ്പെടുത്തുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്. ആയതിനാൽ റമിഷൻ, എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തലുകൾ ഇല്ലാതെ പോകുന്നു.

വസ്തുനികുതിയിനത്തിൽ 2017-18 വർഷത്തിൽ വസ്തുനികുതി പിരിവുമായി ബന്ധപ്പെട്ട് പിരിവു സാധ്യത സംശയമുള്ളവ, സഞ്ചയസോഫ്റ്റ് വെയറിൽ നിന്നും ഡിമാന്റ് സസ്പെക്ട് ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ എന്നിവ സംബന്ധിച്ച വിശദാംശങ്ങളുടെയും പ്രയർപിരീഡ് ഇനത്തിൽ അഡ്ജസ്റ്റ്മെന്റ് ചെയ്ത് ഒഴിവാക്കിയ 3727637/-രൂപയുടെയും (ശീർഷകം l18-280100101) വരവായി ക്രമീകരിച്ച 989785/-(ശീർഷകം l18-280100104) രൂപയുടെയും ആധികാരകത പരിശോധിച്ച് ബോദ്ധ്യപ്പെടുന്നതിനുതകുന്ന രേഖകളും ഒന്നും തന്നെ പരിശോധനയ്ക്കായി ലഭിക്കുകയുണ്ടായില്ല. എന്നാൽ പൊളിച്ചു കളഞ്ഞ കെട്ടിടങ്ങൾ ചേർത്തതുമൂലം കെട്ടിട നികുതിയിൽ 16772/- രൂപയും വിമുക്ത ഭടൻമാർക്ക് നികുതിഒഴിവാക്കൽ വഴി കെട്ടിടനികുതിയിൽ 16326/-രൂപയും കുറവ് വന്നിട്ടുണ്ട്. ഈ തുക ഡിമാന്റിൽ കുറവ് വരുത്തിയിട്ടുണ്ടോ എന്നതു വ്യകതമല്ല. (ഓഡിറ്റ് എൻക്വയറി 21/30.10.18)

വസ്തുനികുതിയുടെ വാർഡ് തിരിച്ചുള്ള ഡിമാന്റ് രജിസ്റ്റർ സഞ്ചയ സോഫ്റ്റ് വെയറിൽ മാത്രമാണ് സൂക്ഷിക്കുന്നത്.

മേൽ വിവരിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ വസ്തുനികുതി വരവിന്റെ ആധികാരികത പരിശോധിച്ചു ബോദ്ധ്യപ്പെടുന്നതിനായില്ല. വസ്തുനികുതിഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

## 2-2 വാടക കുടിശ്ശിക 186062/-രൂപ റവന്യൂ റിക്കവറിയായി ഈടാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്

a)(ഷോപ്പിങ്ങ് കോംപ്ലക്സ് – വാടക കുടിശ്ശിക)

പഞ്ചായത്തിന്റെ അധീനതയിലുള്ള ഷോപ്പിങ്ങ് കോംപ്ലക്സിൽ കെട്ടിട നമ്പർ IV/163 – IV/200 വരെയുള്ള കെട്ടിടങ്ങളിൽ IV-172, IV-173, IV-178, IV189, IV-195 ഒഴികെയുള്ള കെട്ടിടങ്ങളും മൽസ്യമാർക്കറ്റിലെ 7 കെട്ടിടമുറികളിൽ 4 മുറികളും വാടകയ്ക്കു നല്കിയിട്ടുണ്ട്. 2017-18-ലും 2016-17ലും അതേ വ്യക്തികൾക്കു തന്നെയാണ് ടി മുറികൾ വാടകക്ക് നല്കിയിരിക്കുന്നത്. വാടക കുടിശ്ശിക വരുത്തിയതിന് പഞ്ചായത്ത് വക്കീൽ നോട്ടീസ് അയച്ചവരുടെ പേര് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിട | വാടകക്കാരന്റെ | കുടിശ്ശിക | പ്രതിമാസ | കുടിശ്ശിക |
|---|---|---|---|---|

| നമ്പർ | പേര്, വിലാസം | വരുത്തിയ മാസം | വാടക | വരുത്തിയ തുക |
|---|---|---|---|---|
| IV/197 | മുരുകാനന്ദൻ, കാഞ്ഞിര പറമ്പിൽ | 4/16-3/17, 4/17-3/18 | 4824 (2016-17) 5066 (2017-18) | 57888+60792=118680 (4824x12+5066x12) |
| IV/196 | ശിവൻ ചെമ്പിക്കൽ, | 4/17-3/18 | 2112 | 25344 (2112x12) |
| IV/200 | മീര ആനന്ദൻ , കാഞ്ഞിര പറമ്പിൽ | 3/17 7/17-3/18 | 4022 (2016-17) 4224 (2017-18) | 4022+38016=42038 (4022x1+4224x9) |
| ആകെ | | | | 186062/- |

മുരുകാനന്ദൻ, രാമചന്ദ്രൻ (കെട്ടിടമുറി നം IV/198), മീര ആനന്ദൻ എന്നിവരിൽ നിന്ന് മുൻവർഷം വാടക ഒന്നും തന്നെ അടവാക്കിക്കാതെ 2017-18-ലും വാടകയ്ക്കു നല്കിയിട്ടുണ്ട്. 2017-18 ൽ വാടക ബൈലോ ഖണ്ഡിക 17, 18, 19-ലെ നിബന്ധനകൾ പ്രകാരം,വാടക കുടിശ്ശിക വരുത്തിയവരെ ഒഴിവാക്കി പുനർ ലേലം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെങ്കിലും അപ്രകാരം നടപടികൾ സ്വീകരിച്ചിട്ടില്ല. കെട്ടിടമുറി നം IV/198 ന്റെയു (ടിയാളുടെ 2016-17 ലെ കുടിശ്ശിക 8.1.18 ലും തൻവർഷ കുടിശ്ശികഅടക്കമുള്ള തുക 31.3.18 ലും ആയാണ് അടവാക്കിയിട്ടുള്ളത്) ഒഴികെ കുടിശ്ശിക തുകയായ 186062/- രൂപ നാളിതുവരെ പിരിച്ചെടുത്തിട്ടില്ല.
മേൽ കണക്കുകൾ പ്രകാരം ശിവൻ, മുരുകാനന്ദൻ, മീര ആനന്ദൻ എന്നിവരിൽ നിന്നുള്ള വാടക കുടിശ്ശിക 186062/-രൂപ പിഴപ്പലിശ, GST അടക്കം ചേർത്ത് റവന്യൂ റിക്കവറി നടപടിക്രമങ്ങളിലൂടെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

നോട്ടീസ് പ്രകാരം ഒഴിവാക്കിയ കടമുറികൾ പുനർലേലം ചെയ്ത് നല്കി പഞ്ചായത്തിന് വരുമാന നഷ്ടം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് ആ വിവരവും ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.
b) മത്സ്യമാർക്കറ്റ് കെട്ടിടനികുതികളുടെ ലേലം നടത്തി വാടകക്കു നൽകുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

മത്സ്യമാർക്കറ്റിലെ കെട്ടിട നമ്പർ IV/531B, D, E എന്നിവ തൻവർഷം വാടകയ്ക്ക് നല്കിയിട്ടില്ല. എത്രയും വേഗം ഇവ ലേലം ചെയത് വാടകയ്ക്കു നല്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി നം 20/29.10.18)

## 2-3 ട്രേഡേഴ്സ് ലിസ്റ്റ് അപൂർണ്ണം-ഡി&ഒ ലൈസൻസ് എടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

വലപ്പാട് ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ഡി & ഒ ലൈസൻസ് നൽകിയ സ്ഥാപനങ്ങളുടെ വിവരം സംബന്ധിച്ച് രജിസ്റ്റർ, ഫയലുകൾ എന്നിവ പരിശോധിച്ചതിൽ വലപ്പാട് ഗ്രാമ പഞ്ചായത്തിന്റെ പരിധിയിലുള്ള 20 വാർഡുകളിൽ സ്ഥിതിചെയ്യുന്ന എല്ലാ സ്ഥാപനങ്ങളെയും ഡി & ഒലൈസൻസിന്റെ പരിധിയിൽ കൊണ്ടുവന്നതായി കാണുന്നില്ല. ഡി സി ബി രജിസ്റ്റർ പ്രകാരം 478 സ്ഥാപനങ്ങളിൽ നിന്നാണ് ഡി ആന്റ് ഓ ലൈസൻസ് ഫീ ഈടാക്കിയിട്ടുള്ളത്. എന്നാൽ വാർഡ് തിരിച്ച് ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരം 216 എണ്ണമാണ്. നികുതി അടവാക്കുന്ന വാർഡ് തിരിച്ചുള്ള നോൺ റസിഡൻഷ്യൽ കെട്ടിടങ്ങളുടെ (സഞ്ചയപ്രകാരം)എണ്ണം 2091 ഉം ആണ്.

| വാർഡ് | ട്രേഡേഴ്സ് രജിസ്ററർ പ്രകാരം എണ്ണം | സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം നോൺ-റസിഡൻഷ്യൽ വിഭാഗത്തിൽപ്പെടുന്നതും നികുതി അടവാക്കപ്പെടുന്നതുമായ കെട്ടിടങ്ങളുടെ എണ്ണം |
|---|---|---|
| 1 | 2 | 31 |

| | | |
|---|---|---|
| 2 | 15 | 128 |
| 3 | 19 | 126 |
| 4 | 37 | 267 |
| 5 | 14 | 127 |
| 6 | 16 | 100 |
| 7 | 4 | 74 |
| 8 | 11 | 108 |
| 9 | 18 | 141 |
| 10 | 18 | 163 |
| 11 | 25 | 297 |
| 12 | 3 | 70 |
| 13 | 5 | 35 |
| 14 | 6 | 103 |
| 15 | 5 | 76 |
| 16 | 9 | 75 |
| 17 | 1 | 34 |
| 18 | 3 | 61 |
| 19 | 5 | 45 |
| 20 | 0 | 30 |
| ആകെ | 216 | 2091 |

പഞ്ചായത്ത് ഷോപ്പിംഗ്കോംപ്ലക്സ് കെട്ടിടങ്ങൾ വാടകക്കരാർ പുതുക്കുന്ന സമയത്തു തന്നെ ഡി ആന്റ് ഒ ലൈസൻസെടുത്ത വിവരം ഉറപ്പുവരുത്തേണ്ടതാണ്.

ഫീൽഡ് വിസിറ്റ് നടത്തി ട്രേഡേഴ്സ് രജിസ്റ്റർ ഓരോ വർഷവും തയ്യാറാക്കുമ്പോൾ കെട്ടിട നമ്പർ മാറിയ കെട്ടിട വിവരം, വ്യാപാരം ഉപേക്ഷിച്ച കെട്ടിടങ്ങൾ ഉൾപ്പെടുത്തി ഒഴിവാക്കൽ ലിസ്റ്റും പുതിയ കെട്ടിടങ്ങൾ ചേർത്ത് പുതുതായി ചേർക്കൽ ലിസ്റ്റും വാർഡ് തിരിച്ച് ഉൾപ്പെടുത്തേണ്ടതാണ്. ഇപ്രകാരം ട്രേഡേഴ്സ് ലിസ്റ്റ് രേഖപ്പെടുത്തലുകൾ കൃത്യമാക്കി സൂക്ഷിക്കേണ്ടതും ആയതു പ്രകാരം ഡിമാന്റ് നിർണ്ണയിച്ച് ഗ്രാമപഞ്ചായത്ത് പരിധിയ്ക്കകത്തെ ഡി &ഒ ലൈസൻസ് എടുക്കാൻ ബാദ്ധ്യസ്ഥരായ എല്ലാപേരും കേരള പഞ്ചായത്തീ രാജ് നിയമം വകുപ്പ് 232, 233 കേരള പഞ്ചായത്തീ രാജ്(അപകടകരവും അസഹ്യവുമായ വ്യാപരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നല്കകൽ ) ചട്ടങ്ങൾ 1996, കേരള പഞ്ചായത്തീ രാജ് (അപകടകരവും അസഹ്യവുമായ വ്യാപരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നല്കകൽ) ഭേദഗതി ചട്ടങ്ങൾ 2017 എന്നിവയിലെ വ്യസ്ഥകൾ പ്രകാരം ലൈസൻസ് എടുത്തിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്. അപകടകരവും അസഹ്യവുമായ വ്യാപരങ്ങൾക്ക് ലൈസൻസ് നല്കകയെന്നത് ഗ്രാമ പഞ്ചായത്തിന്റെ അനിവാര്യ ചുമതലയായതിനാലും, ഈ ഗണത്തിലുള്ള സ്ഥാപനങ്ങൾ പൊതുജനത്തിന്റെ ജീവനും, സ്വത്തിനും നേരിട്ടു ബാധിക്കുന്നവയായതിനാലും പരമപ്രധാനമായ ഈ സംഗതിയിൽ ഭരണ സമിതിയുടെയും, ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെയും സത്വര ശ്രദ്ധ പതിയേണ്ടതാണ്.

## 2-4 തൊഴിൽ നികുതി ഇനത്തിൽ വരുമാനം വർദ്ധിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും -മറ്റു അപാകതകൾ സംബന്ധിച്ചും

(എ) 205(സി) കേരള പഞ്ചായത്ത് രാജ് ആക്ട് പ്രകാരം സെക്രട്ടറിക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പരിധിയിലുള്ള ഏത് സ്ഥാപനത്തിന്റെ തൊഴിലുടമയോടും സ്ഥാപനത്തിലെ ജീവനക്കാരുടെ ലിസ്റ്റ് ആവശ്യപ്പെടാവുന്നതാണ്. ഇപ്രകാരം ലഭിച്ച ലിസ്റ്റിൽ നിന്നും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പരിധിയിലുള്ള മുഴുവൻ വ്യാപാരികളുടെയും, കമ്പനികളുടെയും, തൊഴിൽ നികുതി അടയ്ക്കാൻ ബാദ്ധ്യസ്ഥരായ വ്യക്തികളുടെയും പേരു വിവരങ്ങൾ അടങ്ങിയ രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.

തൊഴിൽനികുതി ഡിമാന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയതു പ്രകാരം 76 സ്ഥാപനങ്ങളാണ് തൊഴിൽ നികുതി റിട്ടേണുകൾ സമർപ്പിച്ച നികുതി അടവാക്കുന്നത്. വ്യാപാരികളെ സംബന്ധിച്ചുള്ള ട്രേഡേഴ്സ് രജിസ്റ്റർ പ്രകാരം 216 സ്ഥാപനങ്ങളും, ഡി&ഒ രജിസ്റ്റർ പ്രകാരം 478 സ്ഥാപനങ്ങളും പാരാമെഡിക്കൽ രജിസ്ട്രേഷൻ രജിസ്റ്റർ പ്രകാരം 12 സ്ഥാപനങ്ങളും

പ്രവർത്തിക്കുന്നതായി കാണുന്നു. ലൈസൻസ് പുതുക്കുന്ന മുറയ്ക്ക് സ്ഥാപനഉടമയിൽ നിന്നും അദ്ദേഹത്തിന് ബാധകമായ നികുതി ഈടാക്കി വരികയാണ് ചെയ്തു വരുന്നത്.

ഗ്രാമപഞ്ചായത്തിൽ ലൈസൻസ് അനുവദിച്ച മുഴുവൻ സ്ഥാപനഉടമകളോടും സ്ഥാപനത്തിലെ ജീവനക്കാരുടെ വിശദാംശങ്ങൾ രേഖപ്പെടുത്തിയ തൊഴിൽ നികുതി റിട്ടേണുകൾ സമർപ്പിക്കുന്നതിന് നോട്ടീസ് നൽകിയതായി കാണുന്നില്ല.

ഉദാഹരണമായി അശ്വനി ലാബ് എടമുട്ടം സമർപ്പിച്ച പാരാമെഡിക്കൽ രജിസ്ട്രേഷൻ അപേക്ഷയിൽ സ്ഥാപനത്തിൽ 4 ജീവനക്കാർ തൊഴിൽ ചെയ്യുന്നതായി സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. എന്നാൽ മേൽപ്പറഞ്ഞ സ്ഥാപനഉടമയിൽ നിന്നും ജീവനക്കാരുടെ ലിസ്റ്റ് ആവശ്യപ്പെട്ട് നോട്ടീസ് അയയ്ക്കുകയോ, തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല.

ഡി & ഒ ലൈസൻസ് അനുവദിച്ച മുഴുവൻ സ്ഥാപനഉടമകളിൽ നിന്നും ജീവനക്കാരുടെ ലിസ്റ്റ് ശേഖരിച്ച് തൊഴിൽ നികുതി അടയ്ക്കാൻ ബാദ്ധ്യസ്ഥരായ മുഴുവൻ ജീവനക്കാർക്കും ഡിമാന്റ് നോട്ടീസ് നൽകേണ്ടതും, തൊഴിൽ നികുതി ഇനത്തിൽ വരുമാനം വർദ്ധിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

(ബി)തൊഴിൽനികുതി നിർണ്ണയിച്ചതിലെ (റിട്ടേണിലെ)അപാകതകൾ.

2017-18 സാമ്പത്തികവർഷം തൊഴിൽ നികുതി അടവാക്കിയ മണപ്പുറം ഫൈനാൻസ് ലിമിറ്റഡ് എന്നസ്ഥാപനത്തിനു കീഴിൽ പ്രവർത്തിക്കുന്ന എല്ലാ ജീവനക്കാരുടെയും (സ്ഥാപനത്തിന്റെ 25.8.17 ലെ തൊഴിൽ നികുതി സ്റ്റേറ്റ്മെന്റ് പ്രകാരം 784 ജീവനക്കാരുടെയും) തൊഴിൽ നികുതി വലപ്പാട് ഗ്രാമപഞ്ചായത്തിൽ ആണ് അടവാക്കിവരുന്നത്. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ഈ സ്ഥാപനത്തിന്റെ ബ്രാഞ്ച് – ഉപസ്ഥാപനങ്ങളുടെ നികുതി റിട്ടേണുകൾ പരിശോധിച്ചതിൽ മണപ്പുറം ഹെൽത്ത്കെയർ ലിമിറ്റഡ്, മണപ്പുറം ജ്വല്ലേഴ്സ് ലിമിറ്റഡ് (എ.ഒ), മണപ്പുറം അസറ്റ് ഫൈനാൻസ് ലിമിറ്റഡ്, മണപ്പുറം ഫൗണ്ടേഷൻ എന്നീ സ്ഥാപനങ്ങളുടെ ആദ്യപാദ അർദ്ധവാർഷികവരുമാനം കണക്കാക്കിയതിൽ അപാകതകൾ കാണുന്നുണ്ട് ഏതാനും ഉദാഹരണങ്ങൾ സഹിതം വിശദാംശം താഴെ ചേർക്കുന്നു.

| ക്രമനം | empcode/പേര് | ജോലി | ബേസിക് | ഡിഎ | ഗ്രോസ്സ് സാലറി | കണക്കാക്കിയ അർദ്ധ വാർഷീക വരുമാനം | റിമാർക്ക്സ് | ഈടാക്കിയത് |
|---|---|---|---|---|---|---|---|---|
| 1 | 27196-സംഗീത | ജൂനി.അസിസ്റ്റന്റ് | 9000 | 0 | 9000 | 27000 | ജോലി പിരീഡ് വ്യക്തമാക്കിയിട്ടില്ല | 180 |
| 2 | 61686-സിനിമോൾ കെ എസ് | ജൂനി.ഓഫീസർ | 7900 | 3934 | 11834 | 35502 | "കണക്കാക്കിയ അർദ്ധ വാർഷീക വരുമാനം വ്യത്യാസമുണ്ട് | 600 |
| 3 | 27101-റിതിൻ പി ജെ | സീനി.അസിസ്റ്റന്റ് | 7000 | 4382 | 11382 | 16092 | " | 120 |
| 4 | 24706-സജിത്ത് ഇ ഡി | ജൂനി.ഓഫീസർ | 7000 | 4382 | 11382 | 25877 | " | 180 |
| 5 | 23502-ശങ്കരനാരായണൻ | ഫീൽഡ് അസിസ്റ്റന്റ് | 7500 | 4382 | 11882 | 35356 | " | 300 |
| 6 | 27096-പ്രിഗി ശ്രീകുമാർ | ജൂനി.അസിസ്റ്റന്റ് | 9800 | 4382 | 14182 | 37770 | " | 300 |
| 7 | 89626-ഷീന കെ പി | ഹൗസ് കീപ്പിംഗ് അസിസ്റ്റന്റ് | 3700 | 4382 | 8082 | 49908 | " | 450 |
| 8 | 27190-കിഷോർ കുമാർ | -(വലപ്പാട് ജ്വല്ലറി) | 12000 | 4382 | 16382 | 78912 | " | 750 |
| 9 | 25438-ബിജോയ് ടി ബി | സീനി.അസിസ്റ്റന്റ് | 7400 | 4382 | 11782 | 109429 | " | 1000 |
| 10 | 21055-ഹെൻസി | അസി.ജനറൽ | 25600 | 4382 | 29982 | 7631 | " | 0 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | സി ജോൺ | മാനേജർ | | | | | | |
| 11 | 51098-ഷാജു മോൻ ടി | ജൂനി.ഓഫീസർ | 8000 | 4382 | 12382 | 115384 | “ | 1000 |
| 12 | 21952-ശോഭ ശേഖർ | അസി.മാനേജർ | 12815 | 4756 | 17571 | 102174 | “ | 1000 |
| 13 | 26803-ജിഷാദ് പി വൈ | ജൂനി.ഓഫീസർ | 7000 | 4507 | 11123 | 42204 | “ഗ്രോസ്സ് സാലറി കണക്കാക്കിയതിലും വ്യത്യാസം | 300 |
| 14 | 27188-ആതിര രാജ് | “ | 10550 | 4507 | 4857 | 64549 | “ഗ്രോസ്സ് സാലറി കണക്കാക്കിയതിലും വ്യത്യാസം | 600 |

അർദ്ധവാർഷിക പത്രികകൾ സമർപ്പിക്കുമ്പോൾ ആയവ യഥാവിധം പരിശോധിക്കപ്പെടുന്നില്ല എന്നാണ് മേൽപറഞ്ഞ ജീവനക്കാരുടെ തൊഴിൽനികുതി കുറവായി ഈടാക്കിയതിലൂടെ വ്യക്തമാകുന്നത്.

## 2-5 ലൈവ് സ്റ്റോക്ക് ചട്ടപ്രകാരം ലൈസൻസെടുക്കാതെ ഫാം പ്രവർത്തിക്കുന്നു

ലൈവ് സ്റ്റോക്ക് ഫാമുകൾ സ്ഥാപിക്കുന്നതും നടത്തുന്നതും അസഹ്യതയുളവാക്കുന്ന പ്രവൃത്തി ആയതിനാൽ 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 232-ാം വകുപ്പ് ഉപചട്ടം 2 പ്രകാരം ഗ്രാമപഞ്ചായത്തിൽ നിന്നും ലൈസൻസ് ആവശ്യമാണ് എന്നാൽ 30.10.18 ൽ ഓഡിറ്റിന്റെ ഭാഗമായി നടത്തിയ പ്രാദേശിക സ്ഥലപരിശോധനയിൽ കോതകുളം 17-ാം വാർഡ് കെട്ടിട നം 102 നോട് ചേർന്ന് ശ്രീ സാലിക്ക് ചന്ദനപറമ്പിൽ എന്ന വ്യക്തിയുടെ ഉടമസ്ഥതയിൽ 75 ഓളം പശുക്കൾ ഉള്ള ഒരു പശുഫാം നടത്തിവരുന്നതായി ശ്രദ്ധയിൽപ്പെട്ടിരുന്നു. പഞ്ചായത്ത് ഡി ആന്റ് ഓ മറ്റു രേഖകൾ പരിശോധിച്ചതിൽ നിന്നു നൽകിയ ഓഡിറ്റ് അന്വേഷണം 27/31.10.18 ന ലഭിച്ച മറുപടിയിൽ പഞ്ചായത്ത് മേൽപ്പറഞ്ഞ ഫാമിന് ക്ലാസ്സ് 3 തരത്തിൽ ഉൾപ്പെടുത്തി 2012 ലെ കേരള പഞ്ചായത്ത് രാജ് (ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടപ്രകാരം ലൈസൻസ് ഇഷ്യൂ ചെയ്തിട്ടില്ല എന്നു വ്യക്തമാക്കിയിട്ടുണ്ട്.

അഞ്ചിൽ കൂടുതൽ കന്നുകാലികളെ വളർത്തുന്ന ഓരോ ലൈവ് സ്റ്റോക്ക് ഫാമും 2012 ലെ കേരള പഞ്ചായത്ത് രാജ് (ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുള്ള നിബന്ധനങ്ങൾക്ക് അനുസൃതമായി പ്രവർത്തിക്കേണ്ടതാകുന്നു. പഞ്ചായത്തിനുള്ളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ കുറിച്ചുള്ള വിവരം ഗ്രാമപഞ്ചായത്തിലുണ്ടാകേണ്ടതാണ്. അനധികൃത പ്രവർത്തനങ്ങളെ കണ്ടെത്താവുന്നതും ചട്ടപ്രകാരമുള്ള നടപടി സ്വീകരിക്കാവുന്നതുമാണ്.

## 2-6 ലേല വരവ് - ഫയലുകൾ പൂർണ്ണമായി ഓഡിറ്റിന് ലഭ്യമാക്കിയില്ല

1)2017-18 ലേലം രജിസ്റ്റർ പ്രകാരം 4.4.17 ന സെയിൽ ഓഫ് സ്ക്രാപ്പ് ഇനത്തിൽ ശ്രീ പ്രകാശൻ പറങ്ങാട്ടിൽ എന്ന വ്യക്തി ലേലം കൊണ്ടയിനത്തിൽ 2500/- രൂപ വരവുണ്ട് (11704010070,71/4.4.17) എന്നാൽ ഇതു സംബന്ധിച്ച് ലേലഫയൽ ഓഡിറ്റിനു ലഭ്യമാക്കിയിട്ടില്ല. (ഓഡിറ്റ് എൻക്വയറി നം 25/30.10.18)

2)ലേല രജിസ്റ്റർ പ്രകാരം 8-ാം വാർഡ് കാന നിർമ്മാണം – മൈത്രി റോഡ് മണ്ണ് ലേലം നടത്തിയ വകയിൽ 8000/-രൂപ വരവുണ്ട് എന്നാൽ ഇതു സബന്ധിച്ച് മണ്ണിന്റെ വാല്യുവേഷൻ ഫയൽ ലഭ്യമാക്കിയില്ല. 20.1.18 ന നടത്തിയ മണ്ണു ലേലം വിളി ശരിയായ രീതിയിൽ അല്ല ലേലം ഡയറിയിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ലേലം ആരംഭിച്ച തുക 8000/-എന്ന് രേഖപ്പെടുത്തിയിട്ട്, വിളിക്കുന്നത് എഴുതിയിട്ടുള്ളത് അവരോഹണക്രമത്തിൽ ആണ്. 8000/-രൂപയാണ് ഈ ഇനത്തിൽ വരവ് വന്നിട്ടുള്ളത്. ലേലം ഡയറി തയ്യാറാക്കിയതിന്റെ വിശ്വാസ്യത ചോദ്യം ചെയ്യപ്പെടാൻ ഇത് ഇടയാക്കും ഇതു. സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിനു (നം 25/30.10.18 )മറുപടി ലഭ്യമാക്കിയിട്ടില്ല.

## 2-7 വസ്തു നികുതി ഫയൽ പരിശോധന -അപാകതകൾ

വസ്തു നികുതി സംബന്ധിച്ച ഫയൽ പരിശോധനയിൽ കണ്ട അപാകതകൾ താഴെ ചേർക്കുന്നു
1)ഫയൽ നം A3 4118/17

ശ്രീമതി ബിൻസി ദിനേശ്കുമാർ വാഴക്കുളത്ത് എന്നിവരുടെ 17.6.17 ലെ കെട്ടിട നമ്പറിനും ഓണർഷിപ്പ് സർട്ടിഫിക്കറ്റിനുമുള്ള അപേക്ഷ പ്രകാരം പൂർത്തീകരിച്ച കെട്ടിട പ്ലാൻ അനുസരിച്ച് 199.35m2 പ്ലിന്ത് ഏരിയക്കുള്ള കെട്ടിടത്തിനു V/228Aഎന്ന കെട്ടിടനം. അനുവദിച്ചു നൽകിയിട്ടുണ്ട്. എന്നാൽ റഗുലറൈസേഷൻ ഫീ പുതിയ പെർമ്മിറ്റിനെന്ന പോലെ ഈടാക്കിയിട്ടില്ല. ഈടാക്കിയ ഫീ 199.35*6=1197/- പെർമ്മിറ്റ് ഫീ അടക്കം ഈടാക്കേണ്ടിയിരുന്നത് 1794/-രൂപ, 597രൂപ കുറവ്.

2)ഫയൽ നം A3-2835/17

ശ്രീ രാജീവ് ഭാര്യ ബിന്ദു ഏരച്ചൻ വീട് എന്നവരുടെ A2 5269/15 തീ 8.9.15 നമ്പർ പെർമിറ്റ് പ്രകാരം നിർമ്മിച്ച കെട്ടിടത്തിനു കെട്ടിടം നമ്പർ അനുവദിക്കുന്നതിനുള്ള 20.4.17ലെ അപേക്ഷയോടൊപ്പം സമർപ്പിച്ച പൂർത്തീകരിച്ച കെട്ടിട പ്ലാൻ അനുസരിച്ച് 152.12m2 പ്ലിന്ത് ഏരിയക്കുള്ള കെട്ടിടത്തിനു XIX/280Aഎന്ന കെട്ടിടനം.അനുവദിച്ചു നൽകിയിട്ടുണ്ട്. എന്നാൽ പെർമ്മിറ്റ് സമയത്തെ പ്രൊപ്പോസ്ഡ് പ്ലാൻ പ്രകാരം പ്ലിന്ത് ഏരിയ 148.12m2 ഉം പൂർത്തീകരിച്ചതിനു ശേഷമുള്ള ഓവർസീയറുടെ പരിശോധന റിപ്പോർട്ട് പ്രകാരം 156.12m2 ഉം(GF=133m2+8m2,FF15.12m2) ആണ്. പരിശോധന റിപ്പോർട്ട് പ്രകാരമുള്ള പൂർത്തീകരിച്ച പ്ലിന്ത് ഏരിയ 156.12m2 ശരിയെങ്കിൽ 8m2 റഗുലറൈസ് ചെയ്ത് 54 രൂപ ഫീ ഈടാക്കേണ്ടിയിരുന്നത് ഈടാക്കിയിട്ടില്ലഅതനുസരിച്ചുള്ള കെട്ടിട നികുതി അസസ്സ് ചെയ്തു ഡിമാന്റ് ചെയ്യേണ്ടതാണ്.

3.ഫയൽ നം A3 4332/17

ശ്രീ ഷക്കീർ ചുള്ളിക്കാട്ടിൽ എന്നവരുടെ 6361/16 തീ 24.3.17 നമ്പർ പെർമിറ്റ് പ്രകാരം നിർമ്മിച്ച കെട്ടിടത്തിനു കെട്ടിടം നമ്പർ അനുവദിക്കുന്നതിനുള്ള 28.6.17ലെ അപേക്ഷയോടൊപ്പം സമർപ്പിച്ച പൂർത്തീകരിച്ച കെട്ടിട പ്ലാൻ അനുസരിച്ച് 111.8m2 പ്ലിന്ത് ഏരിയക്കുള്ള കെട്ടിടത്തിനു XV/173Aഎന്ന കെട്ടിടനം. അനുവദിച്ചു നൽകിയിട്ടുണ്ട്. എന്നാൽ പൂർത്തീകരിച്ച സൈറ്റ് പ്ലാൻ, എ ഇ യുടെ റിപ്പോർട്ട് എന്നിവ പ്രകാരം 118.68m2 ആണ് പ്ലിന്ത് ഏരിയ. മാത്രമല്ല 111.8m2 പ്ലിന്ത് ഏരിയക്ക് 168 രൂപയാണ് പെർമ്മിറ്റ് ഫീ ഈടാക്കിയിട്ടുള്ളത്. 111.8*3=335.4 രൂപയാണ് 24.3.17 ൽ പെർമ്മിറ്റ് ഫീ ഈടാക്കേണ്ടിയിരുന്നത്.167.4 രൂപ കുറവ്. കൂടാതെ റഗുലറൈസ് ചെയ്യുതിലേക്ക് 6.88*6 =41.28 രൂപയും ഫീ ആയി ഈടാക്കേണ്ടതാണ്.

4.ഫയൽ നം 4624/17

ശ്രീ അസീസ് കുട്ടങ്ങപറമ്പിൽ എന്നവരുടെ 11.7.17ലെ അപേക്ഷ പ്രകാരം 139.8m2 പ്ലിന്ത് ഏരിയക്കുള്ള കെട്ടിടത്തിനു XV/416Aഎന്ന കെട്ടിടനം. അനുവദിച്ചു നൽകിയിട്ടുണ്ട്. എന്നാൽ ടി വ്യക്തിയുടെ കെട്ടിട ഫയൽ പരിശോധനയിൽ പൂർത്തീകരണ സർട്ടിഫിക്കറ്റ്, പൂർത്തീകരിച്ച കെട്ടിടത്തിന്റെ സൈറ്റ് പ്ലാൻ എന്നിവ ചേർത്തിട്ടില്ല. പ്രൊപ്പോസ്ഡ് പ്ലാനും ലഭ്യമല്ല. 11.7.17 ൽ എ 5 KPBR /8005/2013 എന്ന പ്രകാരം ആണ് കെട്ടിടം പൂർത്തിയാക്കിയതെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നു പൂർത്തീകരിച്ചതെന്ന് വ്യക്തമല്ല. ഫയലിൽ ചേർത്തിട്ടുള്ള പ്ലാൻ കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണ ചട്ടങ്ങൾ 2011, ചട്ടം 139 അനുസരിച്ച് തയ്യാറാക്കിയിട്ടുള്ളതല്ല. ചട്ടം 11 അനുസരിച്ചിട്ടുള്ള നടപടിക്രമങ്ങൾ പാലിക്കപ്പെടേണ്ടതാണ്

5)ഫയൽ നം A3 4506/17

ശ്രീ ജോർജ് & ഷീജ തട്ടിൽവട്ടക്കണ്ണാടി എന്നിവരുടെ 4.7.17 ലെ കെട്ടിട നമ്പറനുവദിക്കുന്നതിനുള്ള അപേക്ഷ പ്രകാരം പൂർത്തീകരിച്ച കെട്ടിട പ്ലാൻ അനുസരിച്ച് 131.28m2 പ്ളിൻത്ത് ഏരിയക്കുള്ള കെട്ടിടത്തിനു I/180Aഎന്ന കെട്ടിടനം. അനുവദിച്ചു നൽകിയിട്ടുണ്ട്. എന്നാൽ റഗുലറൈസേഷൻ ഫീ പുതിയ പെർമ്മിറ്റിനെന്ന പോലെ ഈടാക്കിയിട്ടില്ല. ഈടാക്കിയ ഫീ 131.28*6=788/- പെർമ്മിറ്റ് ഫീ അടക്കം ഈടാക്കേണ്ടിയിരുന്നത് 1182/-രൂപ, 394രൂപ കുറവ്.

6.ഫയൽ നം A5 3477/17

ശ്രീ ആന്റണി പൗലോസ് നീലങ്കാവിൽ എന്നവരുടെ കെട്ടിടത്തിനു കെട്ടിടം നമ്പർ അനുവദിക്കുന്നതിനുള്ള 29.4.17ലെ അപേക്ഷ പൂർത്തീകരിച്ച കെട്ടിട പ്ളാൻ അനുസരിച്ച് 149m2 പ്ളിൻത്ത് ഏരിയക്കുള്ള കെട്ടിടത്തിനു V/230Aഎന്ന കെട്ടിടനം. അനുവദിച്ചു നൽകിയിട്ടുണ്ട്. എന്നാൽ BA 9295/16 4.3.16പെർമ്മിറ്റ് പ്രകാരം 102.9m2 പ്ലിന്ത് ഏരിയക്കാണ് പെർമ്മിറ്റ് അനുവദിച്ച് ഫീ ഈടാക്കിയിട്ടുള്ളത് ബാക്കിയുള്ള പ്ലിന്ത് ഏരിയ 47m2 റഗുലറൈസ് ചെയ്ത് 47*6=282 രൂപ ഫീ ഈടാക്കേണ്ടിയിരുന്നതിനു പകരം 141/- രൂപയാണ് ഈടാക്കിയിട്ടുള്ളത്, കുറവ് 141/- രൂപ.
മേൽകൊടുത്തിരിക്കുന്ന അപാകതകൾക്ക് ഓഡിറ്റ് അന്വേഷണം (32/31.10.8) നൽകിയെങ്കിലും മറുപടി ലഭ്യമാക്കുകയുണ്ടായില്ല.

## 2-8 അഗ്നിശമനസുരക്ഷ ഉറപ്പാക്കാതെ കെട്ടിടനിർമ്മാണാനുമതി

2017-18 സാമ്പത്തിക വർഷം കെട്ടിടനിർമ്മാണാനുമതി നൽകിയ താഴെപറയുന്ന

G1 കാറ്റഗറിയിൽപ്പെടുന്ന കെട്ടിടങ്ങൾക്ക് അഗ്നിശമനസുരക്ഷ വകുപ്പിൽ നിന്നുള്ള നിരാക്ഷേപത്രത്തിന്റെ അഭാവത്തിൽ നിർമ്മാണാനുമതി നൽകിയിരിക്കുന്നു.

| പെർമിറ്റ് നമ്പർ | കെട്ടിട ഉടമ | വിസ്തീർണ്ണം (m2) |
|---|---|---|
| 3690/23.07.17 | ബിൻഷ ജോഷി | 130.23 |
| 4174/20.11.17 | ഹേമ, നെടിയിരുപ്പിൽ | 49.28 |

കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണ ചട്ടങ്ങൾ ചട്ടം 59 11(a) പ്രകാരം വ്യവസായിക കൈവശ ഗണത്തിന്റെ കാര്യത്തിൽ പെർമിറ്റ് നൽകുന്നതിന് മുമ്പ് അഗ്നിശമന ഡയറക്ടറിൽ നിന്നോ ഇതിനായി അധികാരപ്പെടുത്തിയ ഓഫീസറിൽ നിന്നോ അംഗീകാര സർട്ടിഫിക്കറ്റ് വാങ്ങി ഹാജരാക്കേണ്ടതാണ്. ആയത് ഉറപ്പാക്കി നിർമ്മാണാനുമതി നൽകുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 2-9 ക്രമവൽക്കരണ ഫീ കണക്കാക്കുന്നതിൽ വ്യത്യാസം

ബിൽഡിങ്ങ് പെർമിറ്റിനായി ഉപയോഗിച്ചു വരുന്ന സങ്കേതം സോഫ്റ്റ്‌വെയറിൽ ക്രമവൽക്കരണ ഫീസായി രാജിയാക്കൽ ഫീസ് മാത്രമാണ് കണക്കാക്കുന്നത്. പെർമിറ്റ് എടുക്കാതെയുള്ള നിർമമാണത്തിന് ക്രമവൽക്കരണ ഫീസായി രാജിയാക്കൽ ഫീസും പെർമിറ്റ് ഫീസും ഗ്രാമപഞ്ചായത്തിൽ ഈടാക്കുന്നുണ്ട് ( വകുപ്പ് സെക്രട്ടറിയുടെ 229813/ആർ.ഡി2 /15/തസ്വഭവ കത്ത് പ്രകാരം ). ആയതിനാൽ സങ്കേതം സോഫ്റ്റ് വെയർ പ്രകാരമുള്ള ഡിമാന്റ് തുകയും വാർഷിക കണക്കു തയ്യാറാക്കുന്ന സാംഖ്യ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഡിമാന്റ്, കളക്ഷൻ തുകയും വ്യത്യാസപ്പെട്ടിരിക്കുന്നു.

വ്യത്യാസത്തിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 24/30.10.2018 ന് ഈ അപാകത പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടെന്നാണ് മറുപടി ലഭിച്ചത്. ആയതിന്മേൽ സ്വീകരിക്കുന്ന തുടർ നടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-10 വ്യത്യസ്ത നിരക്കിൽ വസ്തുനികുതി നിർണ്ണയം

ഗ്രാമപഞ്ചായത്തിലെ IV/662 നമ്പർ 250.68 m2 കെട്ടിടം കൊമേഴ്സ്യൽ (മണപ്പുറം ഹെൽത്ത് കെയർ ക്ലിനിക്ക്) ആവശ്യത്തിന് തരം മാറ്റി നൽകിയിട്ടുള്ളതാണ്. എന്നാൽ കെട്ടിടത്തിന് നികുതി നിശ്ചയിച്ചിരിക്കുന്നത് ആശുപത്രി കെട്ടിടങ്ങൾക്ക് ബാധകമായ ച.മി ന് 7 രൂപ നികുതി നിരക്കിലാണ്. എന്നാൽ 100m2 ന് മുകളിലുള്ള വാണിജ്യാവശ്യത്തിന് ബാധകമായ നികുതി നിരക്ക് ച.മി ന് 60രൂപ യാണ്. കൊമേഴ്സ്യൽ കാറ്റഗറിയിൽപെടുന്ന ടി കെട്ടിടത്തിന് ആശുപത്രി കെട്ടിടങ്ങൾക്ക് ബാധകമായ നിരക്കിൽ നികുതി നിർണ്ണയം നടത്തിയതിന് വിശദീകരണം നൽകേണ്ടതാണ്.

IV/660 നമ്പർ 72 m2 കെട്ടിടത്തിന് (മാകെയർ ക്ലിനിക്ക്) നികുതി നിശ്ചയിച്ചിരിക്കുന്നത് ആശുപത്രി കെട്ടിടങ്ങൾക്ക് ബാധകമായ ച.മി ന് 7 രൂപ നികുതി നിരക്കിലാണ്. പരാമെഡിക്കൽ രജിസ്ട്രേഷൻ രജിസ്റ്ററിൽ ഈ സ്ഥാപനങ്ങൾ ആശുപത്രിയായി രജിസ്റ്റർ ചെയ്തിട്ടില്ല. എന്നാൽ IV/658 നമ്പർ 32 m2 (മാകെയർ ഡെന്റൽ ക്ലിനിക്ക്)ന് വാണിജ്യാവശ്യത്തിനുള്ള 30 രൂപ നിരക്കിലാണ് വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കുന്നത്. ക്ലിനിക്ക് എന്ന് രേഖപ്പെടുത്തിയിരിക്കുന്ന കെട്ടിടങ്ങൾക്ക് വ്യത്യസ്ത നിരക്കിൽ നികുതി നിർണ്ണയിച്ചിരിക്കുന്നതിന് വിശദീകരണം നൽകേണ്ടതും കൃത്യമായ രീതിയിൽ നികുതി നിർണ്ണയിച്ച് വിവരം അറിയിക്കേണ്ടതുമാണ്.

# ഭാഗം-3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

സെക്രട്ടറി നിർവ്വഹണഉദ്യോഗസ്ഥനായി നടപ്പാക്കിയ താഴെ പറയുന്ന പദ്ധതികൾക്കായി തുക പിൻവലിച്ച് നൽകിയിട്ടുണ്ട്. എന്നാൽ വിനിയോഗസാക്ഷ്യ പത്രം ഹാജരാക്കിയിട്ടില്ല.

| ക്രമനം. | പദ്ധതി | തുക | ബിൽ നം./തിയതി | തുക കൈപറ്റിയ സ്ഥാപനം |
|---|---|---|---|---|
| 1 | 1/18ഐ.എം.എ.ബ്ലഡ് ബാങ്ക് ഗ്രാമപഞ്ചായത്ത് വിഹിതം | 100000 | 44/17-18/ 23.8.17 | ജില്ലാ പഞ്ചായത്ത് |
| 2 | 88/18ഭിന്നശേഷിക്കാർക്കുള്ള പഞ്ചായത്ത് വിഹിതം. | 50000 | 45/17-18/ 23.8.17 | ജില്ലാ പഞ്ചായത്ത് |
| 3 | 93/18എ.ബി.സി. പ്രോജക്ട് | 25000 | 46/17-18 /23.8.17 | ജില്ലാ പഞ്ചായത്ത് |
| 4 | 92/18 വിവിധ വാർഡുകളിൽ വൈദ്യുത ലൈൻ ദീർഘിപ്പിക്കൽ. | 263315 | 16/17-18/ 29.1.18 | അസി.എഞ്ചി. കൈപമംഗലം ഇല.സെക്ഷൻ |
| | | 981945 | 15/17-18/ 29.1.18 | അസി.എഞ്ചി. വലപ്പാട് ഇല.സെക്ഷൻ |
| | | 120978 | 24/17-18/ 26.1.18 | അസി.എഞ്ചി. തൃപ്രയാർ ഇല.സെക്ഷൻ |
| 5 | 97/18 പാട്ടുകുളങ്ങര കോളനിയിൽ സ്ട്രീറ്റ് ലൈൻ മാറ്റി സ്ഥാപിക്കൽ | 43617 | 17/17-18/ 29.1.18 | അസി.എഞ്ചി. കൈപമംഗലം ഇല.സെക്ഷൻ |
| | | 1584855 | | |

മേൽ പ്രകാരം തുക നൽകിയതിന്റെ വിനിയോഗ, പൂർത്തീകരണ സാക്ഷ്യ പത്രങ്ങൾ ലഭിച്ചിട്ടില്ല. വൈദ്യുതി ലൈൻ ദീർഘിപ്പിക്കൽ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ ചെലവു തുക 158485 രൂപ തടസ്സപ്പെടുത്തുന്നു. പദ്ധതികൾ പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രങ്ങൾ ലഭ്യമാക്കി തടസ്സം തീർപ്പാക്കാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. പ്രവൃത്തികൾ സമയബന്ധിതമായി നടപ്പാക്കുന്നതിന് ആവശ്യമായ ഇടപെടലുകൾ പഞ്ചായത്തിന്റെ ഭാഗത്തു നിന്നും ഉണ്ടാകേണ്ടതാണ്. ഇക്കാര്യത്തിൽ ഭരണസമിതിയുടെ ശ്രദ്ധക്ഷണിക്കുന്നു.

## 3-2 2017-18 വർഷത്തെ പദ്ധതി രൂപീകരണം, നിർവ്വഹണം, മോണിറ്ററിംഗ് - ഓഡിറ്റ് നിരീക്ഷണങ്ങൾ

സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കൽ, വർക്കിംഗ് ഗ്രൂപ്പ് പ്രവർത്തനങ്ങൾ.

ഗ്രാമ പഞ്ചായത്തിന്റെ 2017-18 വർഷത്തെ പദ്ധതികൾ രൂപീകരിക്കുന്നതിനായി വിവിധ വർക്കിങ്ങ് ഗ്രൂപ്പുകളിൽ ചർച്ച ചെയ്യുന്നതിനും നാളിതുവരെയുള്ള പദ്ധതി പ്രവർത്തനങ്ങളുടെ പുരോഗതി/തൽസ്ഥിതി/പോരായ്മകൾ എന്നിവയെ അപഗ്രഥിച്ച് പ്രോജക്ടുകളിൽ ആവശ്യമായ മാറ്റങ്ങൾ ഉൾപ്പെടുത്തുന്നതിനുമായി സ്റ്റാറ്റസ് റിപ്പോർട്ടുകൾ വിഷയ

അടിസ്ഥാനത്തിൽ തയ്യാറാക്കുന്നതിന് സർക്കാർ നിർദ്ദേശിച്ചിരുന്നു. കില തയ്യാറാക്കി നൽകിയ മാതൃകയിൽ സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കി കാണുന്നുണ്ടെങ്കിലും വർക്കിങ്ങ് ഗ്രൂപ്പ് അടിസ്ഥാനത്തിൽ സ്റ്റാറ്റസ് റിപ്പോർട്ടുകളെ അടിസ്ഥാനമാക്കി പ്രോജക്ടുകളെ വിലയിരുത്താനോ പ്രോജക്ടുകളുടെ പ്രായോഗിക ക്ഷമത നിർണ്ണയിക്കുവാനോ വർക്കിങ്ങ് ഗ്രൂപ്പുകൾക്ക് സാധിച്ചിട്ടില്ല. പദ്ധതി തയ്യാറാക്കുന്നതുമായി നടന്ന ചർച്ചകളിൽ രൂപപ്പെട്ട നിർദ്ദേശങ്ങൾ വിവിധ വർക്കിംഗ് ഗ്രൂപ്പ് മിനിറ്റ്സിൽ രേഖപ്പെടുത്തിയിട്ടുണ്ട്. അന്തിമ പദ്ധതി തയ്യാറാക്കുന്നതിന്റെ ഭാഗമായി ഓരോ സ്റ്റാന്റിങ്ങ് കമ്മിറ്റിയും വർക്കിങ്ങ് ഗ്രൂപ്പുകളെക്കൊണ്ട് വിശദമായ പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിനും, ഓരോ പ്രോജക്ടിന്റേയും യുക്തിഭദ്രത, പ്രായോഗികത, നിയമസാധുത, വിജയസാധ്യത എന്നിവ വർക്കിങ്ങ് ഗ്രൂപ്പുകൾ ചർച്ച ചെയ്ത് ഉറപ്പു വരുത്തുന്നതിനും, 29.03.17-ലെ സ.ഉ.(എം.എസ്.)72/17 ത.സ്വ.ഭ.വ. ഉത്തരവിൽ നിർദ്ദേശിച്ചിരുന്നു. വികസന സെമിനാറിനു ശേഷം അന്തിമ പദ്ധതിക്ക് രൂപം നൽകുന്നതിന്റെ ഭാഗമായി സ്റ്റാന്റിങ്ങ് കമ്മിറ്റി നിർദ്ദേശാനുസരണം വർക്കിങ്ങ് ഗ്രൂപ്പ് ചേർന്ന് കരട് പ്രോജക്ടുകളിൽ പരിശോധന നടത്തിയാണ് അന്തിമ പദ്ധതി രേഖ തയ്യാറാക്കേണ്ടതെങ്കിലും ഇത്തരം പ്രോജക്ട്തല പരിശോധനകൾ വർക്കിങ്ങ് ഗ്രൂപ്പുകളിൽ നടത്തിയിട്ടില്ല.

പദ്ധതി രൂപീകരണത്തിലെ സ്റ്റാന്റിങ്ങ് കമ്മിറ്റികളുടെ ഇടപെടൽ

29.03.17-ലെ ജി.ഒ. (എം.എസ്.)72/17 ത.സ്വ.ഭ.വ. ഉത്തരവ് അനുബന്ധം 3 പ്രകാരം പദ്ധതി ആസൂത്രണത്തിൽ സ്റ്റാന്റിങ്ങ് കമ്മിറ്റികളുടെ ചുമതലകൾ എന്തെന്നു വ്യക്തമാക്കിയിട്ടുണ്ട്. ഇതു പ്രകാരം വർക്കിങ്ങ് ഗ്രൂപ്പുകളുടെ രൂപീകരണം മുതൽ പദ്ധതി അംഗീകരിച്ചു കിട്ടുന്നതുവരെയുള്ള ആസൂത്രണ നടപടികൾ യഥാസമയം ഫലപ്രദമായി നടത്തുന്നതിനാവശ്യമായ മുന്നൊരുക്കങ്ങളും, ഇടപെടലുകളും നടത്തേണ്ടത് വികസന സ്റ്റാന്റിങ്ങ് കമ്മിറ്റിയാണ്. അതേസമയം മറ്റു സ്റ്റാന്റിങ്ങ് കമ്മിറ്റികൾ അവരവരുടെ വിഷയ ചുമതലയിൽ വരുന്ന വർക്കിങ്ങ് ഗ്രൂപ്പുകൾ ഫലപ്രദമായി പ്രവർത്തിക്കുന്നതിനു വേണ്ട ഇടപെടലുകൾ നടത്തുന്നതിനും, പ്രോജക്ടുകൾ ബന്ധപ്പെട്ട വർക്കിങ്ങ് ഗ്രൂപ്പുകളുമായി ചർച്ച ചെയ്ത് പ്രോജക്ടുകളുടെ കൃത്യതയും നിയമസാധുതയും ഉറപ്പുവരുത്തി പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണസമിതിയുടെ അംഗീകാരത്തിനായി ശുപാർശ ചെയ്യുകയുമാണ് ചെയ്യേണ്ടത്. എന്നാൽ പ്രോജക്ടു രൂപീകരണത്തിൽ മറ്റു സ്റ്റാന്റിങ്ങ് കമ്മിറ്റികൾ, വർക്കിങ്ങ് ഗ്രൂപ്പുകൾ എന്നിവ ഫലപ്രദമായി പ്രവർത്തിച്ചതായി കാണുന്നില്ല.

പദ്ധതി നിർവ്വഹണം, കാര്യക്ഷമത

2017-18 ൽ ഡി.പി.സി അംഗീകാരം വാങ്ങി വെറ്റിംഗ് പൂർത്തീകരിച്ച പദ്ധതികളിൽ 17എണ്ണം ഉപേക്ഷിക്കുകയും 87 പ്രവൃത്തികൾ 18-19 ലേക്ക് സ്പിൽ ഓവറായി മാറ്റുകയും ചെയ്തിട്ടുണ്ട്. അതേസമയം 2017-18ൽ സ്പിൽ ഓവറായി ഉൾപെടുത്തിയ 70 പദ്ധതികളിൽ 58 എണ്ണം മാത്രമേ പൂർത്തീകരിച്ചിട്ടുള്ളൂ. മുൻ വർഷത്തെ സ്പിൽ ഓവർ പദ്ധതികൾ പോലും പൂർണമായി നടപ്പാക്കാൻ കഴിയാത്തതിനാൽ പദ്ധതികൾ സ്പിൽ ഓവറാക്കി മാറ്റുന്ന പ്രവണത ഒഴിവാക്കേണ്ടതാണ്.

2017-18ൽ രൂപീകരിച്ച 170 പദ്ധതികളിൽ 140എണ്ണവും 31.7.17 നുള്ളിൽ വെറ്റിംഗ് പൂർത്തീകരിച്ചിട്ടുണ്ട്. എന്നാൽ വെറ്റിംഗ് പൂർത്തീകരിച്ച പദ്ധതികൾ പോലും സമയബന്ധിതമായി നടപ്പാക്കുന്നതിന് സാധിച്ചിട്ടില്ല. പദ്ധതി നിർവ്വഹണം സമയബന്ധിതമായി നിർവ്വഹിക്കുന്നതിന്റെ ഭാഗമായി ആദ്യ മൂന്ന് പാദവാർഷികത്തിലും 30% നിരക്കിൽ ചെലവ് ഉറപ്പാക്കണമെന്ന് സർക്കാർ നിർദ്ദേശിച്ചിരുന്നുവെങ്കിലും ഈ നിർദ്ദേശം പാലിച്ചിട്ടില്ല. ഗ്രാമ പഞ്ചായത്തിന്റെ ചെലവു ശതമാനം താഴെ കാണും പ്രകാരമാണ്.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രോജക്ടുകളുടെ എണ്ണം | വകയിരുത്തിയത് | 30/06/17 വരെ (ചെലവ് %) | 30/09/17 വരെ(ചെലവ് %) | 31/12/17വരെ ചെലവ് %) | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| കൃഷി ഓഫീസർ | 8 | 25.5 | 0 | 0 | 99.4 | |
| വെറ്റിനറി സർജൻ | 8 | 27 | 0 | 1.85 | 53.3 | |
| മെ.ഓഫീസർ ആരോഗ്യം | 5 | 16.84 | 34.1 | 40.5 | 51.2 | |
| മെ.ഓഫീസർ ഹോമിയോ | 2 | 3.2 | 0 | 0 | 72.6 | |
| മെഡിക്കൽ ഓഫീസർ ആയുർവേദം | 2 | 28 | 0 | 35.7 | 97.3 | |
| സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 3 | 4.1 | 0 | 0 | 32.2 | |
| വി.ഇ.ഓ | 12 | 86.99 | 1.4 | 10.9 | 52.8 | |

| | | | | | | |
|---|---|---|---|---|---|---|
| ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 5 | 24.62 | 27.7 | 84.1 | 97.8 | |
| സെക്രട്ടറി | 38 | 38.88 | 8.2 | 8.2 | 44.6 | |
| എച്ച്.എം. | 12 | 27 | 34.3 | 34.3 | 68.8 | |
| വി.ഇ.ഓ | 11 | 56.49 | 0 | 0 | 52.3 | |
| അസി.എഞ്ചിനീയർ | 125 | 452.32 | 25.2 | 26.8 | 43.3 | |
| ഡി.എഫ്.ഐ. | 1 | 2.5 | 0 | 0 | 100 | |
| അസി.സെക്രട്ടറി. | 8 | 32.84 | 26 | 28.1 | 84.3 | |
| ആകെ | 240 | 826.31 | | | | |
| ചെലവ് ശതമാനം | | | 17.1 | 21.9 | 53.38 | |

മോണിറ്ററിംഗ്.

പദ്ധതികൾക്ക് അംഗീകാരം ലഭിച്ചതിനുശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി രൂപാന്തരപെട്ട് പ്രവൃത്തി നിർവ്വഹണത്തിന്റെ മോണിറ്ററിംഗ് സമിതികളായി മാറണമെന്നും സമയബന്ധിതമായി പ്രോജക്ടുകൾ പൂർത്തീകരിക്കുന്നതിന്റെ ചാലകശക്തിയായി മാറണമെന്നും നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും ഇത്തരത്തിൽ കാര്യക്ഷമമയി ഇടപെട്ടതായി ഉള്ള രേഖപെടുത്തലുകൾ വർക്കിംഗ് ഗ്രൂപ്പ് മിനിറ്റ്സിൽ രേഖപെടുത്തി കാണുന്നില്ല.
വരും വർഷങ്ങളിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-3 ഗ്രാമപഞ്ചായത്തിലേക്ക് കംപ്യൂട്ടറുകൾ വാങ്ങൽ അഞ്ചു വർഷ വാറണ്ടി ഉറപ്പാക്കണം

പ്രോജക്റ്റ് നം.87/18 പ്രകാരം ഗ്രാമപഞ്ചായത്തിലേക്ക് 6 കംപ്യൂട്ടറുകൾ,7 പ്രിന്ററുകൾ എന്നിവ വാങ്ങിയതിന് കണ്ടിജന്റ് ബിൽ നം. (59 E) 170/21.12.17 പ്രകാരം തനതുഫണ്ടിൽനിന്നും 317037 രൂപ ചെലവഴിച്ചിട്ടുണ്ട്. പഞ്ചായത്തുകൾ കംപ്യൂട്ടറുകൾ അനുബന്ധ ഉപകരണങ്ങൾ എന്നിവ വാങ്ങുന്ന സംഗതികളിൽ 3.7.12ലെ സ.ഉ(സാ)1838/12 ലെ ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം കംപ്യൂട്ടറുകൾക്ക് 5 വർഷ വാറണ്ടിയും പ്രിന്ററുകൾക്ക് 3 വർഷ വാറണ്ടിയും ഉറപ്പാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ പഞ്ചായത്ത് വാങ്ങിയ കംപ്യൂട്ടറുകൾക്ക് 4 വർഷ വാറണ്ടി മാത്രമാണ് ലഭ്യമാക്കി കാണുന്നത്. കംപ്യൂട്ടറുകൾക്ക് 5 വർഷ വാറണ്ടി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 3-4 ഹൈമാസ്റ്റ് ലാമ്പ് റിപ്പയർ - ക്വട്ടേഷൻ ക്ഷണിച്ചതിൽ അപാകത

നിർവ്വഹണ ഉദ്യോഗസ്ഥൻ. സെക്രട്ടറി

പ്രോജക്റ്റ് നം. 256/18 പ്രകാരം വലപ്പാട് ബീച്ചിലെ ഹൈമാസ്റ്റ് ലാമ്പ് റിപ്പയർ ചെയ്യുന്നതിന് 23.11.17ൽ എ3/6537/17 പ്രകാരം ക്വട്ടേഷൻ ക്ഷണിച്ചതനുസരിച്ച് ഒരു ലാമ്പിന് 3330രൂപ രേഖപെടുത്തിയ ഷിജീഷ് കളരിക്കൽ എന്നയാളുടെ കുറഞ്ഞ നിരക്കിലുള്ള ക്വട്ടേഷൻ 19.12.17 ലെ ഭരണ സമിതി 22(1) തീരുമാന പ്രകാരം അംഗീകരിച്ചു. തുടർന്ന് ഗ്രാമപഞ്ചായത്തിൽ സ്ഥാപിച്ചിട്ടുള്ള 5 ഹൈമാസ്റ്റ് ലാമ്പുകളിലെ 20ലാമ്പുകൾ റിപ്പയർ ചെയ്തതിന് 87600രൂപ കരാറുകാരന് ചെക്ക് നം.10066/8.3.18 പ്രകാരം തനതുഫണ്ടിൽ നിന്നും നൽകി. 120w LED ഹൈമാസ്റ്റ് ലാമ്പുകൾ റിപ്പയർ ചെയ്ത് പുനസ്ഥാപിക്കുന്നതിനാണ് കരാറുകാരൻ നിരക്ക് രേഖപെടുത്തിയിരുന്നത്. എന്നാൽ ഇക്കാര്യത്തിൽ ലഭ്യമാക്കിയ ബില്ലുകളിൽ dismantling & erection എന്നയിനത്തിൽ തുക ക്ലെയിം ചെയ്തതായി കാണുന്നുണ്ട്. ഓഖി ചുഴലിക്കാറ്റിന്റെ പശ്ചാത്തലത്തിൽ തീരദേശത്തുള്ളവരെ ഒഴിപ്പിക്കുന്നതിനും മറ്റും വിവിധ ബീച്ചുകളിൽ സ്ഥാപിച്ച ഹൈമാസ്റ്റുകൾ പ്രവർത്തന രഹിതമായ സാഹചര്യത്തിൽ ബുദ്ധിമുട്ട് നേരിട്ടതിനാൽ മുഴുവൻ ഹൈമാസ്റ്റുകളും അടിയന്തിരമായി റിപ്പയർ ചെയ്യുകയാണുണ്ടായതെന്നും, ചന്തപടി ജംഗ്ഷനിൽ സ്ഥാപിച്ച 250wലാമ്പുകൾ റിപ്പയർ ചെയ്യുന്നതിന് ക്രെയിൻ ഉപയോഗിക്കേണ്ടി വന്നതിനാലും തകരാറിലായ ഉപകരണങ്ങൾ വാങ്ങേണ്ടി വന്നതിനാലുമാണ് അധികമായി തുക ചെലവഴിക്കേണ്ടി വന്നതെന്ന് ഇക്കാര്യത്തിൽ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് സെക്രട്ടറി മറുപടി നൽകിയിട്ടുണ്ട്. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ സ്ഥാപിച്ച ഹൈമാസ്റ്റ് ലാമ്പുകൾ പ്രവർത്തന രഹിതമായിരിക്കുന്ന സാഹചര്യത്തിൽ വലപ്പാട് ബീച്ചിൽ സ്ഥാപിച്ച ഹൈമാസ്റ്റ് ലാമ്പുകൾ മാത്രം റിപ്പയർ ചെയ്യുന്നതിന് ക്വട്ടേഷൻ ക്ഷണിക്കാൻ നടപടി സ്വീകരിച്ചതിൽ അപാകതയുണ്ട്. മാത്രമല്ല 120W ലാമ്പുകൾ റിപ്പയർ ചെയ്യുന്നതിന് ലഭിച്ച ക്വട്ടേഷനുകൾ ഉപയോഗിച്ച് 250w ലാമ്പുകൾ റിപ്പയർ ചെയ്യുന്നതിന് നിർദ്ദേശം നൽകുകയും ഇക്കാര്യത്തിൽ ക്രെയിൻ പോലുള്ള സംവിധാനങ്ങൾ ഉപയോഗിക്കേണ്ടി വരുമോയെന്നത് പരിശോധിക്കാതെ ക്വട്ടേഷൻ ലഭിച്ച വ്യക്തിയെകൊണ്ട് പ്രവൃത്തി നിർവഹിക്കുന്നതിന് നടപടി സ്വീകരിച്ചതും ക്രമപ്രകാരമല്ല. ഇത്തരം അപാകതകൾ

ആവർത്തിക്കാതിരിക്കാൻ ഭാവിയിൽ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 3-5 മൃഗ സംരക്ഷണ ഓഫീസർ നടപ്പാക്കിയ പദ്ധതികൾ-സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല. അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1. ഉൽപാദന വർധനവ് ലക്ഷ്യമിട്ട് മൃഗസംരക്ഷണ ഓഫീസർ പ്രോജക്ട് നം. 220/18പ്രകാരം 13 ഗുണഭോക്താക്കൾ കറവ പശുവിനെ വാങ്ങിയിട്ടുണ്ട്. 20 വാർഡിലെ ഗുണഭോക്താക്കൾക്കായി പ്ലാൻ ഫണ്ടിൽ നിന്നും 5 ലക്ഷം രൂപ വകയിരുത്തിയ പദ്ധതിയിൽ 3,25,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. 3.4.17ലെ മാർഗ്ഗരേഖ സ.ഉ.(എം.എസ്)80/17ഖണ്ഡിക 8.2 പ്രകാരം ഗുണഭോക്താക്കളിൽ നിന്നുള്ള 5പേർ അടങ്ങുന്ന പർച്ചേസിംഗ് കമ്മിറ്റി വാങ്ങൽ നടത്തണമെന്ന നിബന്ധന പാലിച്ചിട്ടില്ല. പദ്ധതിയുടെ ഭാഗമായി വാങ്ങിയ കറവപശുക്കളെ ഇൻഷൂർ ചെയ്തിട്ടുണ്ടെങ്കിലും പാലുൽപാദനശേഷി, പ്രതിരോധ കുത്തിവെയ്പുകൾ എടുത്തതിന്റെ വിവരം, കന്നുകാലികളുടെ ആരോഗ്യസ്ഥിതി സംബന്ധിച്ച രേഖപെടുത്തലുകൾ ഫയലിൽ ഇല്ല. ഇത്തരം പ്രോജക്ടുകൾ നടപ്പാക്കുന്നതിന്റെ ഭാഗമായി ആവശ്യമായ ആരോഗ്യ പരിശോധന നടത്തിയതിന്റെ രേഖപെടുത്തലുകൾ ഫയലിൽ സൂക്ഷിക്കുന്നതിന് ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

2. പ്രോജക്ട് നം. 225/18ആട്ട വളർത്തൽ പദ്ധതി പ്രകാരം സർക്കാർ അംഗീകാരമുള്ള ബ്രീഡേഴ്സ് ഗോട്ട് ഫാം, പനങ്ങാട് എന്ന സ്ഥാപനത്തിൽ നിന്നും മലബാറി ഇനത്തിലുള്ള 116 പെണ്ണാട്ടിൻ കുട്ടികളെ വാങ്ങി 58 ഗുണഭോക്താക്കൾക്ക് നൽകിയിട്ടുണ്ട്. കിലോഗ്രാമിന് 375രൂപ നിരക്കിൽ 12 കിലോഗ്രാമിൽ കുറയാത്ത പെണ്ണാട്ടിൻ കുട്ടികളെ വിതരണം ചെയ്യുന്നതിനാണ് കരാറിൽ ഏർപെട്ടിട്ടുള്ളത്. 16.5.17ലെ ജില്ലാ മൃഗസംരക്ഷണ ഓഫീസറുടെ നം.ഡി.5916/17 പ്ലാനിംഗ് കത്തു പ്രകാരം ആട്ടിൻ കുട്ടികൾക്ക് 6 മുതൽ 9മാസം വരെ 4000 രൂപയും 10 മുതൽ 12മാസം വരെ 5000രൂപയുമാണ് നിശ്ചയിച്ചിട്ടുള്ളത്. എന്നാൽ വിതരണം ചെയ്ത ആടുകളുടെ തൂക്കം, പ്രായം എന്നിവ ഇൻഷൂർ ചെയ്തരേഖകളിലോ, ബില്ലിലോ ഒന്നും തന്നെ രേഖപെടുത്തിയിട്ടില്ല.

ആടുകളുടെ വിതരണ പദ്ധതി നടപ്പാക്കുന്ന തൃശ്ശൂർ, മലപ്പുറം, പാലക്കാട് ജില്ലകളിൽ കുടുംബശ്രീ സംവിധാനം വഴി അട്ടപ്പാടി ബ്ലാക്ക് ആടുകളെ വിതരണം ചെയ്യുന്നതിന് മുൻഗണന നൽകണമെന്ന് ഇക്കാര്യത്തിൽ മൃഗസംരക്ഷണ വകുപ്പ് പുറപ്പെടുവിച്ച ഡി.ഡി.3/2017/ത.സ്വ.ഭ.വ സർക്കുലറിൽ നിർദ്ദേശിച്ചിരുന്നത് പദ്ധതി നിർവ്വഹണത്തിൽ പാലിച്ചിട്ടില്ല. വിതരണം ചെയ്ത ആടുകൾക്ക് രോഗ പ്രതിരോധ കുത്തിവെയ്പുകൾ എടുത്തത് സംബന്ധിച്ച രേഖകൾ ഫയലിൽ ഇല്ല.

പദ്ധതിയുടെ ഭാഗമായി വിതരണം ചെയ്ത ആടുകൾക്കുണ്ടായ രോഗബാധമൂലം വിതരണം ചെയ്ത ആടുകളും വീട്ടിലുണ്ടായ ആടുകളും ചത്തതു മൂലം കർഷകർക്ക് നഷ്ടമുണ്ടായതായും ഈ നഷ്ടം ആടുകളെ വിതരണം ചെയ്തവരിൽ നിന്നും ഈടാക്കുന്നതിനും, രോഗ പ്രതിരോധ കുത്തിവെയ്പിനായി തനതു ഫണ്ടിൽ നിന്നും തുക ചെലവഴിക്കുന്നതിനും 19.12.17ലെ ഭരണ സമിതി 25(1) പ്രകാരം തീരുമാനമെടുത്തിട്ടുണ്ട്. ആടുകൾ ചത്തത് വിതരണം ചെയ്ത് 15 ദിവസത്തിനുള്ളിലായതിനാൽ കരാർ വ്യവസ്ഥകൾ പ്രകാരം ചത്ത ആടുകൾക്ക് പകരമായി ആടുകളെ വിതരണം ചെയ്തിട്ടുണ്ട് എന്ന് ഇക്കാര്യത്തിൽ നൽകിയഓഡിറ്റ് അന്വേഷണത്തിന് മൃഗ സംരക്ഷണ ഓഫീസർ മറുപടി നൽകിയിട്ടുണ്ട്. ചത്തുപോയ ആടുകളുടെ എണ്ണം സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. ഇതിൽ നിന്നും ആവശ്യമായ ആരോഗ്യ പരിശോധന നടത്താതെയാണ് ആടുകളെ വാങ്ങാനിടയായതെന്ന് വ്യക്തമാണ്. ഇക്കാര്യത്തിൽ ആവശ്യമായ ഇടപെടലുകൾ വികസന സ്റ്റാൻഡിംഗ് കമ്മിറ്റി, മോണിറ്ററിംഗ് കമ്മിറ്റി എന്നിവരുടെ ഭാഗത്തു നിന്നും ഉണ്ടായത് സംബന്ധിച്ച രേഖപെടുത്തലുകൾ ബന്ധപ്പെട്ട കമ്മിറ്റി മിനിറ്റ്സിൽ ഇല്ല. പദ്ധതികൾ നടപ്പാക്കുമ്പോൾ നിലവിലുള്ള സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നതിന് ശ്രദ്ധിക്കേണ്ടതും അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 3-6 മരാമത്ത് പ്രവൃത്തികൾ- രേഖകൾ ശരിയായി സൂക്ഷിക്കുന്നതിനും സമയബന്ധിതമായിപ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനും നടപടി സ്വീകരിക്കണം ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

1. 2017-18ൽ വെറ്റിംഗ് പൂർത്തീകരിച്ച 125പ്രോജക്ടുകളിൽ 67എണ്ണം ഓഡിറ്റ് വർഷത്തിൽ നടപ്പിലാക്കിയിട്ടില്ല. പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തികരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. പ്രവൃത്തികൾ സമയബന്ധിതമായി നടപ്പാക്കാൻ കഴിയാത്ത സാഹചര്യങ്ങൾ വ്യക്തമാക്കേണ്ടതാണ്.

2.രേഖകൾ ഫയലിൽ സൂക്ഷിക്കുന്നതിൽ വേണ്ടത്ര ശ്രദ്ധ പുലർത്തുന്നില്ല

ഫയലുകളിൽ സൂക്ഷിച്ചിരിക്കുന്ന പലരേഖകളിലും കൃത്യമായ വിവരങ്ങളും തിയതികളും രേഖപെടുത്തുന്നില്ല. പഞ്ചായത്ത് കമ്മിറ്റി പ്രവൃത്തി അംഗീകരിച്ച തീരുമാനം, സ്ഥിര നിക്ഷേപം, നിരതദ്രവ്യം എന്നിവ അടവാക്കിയതിന്റെ വിവരം എന്നിവയൊന്നും കൃത്യമായി ഫയലിൽ സൂക്ഷി ക്കുന്നില്ല. ടെണ്ടർലഭിച്ച കഴിഞ്ഞതിന് ശേഷം ടെണ്ടർ പ്രകാരമുള്ള നിരക്കുകളുടെ ടാബുലേഷൻ ഷീറ്റ് ഫയലിനോടൊപ്പം സൂക്ഷിക്കുന്നില്ല. കരാറുകാരുടെ രജിസ്ട്രേഷൻ വിവരങ്ങൾ, വാറ്റ് കോമ്പൗണ്ട് ചെയ്ത സാക്ഷ്യപത്രം, സേവന നികുതി അടവാക്കിയതിന്റെ ചെലാനുകൾ, ബിറ്റുമിൻ, എമൽഷൻ എന്നിവ വാങ്ങിയതിന്റെ യഥാർത്ഥ ബില്ലുകൾ, വർക്ക് ബില്ലുകളിൽ നടത്തി ഫൈനൽ ബിൽ തയ്യാറാക്കുമ്പോൾ പാർട്ട് ബിൽ പ്രകാരം നടത്തിയ പേയ്മെന്റ്, ഡിഡക്ഷൻ എന്നിവയുടെ വിവരങ്ങൾ തുടങ്ങിയവ ബില്ലിൽ രേഖപെടുത്തുന്നില്ല. ഫയലിൽ നിന്ന് എന്തെങ്കിലും രേഖകൾ നഷ്ടപ്പെട്ടാൽ /എടുത്തുമാറ്റിയാൽ അറിയാനൊ/കണ്ടുപിടിക്കുവാനൊ കഴിയാത്ത രീതിയിലാണ് നിലവിലുള്ള ഫയൽ സൂക്ഷിപ്പ് രീതി. ഇത് ശരിയായ നടപടിക്രമമല്ല. ഫയൽ പേജുകളിൽ ക്രമമായി നമ്പരിട്ട് സൂക്ഷിക്കുന്ന സംവിധാനം അടിയന്തിരമായി നടപ്പിലാക്കേണ്ടതാണ്.

3.പ്രവൃത്തികളുടെ തുടർ പ്രവർത്തനങ്ങൾ ഒന്നും ഫയലിൽ രേഖപ്പെടുത്തിന്നില്ല.

പഞ്ചായത്തുകളുമായും കോൺട്രാക്ടർ, ഗുണഭോക്തൃ സമിതി എന്നിവയുമായുള്ള കത്തിടപാടുകൾ മറ്റ് തുടർ പ്രവർത്തനങ്ങളുടെ വിവരങ്ങൾ ഒന്നും ഫയലിൽ സൂക്ഷിക്കുന്നില്ല. അതിനാൽ തുടർച്ചയില്ലാത്ത രീതിയിലാണ് നിലവിലെ ഫയൽ സൂക്ഷിപ്പ് സംവിധാനം. ഫയലിനോടൊപ്പം നോട്ട് ഫയൽസൂക്ഷിക്കുന്ന സംവിധാനം നടപ്പിലാക്കിയാൽ ഇത് പരിഹരിക്കാവുന്നതാണ്.

4.പദ്ധതികളുടെ വിശദാംശങ്ങളൊന്നും പ്രോജക്ട് റിപ്പോർട്ടിൽ രേഖപെടുത്തുന്നില്ല. പ്രവൃത്തിയുമായി ബന്ധപ്പെട്ട വിവരങ്ങൾ ഉൾപെടുത്തി വർക്ക് ബിൽ രജിസ്റ്റർഎഴുതി തയ്യാറാക്കി സ്ഥാപനത്തിൽ സൂക്ഷിക്കുന്നില്ല. ഓരോ സാമ്പത്തിക വർഷത്തിലും നടപ്പാക്കിയ പ്രവൃത്തികൾ യഥാവിധി ആസ്തി രജിസ്റ്ററിൽ ചേർത്ത് രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നില്ല. നിലവിലെ ആസ്തി രജിസ്റ്ററിലെ രേഖപെടുത്തലുകൾ വസ്തുതകളുമായി പൊരുത്തപെടുന്നില്ല. സ്ഥാപനത്തിൽ റോഡ് രജിസ്റ്റർ, റോഡ് കണക്ടിവിറ്റി മാപ്പ് എന്നിവ സൂക്ഷിച്ചിട്ടില്ല.

5. സെലക്ഷൻ നോട്ടീസ് പല ഫയലിലും സൂക്ഷിച്ചിട്ടില്ല. മിക്കവാറും പ്രവൃത്തികളിൽ സെലക്ഷൻ നോട്ടീസ് കരാറുകാരന് നൽകിയതായ കാണുന്നില്ല. G O (P) 87/97/PW&T തിയ്യതി 18-9-1997 പ്രകാരം ടെണ്ടർ ലഭിച്ച വ്യക്തി സെലക്ഷൻ നോട്ടീസ് കിട്ടി 20 ദിവസത്തിനുള്ളിൽ കരാറുകാരൻ എഗ്രിമെന്റ് വെച്ചില്ലെങ്കിൽ അടുത്ത 10 ദിവസത്തിനുള്ളിൽ PACയുടെ 1% തുക പിഴ ഒടുക്കാവുന്നതാണ്.

6.കരാർ ചമക്കുന്നതിലെ അപാകത-
പ്രവൃത്തി പൂർത്തീകരിക്കേണ്ട തിയ്യതി മുഴവൻ കരാറിലും രേഖപ്പെടുത്തി കാണുന്നില്ല. KPWD Manuel (Revised) 2112, 2113 കരാർ തിയ്യതിക്ക് പണി അവസാനിച്ചില്ലെങ്കിൽ നിയമാനുസരണം 20% സമയം ഗ്രേസ് പിരീഡ് നൽകി ബാക്കി വരുന്ന വൈകിയ സമയത്തിന് ആദ്യ 3 മാസത്തിന് അംഗീകരിച്ച pac യുടെ 1% തുകയും തുടർന്നുള്ള ഓരോ മൂന്ന് മാസത്തിനും 2% തുക പിഴയായി ഈടാക്കേണ്ടതാണ്. മരാമത്ത് പ്രവൃത്തിയ്ക്ക് സാങ്കേതികാനുമതി നൽകുമ്പോൾ നിർദ്ദേശിക്കുന്ന കാലയളവുകളിൽ പ്രവൃത്തി പൂർത്തീകരിക്കുന്നതായി കാണുന്നില്ല. മുഴവൻ വർക്ക് ബില്ലുകളിലും പ്രവൃത്തി പൂർത്തീകരിച്ച തിയതി രേഖപെടുത്തിയിട്ടില്ല. സമയബന്ധിതമായി പൂർത്തീകരിക്കാത്ത പ്രവൃത്തികളിൽ കാരണം രേഖപെടുത്തുകയോ പിഴ ഈടാക്കിയതായോ കാണുന്നില്ല. ഇക്കാര്യം പരിശോധിച്ച് തുടർ നടപടി സ്വീകരിക്കേണ്ടതാണ്.

ഫയലുകൾ കൈകാര്യം ചെയ്യുന്നതിലും, മതിയായ രേഖകളും രജിസ്റ്ററുകളും സൂക്ഷിക്കുന്നതിലുമുള്ള അലംഭാവം ഒഴിവാക്കേണ്ടതും, പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിലും രേഖകൾ ശരിയായി സൂക്ഷിക്കുന്നതിലും ആവശ്യമായ ഇടപെടലുകൾ ഉണ്ടാകേണ്ടതുമാണ്. ഇക്കാര്യത്തിൽ വികസന സ്റ്റാൻഡിംഗ് കമ്മിറ്റി, ഭരണ സമിതി എന്നിവരുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## 3-7 കോതകുളം സൗന്ദര്യവൽക്കരണം പദ്ധതി ലക്ഷ്യം നേടിയില്ല.

പഞ്ചായത്തിന്റെ 7ാം വാർഡിൽ വലപ്പാട് വില്ലേജ് സർവ്വെ നം. 230/2ൽ ദേശീയപാതയോട് ചേർന്ന് നിൽക്കുന്ന കോതകുളത്തിനോട് ചേർന്ന് പാർക്ക് സ്ഥാപിക്കുന്നതിനും ആദ്യഘട്ടമെന്ന നിലയിൽ ചുറ്റമതിൽ നിർമ്മിച്ച് എൽ.ഇ.ഡി. ലൈറ്റുകൾ സ്ഥാപിക്കുന്നതിനായി 2016-17വർഷത്തിൽ ആരംഭിച്ച പദ്ധതിക്കായി തനതു ഫണ്ടിൽ നിന്നും 3.5ലക്ഷംരൂപ വകയിരുത്തിയിരുന്നുവെങ്കിലും നാളിതുവരെ പദ്ധതി പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ല. 21.3.17ലെ 1(1) തീരുമാന പ്രകാരം കോസ്റ്റ് ഫോർഡിനെ പദ്ധതി നടത്തിപ്പിനായി തെരഞ്ഞെടുക്കുകയും 24.3.17ന് കരാറിൽ ഏർപെടുകയും ചെയ്തിട്ടുണ്ട്.

കരാർ പ്രകാരം 31.1.2018നകം പ്രവൃത്തി പൂർത്തീകരിക്കേണ്ടതായിരുന്നുവെങ്കിലും പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. സാമ്പത്തിക വർഷത്തിൽ ബിൽ നം. 83/29.11.17 പ്രകാരം 70,000/-രൂപ കോസ്റ്റ് ഫോർഡിന് നൽകിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്ത് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായ ഈ പദ്ധതി എത്രയും വേഗം പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-8 ആയുർവേദ മെഡിക്കൽ ഓഫീസർ നടപ്പാക്കിയ സമഗ്ര ആരോഗ്യ പദ്ധതി- അപാകതകൾ

പൊജക്റ്റ് നമ്പർ 107/18 – സമഗ്രആരോഗ്യപദ്ധതി

നിർവ്വഹണം -മെഡിക്കൽ ഓഫീസർ, ആയുർവേദം

അടങ്കൽ 800000/-

ചെലവ് 800000/-
ബിൽ നമ്പർ
2/17-18 515238/11.1.18
4/17-18 36055/23.2.18
5/17-18 174000/24.3.18
6/17-18 74707/31.3.18

ഗ്രാമപഞ്ചായത്തിലെ 60 വയസ്സിനുമുകളിലുള്ള വൃദ്ധജനങ്ങളുടെ സമഗ്ര ആരോഗ്യ പരിപാലനത്തിന് യോഗപരിശീലനവും ഔഷധവിതരണവും, കിടപ്പുരോഗിവൃദ്ധർക്ക് അവരുടെ ശാരീരിക മാനസിക പ്രശ്നങ്ങളുടെ പരിഹാരത്തിനായി വീടുകൾ സന്ദർശിച്ച് ഔഷധം നൽകുക എന്നീ രണ്ട് പദ്ധതികളാണ് സമഗ്രആരോഗ്യപദ്ധതിയിൽ വിഭാവനം ചെയ്തിരിക്കുന്നത്. ഈ രണ്ടു പദ്ധതികൾക്കായി 400000/- വീതം ആകെ 800000/- വകയിരുത്തി ചെലവഴിച്ചിരിക്കുന്നു.

എ)

ഗ്രാമപഞ്ചായത്തിലെ കിടപ്പു രോഗികളെ പരിശോധിച്ച് ശാരീരിക മാനസിക പ്രശ്നങ്ങളുടെ പരിഹാരവും ഔഷധ വിതരണവും എന്ന പദ്ധതി രൂപീകരണത്തിലും നടത്തിപ്പിലും കണ്ട നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

1. ഈ പദ്ധതി നടപ്പിലാക്കിയിരിക്കുന്നത് പാലിയേറ്റീവ് പരിചരണ മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചല്ല. (ജി.ഒ (ആർ.ടി) 3217/2015/തസ്വഭവ / തി. 29.10. 15 ). തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഇത്തരത്തിലുള്ള പാലിയേറ്റീവ് പ്രവർത്തനങ്ങൾ നടത്തേണ്ടത് മേൽ ഉത്തരവ് പാലിച്ചായിരിക്കണം.

2. തദ്ദേശഭരണ സ്ഥാപനത്തിന്റെ ആരോഗ്യമേഖലാ പ്രൊജക്ടുകൾ നടപ്പാക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള അലോപ്പതി നിർവ്വഹണോദ്യോഗസ്ഥൻ തന്നെയാണ് ഈ പദ്ധതി നടപ്പിലാക്കേണ്ടത്. എന്നാൽ ആയുർവേദ ഹോമിയോ വിഭാഗത്തിന് ഇതിൽ സഹകരിക്കാവുന്നതാണ്.

3. ഒരു വാർഷിക പദ്ധതിയിൽ ഒന്നിലധികം പാലിയേറ്റീവ് പ്രൊജക്ടുകൾ തയ്യാറാക്കുവാനും നടപ്പിലാക്കുവാനും പാടില്ല. ടി സാമ്പത്തിക വർഷം മെഡിക്കൽ ഓഫീസർ അലോപ്പതി പാലിയേറ്റീവ് കെയർ പ്രോജക്ട് നടപ്പാക്കിയിട്ടുണ്ട്.

4. പാലിയേറ്റീവ് പരിചരണമാർഗ്ഗരേഖ പ്രകാരം പാലിയേറ്റീവ് കെയർ മാനേജ് മെന്റ് കമ്മിറ്റിയിൽ ഇതിന്റെ പ്രവർത്തനത്തെ കുറിച്ച് വിലയിരുത്തുകയോ അവലോകനം നടത്തുകയോ വരവ്/ചെലവ് കണക്കുകൾ അംഗീകരിക്കുകയോ ഉണ്ടായിട്ടില്ല.

5. പദ്ധതിയുടെ ഭാഗമായി ആശുപത്രി ജീവനക്കും ആശാവർക്കറും ഗൃഹസന്ദർശനം നടത്തുകയും സന്ദർശനത്തിന്റെ ഭാഗമായി വാഹന വാടക, ഭക്ഷണം എന്നിവക്കായി 37707/- ചെലവഴിച്ചിട്ടുണ്ട്. എന്നാൽ സന്ദർശന വിവരങ്ങൾ രേഖപ്പെടുത്തുന്ന ഹോം കെയർ റിപ്പോർട്ട് സൂക്ഷിക്കുന്നില്ല.

6. ഈ പദ്ധതിക്കു വേണ്ടി 350000/- രൂപയുടെ പാലിയേറ്റീവ് മരുന്ന് ലഭ്യമാക്കുന്നതിനായി 11.1.18 ന് ടി തുക ഔഷധിക്ക്

നൽകി. എന്നാൽ മരുന്ന് ലഭ്യമാക്കിയിരിക്കുന്നത് ടി സാമ്പത്തിക വർഷത്തിനു ശേഷമാണ്. 58425/- രൂപയുടെ മരുന്നുകൾ ഇനിയും ഔഷധിയിൽ നിന്നും ലഭ്യമായിട്ടില്ല. ടി പദ്ധതിയിൽ മരുന്നിനായി ചെലവഴിച്ച 350000 രൂപയും പദ്ധതിയുടെ ലക്ഷ്യത്തിനായി ഉപയോഗിക്കാനായില്ല. 58425/-രൂപയുടെ മരുന്ന് ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്.

7. രണ്ടു മാസത്തിനുള്ളിൽ മരുന്നുകൾ ലഭ്യമാക്കുന്നതിന് കരാർ ചമച്ചിട്ടുണ്ടെങ്കിലും കരാർ ലംഘനത്തിനെതിരെ യാതൊരു നടപടിയും ഉണ്ടായില്ല.

8. സാമ്പത്തിക വർഷം കഴിഞ്ഞ് ലഭ്യമാക്കിയ മരുന്നുകൾ വൃദ്ധജനങ്ങൾക്ക് വിതരണം നടത്തുന്നതിന് 25.9.18 ൽ പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുത്തു കാണുന്നു. (തീരുമാനം 15(4)).

പാലിയേറ്റീവ് പരിചരണ മാർഗ്ഗനിർദ്ദേശങ്ങൾ (ജി.ഒ (ആർ.ടി) 3217/2015/തസ്വഭവ / തി. 29.10. 15 ) പാലിച്ച് പദ്ധതി നടപ്പിലാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

ബി)
യോഗാഹാൾ സജ്ജീകരണത്തിനും യോഗാ പരിശീലകന് വേതനം നൽകുന്നതിനും മരുന്ന് വാങ്ങുന്നതിനായി ആയുർധാര, ഔഷധി എന്നീ സ്ഥാപനങ്ങൾക്ക് തുക നൽകുകയും ചെയ്തിട്ടുണ്ട്. ആയതിൽ യോഗപരിശീലനവും മരുന്ന് വിതരണവും എന്ന പദ്ധതിയിൽ 37000/- രൂപ മരുന്നിനായി 31.3.18ൽ ഔഷധിക്ക് നൽകിയിരുന്നു. 11694 രൂപയുടെ മരുന്നുകൾ മാത്രമേ ഔഷധി ലഭ്യമാക്കിയിട്ടുള്ളൂ. (21.7.18 ന് ലഭ്യമാക്കി). 25306 രൂപയുടെ മരുന്നുകൾ ഇനിയും ലഭ്യമായിട്ടില്ല.

ജനുവരി, ഫെബ്രുവരി, മാർച്ച് എന്നീ 3 മാസങ്ങളിലായിട്ടാണ് യോഗപരിശീലനം നടന്നിട്ടുള്ളത്. പരിശീലനം അവസാനിച്ചപ്പോൾ മാത്രമാണ് മരുന്നിനായി തുക പിൻവലിച്ചിരിക്കുന്നത് (31.3.18).ആയതിനാൽ പദ്ധതിയിൽ വിഭാവനം ചെയ്തപോലെ മരുന്നുകൾ ഗുണഭോക്താക്കൾക്ക് ലഭ്യമായില്ല.

ഔഷധങ്ങൾ കൂടുതൽ ലഭ്യമാക്കി രോഗികൾക്ക് ആശ്വാസം കണ്ടെത്താൻ വേണ്ടിയാണ് 31.03.18 ൽ തുക കൈമാറിയതെന്നും ഔഷധങ്ങൾ ലഭ്യമാക്കുന്ന മുറയ്ക്ക് രോഗികളെ വിളിച്ചുവരുത്തി ഔഷധങ്ങൾ കൊടുക്കാവുന്നതാണെന്നും ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കി.

ജനങ്ങളുടെ ക്ഷേമത്തിനും ഉന്നമനത്തിനും വേണ്ടിയാണ് പദ്ധതികൾ ആവിഷ്കരിക്കുന്നതും നടപ്പിലാക്കുന്നതും. പദ്ധതിയിൽ ചെലവഴിക്കുന്ന മുഴുവൻ തുകയും പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യത്തിനായി വിനിയോഗിക്കപ്പെടുന്നു വെന്ന് ഗ്രാമപഞ്ചായത്ത് ഉറപ്പാക്കേണ്ടതാണ്.

മേൽ രണ്ട് പ്രോജക്ടുകളുടെ രൂപീകരണം, നിർവ്വഹണം, മോണിറ്ററിംഗ് എന്നിവയ്ക്ക് ആരോഗ്യസ്റ്റാന്റിംഗ് കമ്മിറ്റിയിൽ നിന്ന് നിർദ്ദേശങ്ങളോ ചർച്ചയോ ഉണ്ടായിട്ടില്ല. പദ്ധതിയുടെ ഫലപ്രാപ്തിക്ക് ബന്ധപ്പെട്ട സ്ററാന്റിംഗ് കമ്മിറ്റികളുടെ ശ്രദ്ധയുണ്ടാകേണ്ടതാണ്.

## 3-9 ആയുർവേദ ആശുപത്രിയിലേക്ക് മരുന്ന് ലഭ്യമാക്കുന്നതിൽ കാലതാമസം

നിർവ്വഹണം -മെഡിക്കൽ ഓഫീസർ, ആയുർവേദം

അടങ്കൽ 2000000/-

ചെലവ് 2000000/-

ബിൽ നമ്പർ
1/17-18 1000000/17.8.17
3/17-18 1000000/14.2.18

മേൽപദ്ധതിക്കായി 1000000 രൂപ 17.8.17 നും 1000000 രൂപ 14.2.18 നും ഔഷധിക്ക് നൽകിയിട്ടുണ്ട്. എന്നാൽ മരുന്നുകൾ ലഭ്യമാക്കുന്നതിൽ വളരെയധികം കാലതാമസം കാണുന്നു. 3427 രൂപയുടെ മരുന്ന് ഇനിയും ലഭ്യമാക്കിയിട്ടില്ല. 60 ദിവസത്തിനുള്ളിൽ മരുന്നു ലഭ്യമാക്കണമെന്ന വ്യവസ്ഥയോടെ ഔഷധിയുമായി കരാർ വച്ചിട്ടുണ്ടെങ്കിലും കാരാർ ലംഘനത്തിനെതിരെ നടപടി സ്വീകരിച്ചില്ല.

## 3-10 സി.എച്ച്.സി മെഡിക്കൽ ഓഫീസർ നടപ്പാക്കിയ 'പെയിൻ ആന്റ്

## പാലിയേറ്റീവ് കെയർ ' പദ്ധതി - അപാകതകൾ

അടങ്കൽ 500000/-

ആകെ ചെലവ് - 488336/-

മേൽപദ്ധതിയിൽ മരുന്ന വാങ്ങുന്നതിനായി 249684/- രൂപ (ബിൽ നമ്പർ 12/24.5.18 തുക 200000, 14/24.5.18 തുക 49684) കെ.എം.എസ്.സി.എൽ ന് നൽകിയിട്ടുണ്ട്. കെ.എം.എസ്.സി.എൽ ലഭ്യമാക്കിയ ഇൻവോയ്സിന്റെ വിവരം താഴെ ചേർക്കുന്നു.

| ഇൻവോയ്സ് നമ്പർ | തുക | തിയതി |
|---|---|---|
| PRF 4779 | 165852 | 9.03.18 |
| PRF 1676 | 34148 | 9.03.18 |
| PRF 5605 | 49684 | 28.03.18 |

എന്നാൽ ഈ മരുന്നുകൾ നാളിതു വരെ ലഭ്യമായിട്ടില്ല. സ്ഥിരമായി മരുന്ന് കഴിക്കേണ്ട സാമ്പത്തിക ബുദ്ധിമുട്ടുള്ള കിടപ്പ് രോഗികൾക്ക് മരുന്നുകൾ ഉറപ്പാക്കാനും പദ്ധതിയുടെ ലക്ഷ്യം സാക്ഷാൽക്കരിക്കുന്നതിനും മരുന്നുകൾ യഥാസമയം ലഭ്യമാകേണ്ടതുണ്ട്. മരുന്നുകൾ ലഭ്യമാക്കാൻ അടിയന്തിര നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

2) പ്രോജക്ട് SO 215/16-17- സ്വാന്തനപരിചരണം

അടങ്കൽ 384933/-

ചെലവ് 294889/-

ട്രഷറി ബിൽ നമ്പർ
3/17-18/13.9.17 തുക – 270889,
5/17-18/13.10.17 തുക – 24000

കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ നിന്നും ഭക്ഷണസാമഗ്രികൾ വാങ്ങി കിടപ്പുരോഗികൾക്ക് ഓണകിറ്റ് വിതരണം ചെയ്യുകയാണ് മേൽ പദ്ധതിയിൽ ചെയ്തിട്ടുള്ളത്. ഇതിനായി 263884/- രൂപ കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷനും ഭക്ഷണസാമഗ്രികൾ പാക്ക് ചെയ്യുന്നതിനായി 31005 രൂപയും ചെലവഴിച്ചു. പദ്ധതിയുമായി ബന്ധപ്പെട്ട അപാകതകൾ താഴെ ചേർക്കുന്നു.

1. പദ്ധതി രൂപീകരണം അപാകതകൾ

ഒരു വാർഷിക പദ്ധതിയിൽ ഒന്നിലധികം പാലിയേറ്റീവ് പ്രൊജക്ടുകൾ തയ്യാറാക്കുവാനും നടപ്പിലാക്കുവാനും പാടുള്ളതല്ല. ടി സാമ്പത്തിക വർഷം 155/17-18 ആയി പാലിയേറ്റീവ് കെയർ പ്രോജക്ട് നടപ്പാക്കിയിട്ടുണ്ട്. ഇതിന് പുറമെയാണ് സ്പിൽ ഓവറായി ടി പദ്ധതി നടപ്പാക്കിയിട്ടുള്ളത്. ഒരു സാമ്പത്തിക വർഷം അവസാനിച്ചാൽ ആ വർഷത്തെ പ്രോജക്ട് തുക ബാക്കിയുണ്ടെങ്കിലും അവസാനിപ്പിക്കണം. സ്പിൽ ഓവറായി പദ്ധതി തുടർന്നു നടപ്പിലാക്കാൻ പാടില്ലായെന്ന് പാലിയേറ്റീവ് പരിചരണ മാർഗ്ഗരേഖയിൽ (ജി.ഒ (ആർ.ടി) 3217/2015/തസ്വഭവ / തി. 29.10. 15) വ്യക്തമാക്കുന്നുണ്ട്. മാർഗ്ഗനിർദ്ദേശങ്ങൾ വിരുദ്ധമായ പദ്ധതിരൂപീകരണത്തിന് മറുപടി ലഭ്യമാക്കേണ്ടതാണ്.

2. പദ്ധതി നടത്തിപ്പ് അപാകത

മേൽ പദ്ധതി പ്രകാരം കിടപ്പുരോഗികൾക്ക് ഓണകിറ്റ് വിതരണം ചെയ്യുകയാണുണ്ടായത്. എന്നാൽ ഇത് വിതരണം ചെയ്ത രേഖകൾ ലഭ്യമാക്കിയില്ല. മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി 294889 രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

## 3-11 വികലാംഗർക്ക് ഉപകരണം- പദ്ധതി നടത്തിപ്പ് വിവരങ്ങൾ ലഭ്യമാക്കിയില്ല

പ്രോജക്ട് 161/18- വികലാംഗർക്ക് ഉപകരണം

അടങ്കൽ 400000/-

ചെലവ് 89936/-

ട്രഷറി ബിൽ നമ്പർ 15/17-18/24.5.18

നിർവ്വഹണ ഉദ്യോഗസ്ഥൻ മെഡിക്കൽ ഓഫീസർ, സി.എച്ച്.സി

മേൽ പദ്ധതി പ്രകാരം ഉപകരണങ്ങൾ വാങ്ങുന്നതിനായി വികലാംഗ ക്ഷേമ കോർപ്പറേഷന് 89936/- രൂപ നൽകിയിട്ടുണ്ട്. ടി പ്രോജക്ടിനായി ഗ്രാമസഭ അംഗീകരിച്ച നൽകിയ ഗുണഭോക്തൃ ലിസ്റ്റ്, ഉപകരണങ്ങളുടെ ആവശ്യകതാ നിർണ്ണയം നടത്തി ഓരോരുത്തർക്കും വേണ്ടി ഡോക്ടർ സ്പെസിഫിക്കേഷനോടെ സാക്ഷ്യപ്പെടുത്തിയ ഉപകരണങ്ങളുടെ ലിസ്റ്റ്, ടി ഉപകരണങ്ങൾ ഗുണഭോക്താക്കൾക്ക് നൽകിയതിന്റെ വിവരം എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല ( ഓഡിറ്റ് അന്വേഷണം ).രേഖകളുടെ അഭാവത്തിൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

## 3-12 എസ്.എസ് . എ അധിക വിഹിതം നൽകൽ - അപാകതകൾ

പ്രോജക്ട് 138/17-18, 139/17-18

പ്രോജക്ടിന്റെ പേര്- എസ്.എസ്.എ വിഹിതം നൽകൽ

ചെലവ് തുക 928391

നിർവ്വഹണ ഉദ്യോഗസ്ഥ – എച്ച്.എം, ജി.എൽ.പി സ്കൂൾ പള്ളിപ്പുറം

1) സർവ്വശിക്ഷാ അഭിയാൻ ജില്ലാ പ്രോജക്ട് ഓഫീസറുടെ കത്ത് പ്രകാരം അടങ്കൽ തുകയുടെ (2320977) 40% മായ 928391/- രൂപ മേൽ പ്രോജക്ടുകൾ പ്രകാരം നൽകിയിട്ടുണ്ട്.ടി ചെലവു തുകയുടെ വിനിയോഗപത്രിക പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. വിനിയോഗപത്രിക ലഭ്യമാക്കുന്നതുവരെ തുക തടസ്സപ്പെടുത്തുന്നു.

2) 2016-17 സാമ്പത്തിക വർഷം അധികമായി നൽകിയ എസ്.എസ്.എ വിഹിതം 289818രൂപ ക്രമീകരിക്കാൻ മുൻ വർഷവ ഓഡിറ്റ് റിപ്പോർട്ട് പ്രകാരം ആവശ്യപന്നാൽ ഈ വർഷവും തുക ക്രമീകരിച്ചില്ല. തുക ക്രമീകരിക്കാത്തതിന് വിശദീകരണം നൽകേണ്ടതാണ്.

## 3-13 പദ്ധതി ചെലവ് വിവരം പൂർണ്ണമല്ല – ചെലവ് തടസ്സപ്പെടുത്തുന്നു

പ്രോജക്ട് 151/17-18

പ്രോജക്ടിന്റെ പേര്- എസ്.സി വിദ്യാർത്ഥികൾക്ക് സൈക്കിൾ

അടങ്കൽ 500000

ചെലവ് 473850

ബിൽ നമ്പർ 3/17-18/16.2.18 – 473850 രൂപ

നിർവ്വഹണ ഉദ്യോഗസ്ഥ – എച്ച്.എം, ജി.എൽ.പി സ്കൂൾ പള്ളിപ്പുറം

മേൽപദ്ധതിക്കായി ഭാരത് സൈക്കിൾ മാർട്ട്, തൃപ്രയാർ എന്നസ്ഥാപനത്തിന് 473850/- രൂപ നൽകിയിട്ടുണ്ട്.എന്നാൽ ഈ സ്ഥാപനം ലഭ്യമാക്കിയ ബില്ല്, സൈക്കിൾ വിതരണ രേഖ എന്നിവ പരിശോധന്യ്ക്ക് ഹാജരാക്കിയിട്ടില്ല. മേൽ പദ്ധതിക്ക് അർഹരായ വിദ്യാർത്ഥികളുടെ സ്കൂൾ അധികൃതർ സാക്ഷ്യപ്പെടുത്തി നൽകിയ ലിസ്റ്റ്, വകുപ്പിൽ നിന്നും ഈ ആനുകൂല്യം നൽകിയിട്ടില്ലായെന്ന് വകുപ്പ് ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയത് എന്നിവ ഹാജരാക്കിയിട്ടില്ല. ഈ പദ്ധതിക്ക് ഇ ടെണ്ടർ വിളിച്ചതിൽ ആരും അർഹരല്ലാത്തതിനാൽ ക്വട്ടേഷൻ വിളിക്കുന്നതിന് 7.12.17 ൽ കമ്മിറ്റി തീരുമാനമെടുത്തു കാണുന്നു. എന്നാൽ ഇ ടെണ്ടറിന്റെ വിവരം, അനർഹരല്ലാത്തതിന്റെ വിവരം എന്നിവ ഫയലില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല.

രേഖകളുടെ അഭാവത്തിൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

## 3-14 വിദ്യഭ്യാസത്തിൽ ഗുണനിലവാരം ഉയർത്തുന്നതിനുള്ള പദ്ധതി - എയ്ഡഡ് സ്കൂളുകളിലേക്ക് ഉപകരണങ്ങൾ -339900 തടസ്സപ്പെടുത്തുന്നു

പ്രോജക്ട് 137/17-18

പ്രോജക്റ്റിന്റെ പേര്- വിദ്യഭ്യാസത്തിൽ ഗുണനിലവാരം ഉയർത്തുന്നതിനുള്ള പദ്ധതി

ചെലവ് തുക നോൺ റോഡ് 370800 (ലാപ്പ്ടോപ്പ് ചെലവ്)
ബിൽ നമ്പർ 4/17-18/16.2.2018

തനതുഫണ്ട് 80880 (HSS കോച്ചിംഗ് ചെലവ്)

ആകെ 451680

മേൽ പദ്ധതിയിൽ 370800 രൂപ ഗ്രാമപഞ്ചായത്തിലെ സർക്കാർ/ സർക്കാർ അംഗീകാരമുള്ള 12 എൽ.പി, യു.പി സ്കൂളുകളിലേയ്ക്ക് ലാപ്പ് ടോപ്പ് വാങ്ങി നൽകുന്നതിനാണ് ചെലവഴിച്ചിട്ടുള്ളത്. ഗ്രാമപഞ്ചായത്തിൽ ഒരു സർക്കാർ സ്കൂൾ മാത്രമേയുള്ളൂ എയ്ഡഡ് സ്കൂളുകളിലെ കുടിവെള്ളം, ശുചിത്വം എന്നിവയുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിന് മാത്രമേ സർക്കാർ അനുമതിയുള്ളൂ. ആയതിനാൽ ഗ്രാമപഞ്ചായത്തിലെ ഒരു സർക്കാർ സ്കൂളൊഴികെ 11 എയ്ഡഡ് സ്കൂളുകളിലേയ്ക്ക് ഉപകരണം വാങ്ങുന്നതിനായി ചെലവഴിച്ച 11x30900=339900 രൂപ തടസ്സപ്പെടുത്തുന്നു.

## 3-15 പ്രോജക്ടുകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല

നിർവ്വഹണ ഉദ്യോഗസ്ഥ – എച്ച്.എം, ജി.എൽ.പി സ്കൂൾ പള്ളിപ്പുറം

എച്ച്.എം നിർവ്വഹണം നടത്തിയ താഴെപറയുന്ന പ്രോജക്ടുകൾക്ക് തുക ചെലവഴിച്ചിട്ടുണ്ടെങ്കിലും പദ്ധതി രേഖകകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

| പ്രോജക്റ്റ് നമ്പർ | പ്രോജക്റ്റിന്റെ പേര് | ചെലവ് തുക | ഫണ്ട് വിവരം | ചെക്ക് നമ്പർ/തിയതി |
|---|---|---|---|---|
| 142/17-18 | പ്രാദേശിക ക്ളബ്ബുകൾക്ക് കലാ-കായിക പരിശീലനം | 200000/- | തനതുഫണ്ട് | 7998576/31.3.18 & 7998567/28.3.18 |
| 143/17-18 | 16-17 വർഷത്തിൽ അതുല്യ വിജയം കൈവരിച്ച പ്രതിഭകൾക്ക് സ്കോളർഷിപ്പ് | 149716/- | തനതുഫണ്ട് | 3049278/26.2.18 |
| 240/17-18 | തുല്യത പരീക്ഷയ്ക്ക് കോഴ്സ് ഫീ നൽകൽ | 77500 | തനതുഫണ്ട് | 3049299/26.3.18 |
| 238/17-18 | വലപ്പാട് ഫുട്ബോൾ അക്കാദമി- കായിക ക്ഷമത വർദ്ധിപ്പിക്കൽ | 200000 | ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 7998576/31.3.18 |
| | ആകെ | 627216 | | |

രേഖകൾ ഹാജരാക്കാത്തതിനാൽ ചെലവു തുക തടസ്സത്തിൽ വെയ്ക്കുന്നു.

## 3-16 എൽ.പി,യു.പി കുട്ടികൾക്ക് കായിക പരിശീലനം - പദ്ധതി

## അപാകതകൾ

പ്രോജക്ട് 146/17-18

പ്രോജക്ടിന്റെ പേര്- എൽ.പി,യു.പി കുട്ടികൾക്ക് കായിക പരിശീലനം

അടങ്കൽ 400000, വികസനഫണ്ട്

ചെലവ് 69800

ബിൽ നമ്പർ 7/17-18/28.3.18

നിർവ്വഹണ ഉദ്യോഗസ്ഥ – എച്ച്.എം, ജി.എൽ.പി സ്കൂൾ പള്ളിപ്പുറം

എൽ.പി, യു.പി കുട്ടികൾക്ക് കായിക പരിശീലനം, കലാ കായിക ക്ഷമത വർദ്ധിപ്പിക്കൽ എന്നിവയായിരുന്നു പദ്ധതിയുടെ ലക്ഷ്യം. മേൽ പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്തിലെ സർക്കാർ/ സർക്കാർ അംഗീകാരമുള്ള 12 സ്കൂളുകളിലേയ്ക്ക് വലപ്പാട് സ്പോട്സ് സിറ്റി എന്ന സ്ഥാപനത്തിൽ നിന്ന് കായിക ഉപകരണങ്ങൾ വാങ്ങി നൽകുക മാത്രമാണ് ഉണ്ടായിട്ടുള്ളത്. അംഗീകാരം നേടിയിട്ടുള്ള പദ്ധതിയിൽ സാധന സാമഗ്രികൾ വാങ്ങേണ്ടതില്ല എന്നു രേഖപ്പെടുത്തി കാണുന്നുണ്ട്. അപാകതയ്ക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

പദ്ധതിക്കുവേണ്ടി വിതരണസ്ഥാപനത്തെ തെരഞ്ഞെടുത്തതിന്റെ വിവരം, പർച്ചേസ് ബില്ല് എന്നിവ ലഭ്യമാക്കിയില്ല. രേഖകളുടെ അഭാവത്തിൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

## 3-17 രജിസ്റ്റേർഡ് ക്ലബ്ബുകൾക്ക് സ്പോട്സ് കിറ്റ് - വിതരണ രേഖകൾ ലഭ്യമാക്കിയില്ല

പ്രൊജക്ട് – 145/17-18
ചെലവ് തുക - 15839/- (വികസന ഫണ്ട്)
ബിൽ ഫണ്ട് – 8/17-18, 15839/28.3.18

നിർവ്വഹണ ഉദ്യോഗസ്ഥ – എച്ച്.എം, ജി.എൽ.പി സ്കൂൾ പള്ളിപ്പുറം

മേൽപദ്ധതിപ്രകാരം സ്പോട്സ് സിറ്റി, വലപ്പാട് എന്ന സ്ഥാപനത്തിന് 15839 രൂപ കൈമാറിയിട്ടുണ്ട്. ടി പദ്ധതിക്കായി സ്ഥാപനത്തെ തെരഞ്ഞെടുത്തതിന്റെ വിവരം, ക്ലബ്ബുകൾക്ക് ഉപകരണം വിതരണം ചെയ്തതിന്റെ വിവരം, സ്ഥാപനം ലഭ്യമാക്കിയ വിവരം തുടങ്ങിയ പദ്ധതി നടത്തിപ്പ്, ചെലവ് വിവരങ്ങൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതുവരെ 15839/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-18 വലപ്പാട് ആയുർവേദാശുപത്രി-കെട്ടിട നിർമ്മാണം പൂർത്തീകരിച്ച് പ്രവർത്തനക്ഷമമാക്കണം. ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഗ്രാമപഞ്ചായത്തിൽ പുതിയ ആയുർവേദാശുപത്രി നിർമ്മിക്കുന്നതിനായി 2014-15 വർഷത്തിൽ ആരംഭിച്ച കെട്ടിട നിർമ്മാണം നാളിതുവരെ പൂർത്തീകരിക്കാനായിട്ടില്ല. ഗവ.എഞ്ചിനീയറിംഗ് കോളേജ് തയ്യാറാക്കിയ രൂപരേഖ പ്രകാരം ഗ്രൗണ്ട് ഫ്ലോർ 902 ച.മീറ്റർ, ഒന്നാം നില 225 ച.മീറ്റർ എന്നിങ്ങനെ വിസ്തീർണത്തിൽ നിർമ്മാണം നടത്തുന്നതിന് പദ്ധതി ലക്ഷ്യമിടുന്നു. ബഹുവർഷ പദ്ധതിയായി നടപ്പാക്കാനുദ്ദേശിച്ചിരുന്ന കെട്ടിട നിർമ്മാണത്തിനായി ഗ്രാമപഞ്ചായത്ത് താഴെ കാണും പ്രകാരം തുക വകയിരുത്തിട്ടുണ്ട്.

| വർഷം | പേര് | അടങ്കൽ | ചെലവ് തുക |
|---|---|---|---|
| 2014-15 | ആയുർവേദാശുപത്രിക്ക് പുതിയ കെട്ടിടം | 3846000 | 3436344 |
| 2015-16 | ആയുർവേദാശുപത്രിക്ക് പുതിയ കെട്ടിടം ഭാഗം 2 | 969714 | 158960 |
| 2016-17 | ആയുർവേദാശുപത്രിക്ക് പുതിയ കെട്ടിടം ഭാഗം 3 | 4467415 | 3716847 |

| | | | |
|---|---|---|---|
| 2017-18 | ആയുർവേദാശുപത്രിക്ക് പുതിയ കെട്ടിടം ഭാഗം 4 | 2000000 | പ്രവൃത്തികൾ പൂർത്തീകരണ ഘട്ടത്തിലാണ്. |
| 2017-18 | ആയുർവേദാശുപത്രിക്ക് പുതിയ കെട്ടിടം ഭാഗം 5 | 480000 | |
| ആകെ | | 11763129 | |

ഇതിനിടയിൽ ഗവ.എഞ്ചിനീയറിംഗ് കോളേജ് സമർപ്പിച്ച പ്രോപ്പോസൽ ഗവൺമെന്റിന് സമർപ്പിച്ച സാഹചര്യത്തിൽ 3.4.17 ലെ ജി.ഒ(ആർ.ടി)282/17 F&PD ഉത്തരവ് പ്രകാരം 151 ലക്ഷം രൂപ അനുവദിക്കുകയും പ്രവൃത്തി നടപ്പാക്കുന്നതിന് കേരള സംസ്ഥാന കോസ്റ്റൽ ഏരിയ ഡവലപ്മെന്റ് കോർപ്പറേഷന് (KSCADC)സ്ഥലം കൈമാറുന്നതിന് നിർദ്ദേശിക്കുകയും ചെയ്തു. ഇതു പ്രകാരം പ്രവൃത്തിയെ രണ്ട് ഭാഗങ്ങളായി തിരിച്ച് ബ്ലോക്ക് I പഞ്ചായത്ത് ഏറ്റെടുത്ത് നിർമ്മാണം ആരംഭിച്ച പ്രവൃത്തികൾ പൂർത്തിയാക്കുന്നതിന് ഗ്രാമപഞ്ചായത്ത് പ്രോജക്ട് തയ്യാറാക്കുകയും ബ്ലോക്ക് II നിർമ്മാണം KSCADC യെ ഏൽപ്പിക്കുകയും ചെയ്തു. മാറ്റം വരുത്തിയ പ്ലാൻ പ്രകാരം നിലവിൽ 874 ച.മീറ്ററിൽ ഗ്രൗണ്ട് ഫ്ലോറും, 225 ച.മീറ്ററിൽ ഒന്നാം നില കെട്ടിട നിർമ്മാണവും പൂർത്തീകരിച്ചിട്ടുണ്ട്.

ഗ്രാമപഞ്ചായത്ത് നിർവ്വഹണം നടത്തുന്ന ബ്ലോക്കിലെ 17-18 ൽ തുക വകയിരുത്തിയ പ്രോജക്ടുകളും, സെക്രട്ടറി നടപ്പാക്കുന്ന വൈദ്യുതീകരണ പ്രവൃത്തിയും നിലവിൽ സ്പിൽ ഓവറായി തുടരുകയാണ്. അതേസമയം സെപ്റ്റിക് ടാങ്ക്, വാട്ടർ ടാങ്ക്, മാലിന്യ സംസ്കരണ സംവിധാനങ്ങൾ എന്നിവ ഏർപ്പെടുത്തുന്നതിന് ഇതുവരെ സാധിച്ചിട്ടില്ല. ഇക്കാര്യത്തിൽ തുക വകയിരുത്തിയിട്ടില്ല. 2011 ലെ കേരളപഞ്ചായത്ത് കെട്ടിട നിർമ്മാണചട്ടങ്ങൾ ചട്ടം 56(3) ൽ നിർദ്ദേശിക്കുന്നതുപ്രകാരം Biomedical waste ( management and handling ) rules 1998 ലെ വ്യവസ്ഥകൾ പ്രകാരമുള്ള മാലിന്യ സംസ്കരണ സംവിധാനങ്ങളേർപ്പെടുത്തി മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നും അനുമതി ലഭ്യമാക്കേണ്ടതാണ്.

വിപുലമായ അടിസ്ഥാന സൗകര്യങ്ങൾ ഏർപെടുത്തി മെച്ചപെട്ട സേവനം ജനങ്ങൾക്ക് നൽകുന്നതിനായി ഗ്രാമപഞ്ചായത്ത് ആരോഗ്യ സേവനമേഖലയിൽ പ്രോജക്ട് നടപ്പാക്കുന്നത് അഭിനന്ദനാർഹമാണ്. എന്നാൽ സമയബന്ധിതമായി പ്രവൃത്തികൾ പൂർത്തീകരിക്കാൻ സാധിച്ചാൽ മാത്രമേ ഇതിന്റെ പ്രയോജനം ജനങ്ങളിലേക്കെത്തിക്കാൻ സാധിക്കുകയുള്ളൂ എന്നതിനാൽ എത്രയും വേഗം ആശുപത്രി കെട്ടിടം പ്രവൃത്തി പൂർത്തീകരിച്ച് പ്രവർത്തന സജ്ജമാക്കുന്നതിന് നടപടി സ്വീകരിക്കണം ഇക്കാര്യത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 3-19 പദ്ധതി നിർവ്വഹണം - അപാകതകൾ

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതികൾ നടപ്പാക്കിയതിൽ താഴെ പറയുന്ന അപാകതകൾ കണ്ടെത്തി.

എ) പദ്ധതിയുടെ പേര് – എസ്.002/18 – പഞ്ചായത്ത് ഭവനം – മത്സ്യ തൊഴിലാളി
വകയിരുത്തിയത് – 3,00,000/-
ചെലവ് – 80,000/-

ടി പദ്ധതിക്കായി വകയിരുത്തിയിരിക്കുന്ന വിഭവ സ്രോതസ്സ് ധനകാര്യ കമ്മീഷൻ അവാർഡാണ്. എന്നാൽ ഈ ഫണ്ട് വ്യക്തിഗത ഗുണഭോക്താക്കൾക്കുള്ള ഭവന നിർമ്മാണ പദ്ധതിക്കായി ഉപയോഗിക്കാവുന്നതല്ല. മറിച്ച് പഞ്ചായത്തിന്റെ അനിവാര്യ ചുമതലകൾ നിറവേറ്റുന്നതിനും, അടിസ്ഥാന സേവന സൗകര്യങ്ങൾ ഒരുക്കുന്നതിനും സാമൂഹ്യ ആസ്തി സംരക്ഷിക്കുന്നതിനും മാത്രമേ ഉപയോഗിക്കാൻ അനുവാദമുള്ളൂ.

ബി) പദ്ധതിയുടെ പേര് – എസ്.0180/18 – മേൽക്കൂര മാറ്റി പുതിയ മേൽക്കൂര നിർമ്മിക്കൽ – ജനറൽ / മത്സ്യ തൊഴിലാളി
വകയിരുത്തിയത് – 10,00,000/-
ചെലവ് – 8,47,300/-

എസ്. 0184/18 – വീട് വാസയോഗ്യമാക്കൽ
വകയിരുത്തിയത് – 27,90,000/-
ചെലവ് – 23,30,000/-

മേൽ പദ്ധതികളിൽ 25,000/- രൂപ വീതം യഥാക്രമം 40 ഉം, 107 ഉം ഗുണഭോക്താക്കൾക്ക് നൽകിയിട്ടുണ്ട്. എന്നാൽ ഈ

രണ്ട് പദ്ധതികളിലും ധനസഹായമായി യഥാക്രമം 50,000/- രൂപയും ഒരു ലക്ഷം രൂപയും അനുവദിക്കാവുന്നതാണ്. ഗുണഭോക്താക്കളുടെ എണ്ണം ക്രമാതീതമായി വർദ്ധിപ്പിച്ച് ധനസഹായത്തിൽ കുറവ് വരുത്തുന്ന സാഹചര്യം അഭിലഷണീയമല്ലായെന്ന് ഓഡിറ്റ് അഭിപ്രായപ്പെടുന്നു.

കൂടാതെ വിവിധ പദ്ധതികൾക്കായുള്ള ഗുണഭോക്താക്കളുടെ അപേക്ഷാ ഫോം പൂർണ്ണമായോ/ ഭാഗികമായി പൂരിപ്പിച്ച നിലയിലോ സൂക്ഷിച്ചിരിക്കുന്നതായി കാണുന്നു. ആയത് പരിഹരിക്കേണ്ടതും, രേഖകൾ കൃത്യമായി സൂക്ഷിക്കേണ്ടതുമാണ്.

## 3-20 തൊഴിലുറപ്പ് പദ്ധതി -സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കണം. ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

4.11.2016 ലെ ഭരണ സമിതി 3ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ച കർമ്മ പദ്ധതി പ്രകാരം 1093 പ്രവൃത്തികൾക്കായി 11.69കോടി രൂപ അടങ്കൽ തുക വകയിരുത്തിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്ത 5396 കുടുംബങ്ങൾക്കായി 2017-18 ൽ ആകെ 405807 തൊഴിൽ ദിനങ്ങൾ നൽകുന്നതിന് വാർഷിക കർമ്മ പദ്ധതി പ്രകാരം ലക്ഷ്യമിട്ടിരുന്നു. സാമ്പത്തിക വർഷത്തിൽ 151 പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഇതുവഴി 54283 തൊഴിൽ ദിനങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. ഇതിൽ 37പേർക്ക് 100 തൊഴിൽ ദിനങ്ങൾ നൽകിയിട്ടുണ്ട്. ഭരണ നിർവ്വഹണ ചെലവായ 8.2 ലക്ഷം രൂപയുൾപ്പെടെ ആകെ 1.64 കോടി രൂപ സാമ്പത്തിക വർഷത്തിൽ ചെലവുണ്ട്.

2014 ജനവരി 3 ന് കേന്ദ്ര ഗ്രാമ വികസന മന്ത്രാലയം പുറപ്പെടുവിച്ച മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ വിജ്ഞാപനം പട്ടിക I ക്രമനമ്പർ 25 B പ്രകാരം എല്ലാ പ്രവൃത്തികൾക്കുമായി ഓരോ മാസവും കൺകറന്റ് സോഷ്യൽ ഓഡിറ്റ് നടത്തുന്നതിനും 25 C പ്രകാരം ആറു മാസത്തിലൊരിക്കൽ സോഷ്യൽ ഓഡിറ്റ് നടത്തുന്നതിനും നിർദ്ദേശിച്ചിട്ടുണ്ട്. നിർവ്വഹിച്ച പ്രവൃത്തികളുടെ ഉപയോഗയോഗ്യതകളും (Utility) ഉണ്ടായ നേട്ടവും (Out come)വിലയിരുത്തുന്നതിനും അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയ അളവുകളും പ്രവൃത്തി സ്ഥലത്തെ അളവുകളും തമ്മിൽ ഒത്തു നോക്കുന്നതിന് സോഷ്യൽ ഓഡിറ്റ് ടീം സ്ഥലപരിശോധന നടത്തണമെന്ന് 25C (iii) പ്രകാരവും നിർദ്ദേശിച്ചിട്ടുണ്ട്.

തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി പഞ്ചായത്തു പരിധിയിൽ നടപ്പാക്കിയ ഭൂരിഭാഗം പ്രവൃത്തികളും ദീർഘ നാളുകൾക്ക് ശേഷം സ്ഥലപരിശോധന നടത്തി അളവു പുസ്തക രേഖപ്പെടുത്തലുകളുമായി ഒത്തു നോക്കാൻ സാധിക്കാത്തവയാണ് എന്നതിനാൽ വൈകി നടത്തുന്ന സോഷ്യൽ ഓഡിറ്റുകൾ ഓഡിറ്റിന്റെ പ്രസക്തി തന്നെ നഷ്ടപ്പെടുത്തിയേക്കാൻ സാധ്യതയുണ്ട്. ആയതിനാൽ സമയബന്ധിതമായി സോഷ്യൽ ഓഡിറ്റ് നടത്തി ചെലവുകൾ നിയമാനുസൃതമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

20.12.2013 ൽ കേന്ദ്രസർക്കാർ പുറപെടുവിച്ച വിജ്ഞാപന പ്രകാരം തൊഴിലുറപ്പ് നിയമം 2005 ലെ ഷെഡ്യൂൾ I & II ഭേദഗതി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം ഷെഡ്യൂൾ I.4. iv. പ്രകാരം റൂറൽ സാനിറ്റേഷൻ പ്രവൃത്തികൾക്കായി വ്യക്തിഗത ആസ്തികൾ സൃഷ്ടിക്കുന്നതിനുള്ള പ്രവൃത്തികൾ ഏറ്റെടുക്കാമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഏതെല്ലാം വിഭാഗത്തിൽ പെട്ട ഗുണഭോക്താക്കളെയാണ് ഈ പദ്ധതിക്കായി തിരഞ്ഞെടുക്കാവുന്നതെന്ന് ഖണ്ഡികയിൽ വ്യക്തമാക്കിയിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി 59കക്കൂസുകൾ നിർമ്മിച്ചിട്ടുണ്ട്. ടി മാർഗ്ഗരേഖയിലെ വ്യവസ്ഥകൾ പ്രകാരം പദ്ധതിയുടെ ഗുണഭോക്താക്കൾ, പദ്ധതിയുടെ ഭാഗമായി നടത്തിയ ചെലവുകളും എന്നിവയ്ക്ക് ഗ്രാമസഭ, തദ്ദേശ സ്വയംഭരണസ്ഥാപനം എന്നിവയുടെ അംഗീകാരം ലഭ്യമാക്കണം.

എന്നാൽ ഗുണഭോക്താക്കളെ ഗ്രാമസഭ, പഞ്ചായത്ത് എന്നിവ അംഗീകരിച്ചതായി കാണുന്നില്ല. പ്രതിമാസം നടത്തേണ്ടുന്ന കൺകറന്റ് സോഷ്യൽ ഓഡിറ്റ് നടത്തി റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല. സോഷ്യൽ ഓഡിറ്റ് നടത്തുന്നതിലേക്കായി പദ്ധതിയുടെ ഫയലുകൾ ചെക്ക് ലിസ്റ്റ് പ്രകാരം പരിശോധന നടത്തിയതായി കാണുന്നുണ്ടെങ്കിലും സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട് തയ്യാറാക്കുകയോ വിവരങ്ങൾ പൊതു ജനങ്ങൾക്ക് ലഭ്യമാകുന്നവിധത്തിൽ പ്രസിദ്ധപെടുത്തുകയോ ചെയ്തിട്ടില്ല. വരവു ചെലവുകൾ സംബന്ധിച്ച കാഷ്ബുക്ക് ശരിയായ രീതിയിൽ എഴുതി തയ്യാറാക്കിയിട്ടില്ല. കാഷ്ബുക്ക് എഴുതി സൂക്ഷിക്കേണ്ടതും സോഷ്യൽ ഓഡിറ്റ് റിപ്പോർട്ടുകൾ തയ്യാറാക്കി ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

സാമ്പത്തിക വർഷത്തിനു മുൻപു തന്നെ മുഴവൻ കുടുംബങ്ങൾക്കും ടോയ് ലറ്റ് സംവിധാനം ഏർപ്പെടുത്തി സമ്പൂർണ്ണ ODF (Open Defecation Free) ആയി പ്രഖ്യാപിച്ച സംസ്ഥാനമാണ് കേരളം. 5.10.16ന് സർക്കാർ പുറപ്പെടുവിച്ച നം.279/ഡി.ഡി.2/2016/ത.സ്വ.ഭ.വ സർക്കുലർ ഖണ്ഡിക 4.4.1പ്രകാരം ഗ്രാമീണ ശുചിത്വവുമായി ബന്ധപ്പെട്ട് സർക്കാർ വകുപ്പുകളുടെ ഇതര പദ്ധതികളുമായി സംയോജിപ്പിച്ചുകൊണ്ട് വ്യക്തിഗത കക്കൂസുകൾ നിർമ്മിക്കുന്ന പ്രവൃത്തികൾ നടപ്പാക്കാമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആയതു പ്രകാരം ലൈഫ്, പി.എം.എ.വൈ. എന്നിങ്ങനെ വിവിധ പദ്ധതികളുടെ ഗുണഭോക്താക്കളായ 59 പേർക്ക് സാമ്പത്തിക വർഷത്തിൽ നിർമ്മിച്ച പുതിയ വീടുകളിൽ കക്കൂസ് നിർമ്മിക്കുന്നതിന്

6.8 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. ടി സർക്കുലർ ഖണ്ഡിക 4.4.V. പ്രകാരം ഗ്രാമപഞ്ചായത്തിലെ 13ാം വാർഡിലെ 108ാം നമ്പർ അംഗൻവാടി കെട്ടിട നിർമ്മാണ പ്രവൃത്തി നടത്തിയതിന് 9.73 ലക്ഷം രൂപ ചെലവഴിച്ച് തൃപ്തികരമായി പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. മെറ്റീരിയൽ പ്രവൃത്തിയിലുൾപെടുത്തി തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി സ്ഥിര ആസ്തിയായി അംഗൻവാടി കെട്ടിടം നിർമ്മിക്കാനായത് അഭിനന്ദനാർഹമാണ്.

കേന്ദ്ര ഭൂജലവകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള വിവിധ പഠന റിപ്പോർട്ടുകൾ പ്രകാരം തൃശ്ശൂർ ജില്ലയിലെ തീരപ്രദേശ താലൂക്കുകളായ ചാവക്കാട്, കൊടുങ്ങല്ലൂർ എന്നീ പ്രദേശങ്ങൾ അമിതഭൂഗർഭജല ചൂഷണം മൂലം ശുദ്ധജല ലഭ്യതയുടെ കാര്യത്തിൽ ക്രിട്ടിക്കൽ വിഭാഗത്തിലുൾപെടുന്നതിനാൽ അമിതമായി ഭൂഗർഭജലം ഊറ്റിയെടുക്കുന്ന ബോർവെല്ലുകൾ, വലിയ കിണറുകൾ എന്നിവ പുതിയതായി സ്ഥാപിക്കുന്നതിന് അനുമതി നൽകരുത് എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ ഭൂഗർഭ ജല ലഭ്യത ഉറപ്പാക്കാൻ 2017-18 വർഷത്തിൽ കിണർ റീ ചാർജിംഗിന് മുന്തിയ പരിഗണന നൽകേണ്ടതാണെന്ന് തൊഴിലുറപ്പ് പദ്ധതി നിർവ്വഹണം സംബന്ധിച്ച സർക്കുലറിൽ നിർദ്ദേശിച്ചിരുന്നുവെങ്കിലും ഇത്തരം പ്രവൃത്തികൾ കർമ്മപദ്ധതിയിൽ ഉൾപെടുത്തി നിർവ്വഹണം നടത്തിയതായി കാണുന്നില്ല. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾ പാലിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. അപാകതകൾ ആവർത്തിക്കാതിരിക്കാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 3-21 വാഹനത്തിന്റെ ലോഗ് ബുക്ക് പരിപാലനം - അപാകതകൾ

പഞ്ചായത്തിൽ ഉപയോഗത്തിലിരിക്കുന്ന KL 46 E-9187 വാഹനത്തിന്റെ ലോഗ് ബുക്ക് പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കണ്ടെത്തി.

എ) വാഹനത്തിന്റെ ഒരു മാസത്തെ ഉപയോഗത്തെ കുറിച്ച് ഒരു സംക്ഷിപ്തം എഴുതി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

ബി) വാഹനത്തിൽ ഇന്ധനം നിറക്കുന്നത് ഉത്തരവാദിത്വപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തുന്നില്ല.

സി) വാഹനത്തിന്റെ ഇന്ധനക്ഷമതയെ സംബന്ധിക്കുന്ന ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ സാക്ഷ്യപത്രം ലോഗ് ബുക്കിൽ സൂക്ഷിച്ചിട്ടില്ല.

ഡി) വാഹനത്തിന്റെ അറ്റകുറ്റപ്പണികളെ സംബന്ധിക്കുന്ന റിപ്പയർ രജിസ്റ്ററും, വാഹനത്തിൽ ഇന്ധനം നിറക്കുന്നതിനെ സംബന്ധിച്ച ഫ്യുവൽ രജിസ്റ്ററും സൂക്ഷിക്കുന്നില്ല.

മേൽ പറഞ്ഞിരിക്കുന്ന അപാകതകൾ പരിഹരിച്ച് ലോഗ് ബുക്ക് കൃത്യമായി എഴുതി സൂക്ഷിക്കേണ്ടതാണ്.

## 3-22 പൊതുമരാമത്ത് മേഖല -പദ്ധതികളുടെ ബാഹുല്യം നിർവ്വഹണ പുരോഗതിയെ ബാധിക്കുന്നു.

മരാമത്ത് മേഖലയിലെ പദ്ധതി നിർവ്വഹണത്തിന്റെ വർഷം തിരിച്ചുള്ള വിശദാംശം ചുവടെ ചേർക്കുന്നു.

| വർഷം | സ്പിൽ ഓവർ | പുതിയത് (എണ്ണം) | ആകെ എണ്ണം | നടപ്പാക്കിയത് എണ്ണം | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ശതമാനം |
|---|---|---|---|---|---|---|---|
| 2016-17 | 6 | 80 | 86 | 37 | 37419488 | 10602765 | 28% |
| 2017-18 | 54 | 71 | 125 | 63 | 55499975 | 25845656 | 47% |
| 2018-19 (നാളിതുവരെ) | 67 | 62 | 129 | | 51761151 | 8462850 | 16% |

2016-17 വർഷത്തിൽ കേവലം 86 പദ്ധതികളുണ്ടായതിൽ 54 ഉം സ്പിൽ ഓവറാക്കി 2017 -18 ലേക്ക് വന്നിട്ടുണ്ട് .2018-19 ൽ 67 എണ്ണം സ്പിൽ ഓവറാണ്. സ്പിൽ ഓവർ പദ്ധതികളുടെ എണ്ണത്തിൽ വർദ്ധനവുണ്ടാ യതായി കാണാം. പ്രവൃത്തികളിൽ ഭൂരിഭാഗവും റോഡ് നിർമ്മാണ പുനരുദ്ധാരണവുമായി ബന്ധപ്പെട്ടവയാണ്. റോഡ് പ്രവൃത്തികളിൽ പഞ്ചായത്തിനെ ഒറ്റ യൂണിറ്റായി കണക്കാക്കാതെ വാർഡ് തലത്തിൽ ഫണ്ട് വീതം വയ്ക്കുന്ന പ്രവണത കാണുന്നു. തത്ഫലമായി ചെറിയ റോഡുകൾ പോലും മുഴുവനായി ഏറ്റെടുക്കാതെ ഘട്ടം ഘട്ടമായി ചെയ്യുന്നു.ഒരേ വാർഡിലെ തന്നെ റോഡുകൾക്ക് 2

പദ്ധതികൾ ആവിഷ്കരിച്ച് പ്രവൃത്തി നിർവ്വഹിച്ചിട്ടുണ്ട് . വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമനം. | പ്രൊ.നം. | പ്രവൃത്തിയുടെ പേര് | ആകെ നീളം ആസ്തി രജിസ്റ്റർ പ്രകാരം (മീറ്ററിൽ ) | ചെയ്ത നീളം (മീറ്ററിൽ) |
|---|---|---|---|---|
| 1 | 31/18 | മഹാത്മാ റോഡ് വാർഡ് 14,15 | 905 | 300 |
| 2 | 16/18 | സി പി ദിവാകരൻ മാസ്റ്റർ റോഡ് വാർഡ് 11 | 780 | 350 |
| 3 | 51/18 | സി പി ദിവാകരൻ മാസ്റ്റർ റോഡ് വാർഡ് 11 | 780 | 254 |
| 4 | 21/18 | മഹാത്മ ലിങ്ക് റോഡ് പുനരുദ്ധാരണം വാർഡ് 14 | 800 | 790 |
| 5 | 11/18 | മൈത്രി റോഡ് പുനരുദ്ധാരണം വാർഡ് 8 | 900 | 550 |
| 6 | 49/18 | മൈത്രി റോഡ് ബാക്കി ഭാഗം വാർഡ് 8 | 900 | 250 |
| 7 | 20/18 | ന്യൂ വിജയ റോഡ് ബാക്കി ഭാഗം ടാറിംഗ് വാർഡ് 13 | 1119 | 300 |
| 8 | 52 | ന്യൂ വിജയ റോഡ് ബാക്കി ഭാഗം വാർഡ് 13 | 1119 | 400 |

ഇത്തരത്തിൽ പ്രവൃത്തികൾ ഏറ്റെടുക്കുന്നതുമൂലം പ്രവൃത്തികളുടെ എണ്ണം വളരെയധികം വർദ്ധിക്കുന്നതിനും ആയതിനാൽ പദ്ധതി നിർവ്വഹണത്തിന്റെ കാര്യക്ഷമത കുറയുന്നതിനും ഇടയാക്കുന്നു

## 3-23 മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം-പൊതുഅപാകതകൾ

1. റോഡ് രജിസ്റ്റർ / ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

പതിമൂന്നാം പഞ്ചവൽസര പദ്ധതിയിലെ ആദ്യ വാർഷിക പദ്ധതി തയ്യാറാക്കൽ മാർഗ്ഗനിർദ്ദേശങ്ങൾ ജി.ഒ (എം.എസ് )നംപർ 72/2017/ ത.സ്വ.ഭ.വ /29-3-2017 ലെ ഖണ്ഡിക 12.10(1) പ്രകാരം ഓരോ തദ്ദേശ സ്ഥാപനവും റോഡ് കണക്ടിവിറ്റി ഭൂപടവും റോഡ് കണക്ടിവിറ്റി പദ്ധതിയും തയ്യാറാക്കണം. റോഡ് കണക്ടിവിറ്റി മാപ്പ്, പ്ളാൻ എന്നിവയുടെ അഭാവത്തിൽ റോഡുകളുടെ സമഗ്രവികസനം സാധ്യമാകുന്നില്ല. റോഡുകളുടെ കൃത്യമായ സ്ഥിതി വിവര കണക്കുകൾ ആസ്തി രജിസ്റ്ററിൽ ചേർത്ത് കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

2. സംരക്ഷണഗ്രാന്റും വകയിരുത്താൻ കഴിയുന്ന തനത് ഫണ്ടും ഉപയോഗപ്പെടുത്തി തദ്ദേശഭരണസ്ഥാപനത്തിന്റെ ഉടമസ്ഥതയിലും നിയന്ത്രണത്തിലും ഉള്ള റോഡ്, റോഡ് ഇതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു പ്രത്യേക ആസ്തി സംരക്ഷണപദ്ധതി ഓരോ തദ്ദേശഭരണസ്ഥാപനവും തയ്യാറാക്കണമെന്ന് ജി.ഒ.(എം.എസ് ) 72/2017/തസ്വഭവ , തിയതി

29.3.2017 ലെ ഖണ്ഡിക 13.6(1) ൽ നിഷ്കർഷിച്ചിട്ടുണ്ട്. ആയത് പഞ്ചായത്തിൽ തയ്യാറാക്കിയിട്ടില്ല.

3.പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പിന്റെ പ്രവർത്തനം തൃപ്തികരമല്ല.

പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ് 2017 -18 വർഷത്തിൽ നാലു തവണ യോഗം ചേർന്നിട്ടുണ്ട്. യോഗമിനിറ്റ്സിൽ പദ്ധതി ശുപാർശകൾ മാത്രമാണ് രേഖപ്പെടുത്തി കാണുന്നത്. പദ്ധതി നിർവ്വഹണം സംബന്ധിച്ച് വിശദമായ ചർച്ചകൾ നടന്നതായി രേഖയില്ല.

പദ്ധതി ആസൂത്രണത്തിന് ശേഷം പദ്ധതി നിർവ്വഹണത്തിൽ വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് സമിതികളായി മാറേണ്ടതാണ്. എന്നാൽ വർക്കിംഗ് ഗ്രൂപ്പ് മിനിട്സിൽ എവിടേയും മോണിറ്ററിംഗ് നടത്തിയതിന്റെ വിവരം രേഖപ്പെടുത്തിയിട്ടില്ല. മരാമത്ത് പ്രവൃത്തികളുടെ ഫയലിൽ മോണിറ്ററിംഗ് റിപ്പോർട്ട് വെച്ചിട്ടുണ്ടെങ്കിലും ഇതിൽ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാന്റെയും പഞ്ചായത്ത് പ്രസിഡന്റിന്റെയും ഒപ്പുകൾ മാത്രമാണ് ഉള്ളത്. ആയതിനാൽ മോണിറ്ററിംഗ് യഥാവിധി നടന്നിട്ടില്ല എന്നത് വ്യക്തമാണ്.

## 3-24 റോഡ് ടാറിംഗ് -പ്ളാസ്റ്റിക് പ്രവർത്തികൾ -മാതൃകാപരം

ഗ്രാമപഞ്ചായത്ത് പ്രദേശത്തുനിന്നുള്ള താഴെ പറയുന്ന റോഡുകൾ പ്ലാസ്റ്റിക്ക് മാലിന്യ നിയന്ത്രണത്തിന്റെ ഭാഗമായി പ്ലാസ്റ്റിക് ഉപയോഗിച്ച് ടാറിംഗ് നടത്തിയിട്ടുണ്ട്. ആയത് മാതൃകാപരമായി ഓഡിറ്റ് നിരീക്ഷിക്കുന്നു.

| ക്രമനം. | പ്രൊജക്ട് നം. / പേര് | തുക | ഉപയോഗിച്ച/ വാങ്ങിയ പ്ലാസ്റ്റിക്ക് (കി. ഗ്രാം) | നിലവിലെ അവസ്ഥ | സ്ഥാപനം |
|---|---|---|---|---|---|
| 1 | 56/18, സജീവൻ മെമ്മോറിയൽ റോഡ് | 1435000/- | 185 | പൂർത്തീകരിച്ചു | ഗ്രീൻ കേരള |
| 2 | 118/18, എ.കെ.ജി റോഡ് | 1000000/- | 145 | തുടരുന്നു | ഗ്രീൻ കേരള |
| 3 | 207/18, മീൻചന്ത ബീച്ച് റോഡ് | 936000/- | 198 | പൂർത്തീകരിച്ചു | ഗ്രീൻ കേരള |

## 3-25 സബ് -ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് നിർവ്വഹണം നടത്തിയ പദ്ധതികൾ -അപാകതകൾ

സബ് – ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് നിർവ്വഹണം നടത്തിയ പദ്ധതികൾ പരിശോധിച്ചതിൽ നിരീക്ഷിച്ച അപാകതകൾ ചുവടെ ചേർക്കുന്നു.

a. പദ്ധതി നം 150/18

മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധനത്തിന് വല

പൊതുവിഭാഗം 111000

ചെലവ് 111000 ആകെ 222000

222000

മറ്റുള്ളവ 111000

111000

ട്രഷറി ബിൽ നം.1/18 dt 31.3.18

1. മത്സ്യബന്ധന വല നൽകാവുന്നത് മൂന്നുവർഷത്തിൽ ഒരിക്കൽ മാത്രമാണ്. പഞ്ചായത്ത് കരട് വികസനരേഖയിലെ സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം 2012 – 13 മുതൽ 2016-17 വരെയുള്ള വാർഷിക പദ്ധതികളിൽ മത്സ്യബന്ധനത്തിന് വല പദ്ധതി നടപ്പാക്കി വിതരണം നടന്നിട്ടുണ്ട്. 2017 – 18 ൽ ആനുകൂല്യം കൈപ്പറ്റിയവർ മുൻവർഷങ്ങളിൽ ഗുണഭോക്താക്കളായിരുന്നോ എന്ന് ഉറപ്പുവരുത്താൻ ആവശ്യമായ രേഖകൾ ഫയലിനോടൊപ്പം ഉൾച്ചേർത്തിട്ടില്ല. ഇതു സംബന്ധിച്ച ഗുണഭോക്തൃ രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

c. പദ്ധതി നം 153/18

മത്സ്യത്തൊഴിലാളികൾക്ക് സൗരറാന്തൽ

പൊതുവിഭാഗം 99750

ചെലവ് 21565 ആകെ 199500

43130

മറ്റുള്ളവ 99750

21565

ട്രഷറി ബിൽ നം.2/18 dt 31.3.18

2.'മത്സ്യതൊഴിലാളികൾക്ക് സൗരറാന്തൽ' പദ്ധതി പ്രകാരം 57മത്സ്യതൊഴിലാളികൾക്ക് റാന്തൽ വാങ്ങിനൽകുന്നതിനാണ് പദ്ധതി രൂപീകരിച്ചത്. സബ്സിഡി മാർഗ്ഗരേഖ 80/17 ഖ 8.9 ൽ 4 -ാം ഇനമായി സൗരറാന്തൽ 50% സബ്സിഡിയിൽ ഫിഷർമെൻ വിഭാഗത്തിന് വിതരണം ചെയ്യാമെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്.ഫിഷറീസ് ഇൻസ്പെക്ടറുടെ 21.3.18 ലെ കത്തിൽ കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത അമ്മിണി സോളാർ പ്രൈവറ്റ് ലിമിറ്റഡിന്റെ ബിൽ നൽകാവുന്നതാണെന്ന് പറയുന്നു. എന്നാൽ ടെണ്ടർ നടപടിക്രമങ്ങൾ സംബന്ധിച്ച രേഖകൾ -ടെണ്ടർ പരസ്യം, സ്പെസിഫിക്കേഷൻ ,ടെണ്ടർ ഫോം എന്നിവ ഫയലിനോടൊപ്പമില്ല. സാക്ഷ്യപെടുത്തിയ താരതമ്യപട്ടിക സൂക്ഷിച്ചിട്ടില്ല. 24.10.17ലെ പഞ്ചായത്ത് പ്രൊക്യൂർമെന്റ് കമ്മിറ്റി തീരുമാനം 8 പ്രകാരം സോളാർ റാന്തൽ (അനർട്ട് സ്പെസിഫിക്കേഷനോടു കൂടിയത്) അമ്മിണി സോളാർ 2270, 3970 എന്നീ നിരക്കുകളും ഒമേഗ ഇലക്ട്രോണിക്സ് 4200 ഉം ക്വാട്ട് ചെയ്തതായി രേഖപ്പെടുത്തിയിരിക്കുന്നു.അനർട്ട് സ്പെസിഫിക്കേഷൻ പ്രകാരമുള്ളതെന്ന് വ്യക്തമാക്കുന്ന രേഖകൾ ലഭ്യമാക്കേണ്ടതാണ്. സാമ്പിൾ ഹാജരാക്കി പരിശോധിച്ചതായി രേഖയില്ല. ഗുണഭോക്തൃ രജിസ്റ്ററിൽ 21.3.18 ലെ മോണിറ്ററിംഗ് കമ്മിറ്റി തീരുമാനമെന്ന പേരിൽ 19 സൗരറാന്തലുകൾ സാമ്പിൾ നൽകിയ അതേ തരത്തിലും ക്വാളിറ്റിയോടു കൂടിയതുമാണെന്ന് ബോധ്യപ്പെട്ടതായി രേഖപ്പെടുത്തിയിട്ടുണ്ട്. വിഷയത്തിൽ പ്രാവീണ്യമുള്ള സാങ്കേതിക വിദഗ്ദൻ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ റിപ്പോർട്ട് ഫയലിനോടൊപ്പമില്ല. 20.3.18 ലെ INV – CA0118ബിൽ പ്രകാരം 43130 രൂപ സ്ഥാപനത്തിന് നൽകി. ബില്ലിൽ സ്റ്റോക്ക് എൻട്രി നടത്തിയിട്ടില്ല. വാങ്ങിയ വിളക്കിന്റെ ചിത്രം ഫയലിനോടൊപ്പമില്ല.

3. മത്സ്യത്തൊഴിലാളികളുടെ മക്കളായ വിദ്യാർത്ഥികൾക്ക് ഫർണീച്ചർ വിതരണം ചെയ്ത പദ്ധതിയിൽ രാജധാനി ഏജൻസീസ് പാലക്കാട്, ഫിഡ്കോ കോഴിക്കോട് എന്നീ കമ്പനികൾ ടെണ്ടറിൽ പങ്കെടുത്തു. ടെണ്ടർ സ്പെസിഫിക്കേഷൻ പ്രകാരം കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ഫിഡ്കോയുടെ ടെണ്ടർ സ്വീകരിക്കാതെ രാജധാനിയുടെ ഓഫർ സ്വീകരിച്ചു. വിശദാംശം ചുവടെ ചേർക്കുന്നു.

b. പദ്ധതി നം 152/18

മത്സ്യത്തൊഴിലാളികളുടെ മക്കളായ വിദ്യാർത്ഥികൾക്ക് ഫർണീച്ചർ

അടങ്കൽ തുക 200000

19494

ട്രഷറി ബിൽ നം.3/18 dt 31.3.18

| ഇനം | രാജധാനി | ഫിഡ്കോ |
|---|---|---|
| ടേബിൾ | 2489<br><br>2989 | 2222<br><br>2888 |

| | | |
|---|---|---|
| ചെയർ | 789<br>989<br>689 | 844<br>944<br>1122 |

24.10.17 ലെ പ്രൊക്യൂർമെന്റ് കമ്മിറ്റി തീരുമാനത്തിൽ സ്വീകരിച്ച നിരക്കുകൾ ടേബിളിന് 2489, ചെയർ 789 എന്നിവയാണ്. എന്നാൽ അവർ ക്വാട്ട് ചെയ്ത കൂടിയനിരക്കിലാണ് വാങ്ങൽ നടന്നത്. (ടേബിൾ 2989, ചെയർ 2222 ( INV .NO.A104/26.3.18)). (ഏറ്റവും കുറവ് ക്വാട്ട് ചെയ്ത സ്ഥാപനത്തിന്റെ ഉൽപ്പന്നം ഗുണനിലവാരം കുറഞ്ഞതാണെങ്കിൽ ക്വട്ടേഷനിൽ പങ്കെടുത്ത അടുത്ത കൂടുതൽ തുക ക്വാട്ട് ചെയ്ത സ്ഥാപനത്തിനാണ് കരാർ കൊടുക്കേണ്ടത്). അപാകതകൾ പരിഹരിച്ച് രേഖകൾ സഹിതം ഫയൽ പൂർണ്ണമാക്കി സമർപ്പിക്കുന്നതുവരെ ആകെ പദ്ധതി ചെലവ് 2,84,624 രൂപ ഓഡിറ്റ് തടസ്സത്തിൽ വെക്കുന്നു.

## 3-26 ആശ്രയ-വികസനഫണ്ട് അടക്കമുള്ള തുക നിഷ്ക്രിയ ആസ്തിയായി ബാങ്ക് അക്കൌണ്ടിൽ സൂക്ഷിച്ചിരിക്കുന്നു.

ദാരിദ്ര്യ നിർമ്മാർജ്ജന ഉപ പദ്ധതിയിൽ അഗതി കുടുംബങ്ങൾക്കു വേണ്ടി ആശ്രയ പദ്ധതി നിർബന്ധമായും നടത്തേണ്ടതാണെന്നിരിക്കേ ഗ്രാമ പഞ്ചായത്തിൽ ആശ്രയ പദ്ധതി വർഷങ്ങളായി മന്ദഗതിയിലാണ്. 2010-11 മുതൽ 2016-17 വരെയുള്ള കാലയളവിലേക്കായി ആസൂത്രണം ചെയ്ത പദ്ധതി, മുഴുവൻ അടിസ്ഥാന അതിജീവനാവശ്യങ്ങൾ നിറവേറ്റപ്പെടാതെ അവസാനിപ്പിച്ചതായി കാണുന്നു. തുടർസേവന പ്രൊജക്ട് നടപ്പിലാക്കിയിട്ടില്ല. 31.03.2018 ന് 1280818 രൂപ പദ്ധതി അക്കൌണ്ടിൽ (A/c No.6196-വലപ്പാട് സർവ്വീസ് കോ-ഓപ്പറേറ്റീവ്) നീക്കിയിരിപ്പുണ്ട്. ഇതിൽ വികസനഫണ്ടും, ചലഞ്ച് ഫണ്ടും, പലിശയും ഉൾപ്പെടുന്നു. ആവശ്യത്തിന് ഫണ്ട് ലഭ്യമായിരുന്നിട്ടും സമൂഹത്തിലെ ഏറ്റവും ദരിദ്രരും, നിരാലംബരുമായ ഗുണഭോക്താക്കളുടെ അടിസ്ഥാന, അതിജീവനാവശ്യങ്ങൾ നിർവ്വഹിക്കപ്പെടാതിരിക്കുന്നത്, പദ്ധതി നിർവ്വഹണത്തിലെ വീഴ്ചയായിഓഡിറ്റ് വിലയിരുത്തുന്നു. വികസനഫണ്ട് അടക്കമുള്ള തുക നിഷ്ക്രിയ ആസ്തിയായി ബാങ്ക് അക്കൌണ്ടിൽ സൂക്ഷിച്ചത്,ഫണ്ടിന്റെ ദുരുപയോഗമാണ്. പദ്ധതി നടത്തിപ്പിന്റെ പുരോഗതി, നിർവ്വഹണത്തിൽ നേരിടുന്ന പ്രശ്നങ്ങൾ എന്നിവ ദാരിദ്ര്യ ലഘൂകരണ വർക്കിംഗ് ഗ്രൂപ്പിൽ ചർച്ച ചെയ്തതായി കാണുന്നില്ല. പദ്ധതിയുടെ നിർവ്വഹണത്തിൽ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഭാഗത്തു നിന്നും ക്രിയാത്മകമായ ഇടപെടൽ ഉണ്ടായിട്ടില്ല എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. സ.ഉ.(എം.എസ്) നം.252/2017/തസ്വഭവ 12.12.2017-അഗതി രഹിത കേരളം- മാർഗ്ഗരേഖ അനുസരിച്ച് പദ്ധതി തുടങ്ങുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ തുടങ്ങിയതായി ബന്ധപ്പെട്ട നിർവ്വഹണോദ്യോഗസ്ഥൻഅറിയിച്ചു. മൂന്നാംഘട്ടം അഗതി രഹിത കേരളം (ആശ്രയ) പദ്ധതി ഗുണഭോക്താക്കളെ കണ്ടെത്തുന്നതിന് കുടുംബശ്രീ മുഖേന സർവ്വേ നടത്തുകയും ആയതിൽ കണ്ടെത്തിയ ഗുണഭോക്താക്കളെയും ഒന്നും രണ്ടും ഘട്ടങ്ങളിലുണ്ടായിരുന്ന ഗുണഭോക്താക്കളിൽ അർഹരായവരെയും ചേർത്ത് പദ്ധതിക്ക് ഡി.പി.ആർ തയ്യാറാക്കി പഞ്ചായത്ത് ഭരണ സമിതിയുടെ അംഗീകാരത്തോടെ കുടുംബശ്രീ ജില്ലാമിഷൻ മുഖേന സംസ്ഥാന ദാരിദ്ര്യ നിർമ്മാർജന മിഷന് സമർപ്പിച്ചിട്ടുണ്ട്. നീക്കിയിരിപ്പുള്ള തുക കൂടി വിനിയോഗിച്ച് സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ച് പദ്ധതി ഫലപ്രദമായി നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-27 വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന അങ്കണവാടികൾക്കായി ഭൂമി ഏറ്റെടുക്കൽ-അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

പഞ്ചായത്തിലെ 5 അങ്കണവാടികൾ വാടകകെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ഭരണസമിതി മിനിറ്റ്സ് പരിശോധനയിൽ അംഗനവാടി / പകൽ വീട് ,എന്നീ ആവശ്യങ്ങൾക്കായി ഭൂമി സ്വമേധയാ വിട്ടുതരാൻ തയ്യാറുള്ള വ്യക്തികൾ പഞ്ചായത്തിന് അപേക്ഷ നൽകിയതായി കാണുന്നു.ആയതിന്മേൽ അനന്തരനടപടികൾ സ്വീകരിക്കാൻ സെക്രട്ടറി / അസി.എഞ്ചിനിയർ ചുമതലപ്പെടുത്തി യിട്ടുമുണ്ട്. ഭരണസമിതി തീരുമാനങ്ങളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമനം | തിയതി/ അജണ്ട നം / തീരുമാനം | റിമാർക്ക്സ് |
|---|---|---|
| 1. | 1.4.17/IV(i)<br>27.1.18/12(i) | പകൽ വീട് പണിയുന്നതിന് 5 സെന്റ് ഭൂമി/ നെടിയിരിപ്പിൽ സുരേന്ദ്രൻ വക. |

| | | |
|---|---|---|
| | | 13ാം വാർഡ് . |
| 2. | 25.10.17<br>18(1)<br>271.18<br>13(1) | 13-ാം നമ്പർ അംഗനവാടിക്ക് സ്ഥലം വിട്ടു നൽകുന്നത് സംബന്ധിച്ച് എ. ആർ. വിജയൻ,അരയംപറമ്പിൽ സമർപ്പിച്ച സമ്മത പത്രം |
| 3. | 24.11.17<br>7(1)<br>41(1) | 128 -ാം നമ്പർ അംഗനവാടി(വാർഡ് 14) കൊല്ലാടിക്കൽ രാമചന്ദ്രൻ മാസ്റ്റർ വിട്ടു തന്ന 3 സെന്റ് സ്ഥലം .<br>2,14 വാർഡുകളിലെ അംഗനവാടികൾക്കായി സ്ഥലമെട്ടപ്പ്. |

ഓഡിറ്റ് അന്വേഷണത്തിന് നൽകിയ മറുപടി പ്രകാരം ഭൂമിയേറ്റെടുക്കുന്ന തിൽ പുരോഗതി ഉണ്ടായിട്ടില്ല എന്ന് കാണുന്നു. എത്രയും വേഗം പഞ്ചായത്തിന്റെ പേരിൽ ഭൂമിരജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-28 നീർത്തട മാസ്റ്റർ പ്ലാൻ തയ്യാറാക്കൽ - പദ്ധതി പൂർത്തീകരിച്ചില്ല.

പദ്ധതി നം : 235/18

തനത് ഫണ്ട് : 50000

ചെലവ് : 50000
നിർവ്വഹണ ഉദ്യോഗസ്ഥൻ – കൃഷി ഓഫീസർ

ചെക്ക് നം : ജെ സി നം. 7998573/31.3.18

മേൽപദ്ധതി പ്രകാരം നീർത്തട മാസ്റ്റർ പ്ലാൻ തയ്യാറാക്കൽ പ്രവർത്തിയുടെ പ്രാരംഭപ്രവർത്തനങ്ങൾക്കായി കിലയുടെ കൊട്ടാരക്കരയിലുള്ള മാനവവിഭവശേഷി വികസന കേന്ദ്രത്തിന് 50,000 രൂപ അഡ്വാൻസ് നൽകി. മേൽ സ്ഥാപനം സമർപ്പിച്ച പ്രൊപ്പോസൽ പ്രകാരം 1,10,800 രൂപയാണ് ആകെ ചെലവ്. 22.3.18 ൽ ആ സ്ഥാപനവുമായി ഒപ്പുവച്ച കരാർവ്യവസ്ഥ പ്രകാരം അഡ്വാൻസ് കൈമാറി 2 മാസത്തിനകം പദ്ധതി പൂർത്തിയാക്കി നീർത്തട മാസ്റ്റർ പ്ലാൻ പഞ്ചായത്തിന് കൈമാറേണ്ടതാണ്. കൈമാറുന്ന മുറയ്ക്ക് മുഴുവൻ തുകയും നൽകണമെന്നാണ് വ്യവസ്ഥ. എന്നാൽ നാളിതുവരെ ആയത് ലഭ്യമായിട്ടില്ല. റിപ്പോർട്ട് കൈമാറുന്നതിന് കാലതാമസം നേരിട്ടത് പ്രകൃതി ദുരന്തം കാരണമാണെന്ന് കില അറിയിച്ചിട്ടുള്ളതായി കൃഷി ഓഫീസർ അറിയിച്ചു. മാസ്റ്റർ പ്ലാൻ പൂർത്തീകരിച്ച് പഞ്ചായത്തിന് കൈമാറുന്നതുവരെ ചെലവഴിച്ച തുക 50,000 രൂപ ഓഡിറ്റ് തടസത്തിൽ വെയ്ക്കുന്നു.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 300000 | മാനസിക വെല്ലുവിളി നേരിടുന്നവിദ്യാർത്ഥികൾക്ക പഠനസഹായം | 300000 | 0 |
| ജില്ലപഞ്ചായത്ത് | ,, | 300000 | മാനസിക വെല്ലുവിളി നേരിടുന്നവിദ്യാർത്ഥികൾക്ക പഠനസഹായം | 92700 | 207300 |
| ,, | ,, | 100000 | ക്ഷീരകർഷകർക്ക്സബ്സിഡി | 100000 | 0 |

| | | | | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | ,, | 150000 | ക്ഷീരകർഷകർക്ക്സബ്സിഡി | 150000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | ,, | 200000 | അനുപൂരക പോഷക പരിപാടി | 174158 | 25842 |
| ബ്ലോക്ക് പഞ്ചായത്ത് | ,, | 200000 | വലപ്പാട് ഫുട്ബോൾ അക്കാദമി | 200000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | ,, | 250000 | 128 അംഗൻവാടിക്കു ചുറ്റുമതിൽ നിർമ്മാണം | 209691 | 40309 |
| ബ്ലോക്ക് പഞ്ചായത്ത് | ,, | 300000 | എസ് സി വനിതകൾക്കു സ്വയം തൊഴിലിനു ഇരുചക്രവാഹനം | 0 | 300000 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കെ.എസ്.ഇ.ബി | വൈദ്യുതി ലൈൻ ദീർഘിപ്പിക്കൽ-92/18 | 1366238 | 0 | 1366238 * |
| കെ.എസ്.ഇ.ബി | പാട്ടുകുളങ്ങര കോളനിസ്ട്രീറ്റ് ലൈൻ മാറ്റി സ്ഥാപിക്കൽ | 43617 | 0 | 43617 * |

* ഈ തുകകൾ വാർഷിക കണക്ക് ബാലൻസ്ഷീറ്റ് B-18ൽ ഉൾപ്പെട്ടിട്ടില്ല.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് നല്കിയിട്ടില്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | | |
|---|---|---|
| 1 | വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | (4018125+ പലിശ) |
| 2 | തൻവർഷം നിക്ഷേപിച്ച തുക(പുതുക്കി നിക്ഷേപിച്ചത്) | F.D No: 80012100620/ 221.3.18 – 46,70,664രൂപ - F.D No:8000375480/ 5.7.17 – 13,03,724/- |
| 3 | ആകെ | 59,74,388/- |
| 4 | തൻവർഷം പിൻവലിച്ച തുക | 0 |
| 5 | വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം | 59,74,388/- |

| | | |
|---|---|---|
| 6 | വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപത്തിന്റെ വിവരം | F.D No: 80012100620/ 22.3.18 - 46,70,664രൂപ (maturity amount 5055994/-രൂപ)<br>F.D No:8000375480/ 5.7.17 - ( As on 16.11.18 maturity amount 14,59,685 രൂപ) * |

*മാർച്ച് 31 ന് ബാങ്ക് FD വിവരം പലിശ സഹിതം ലഭ്യമാക്കാത്തതിനാൽ മേൽ തുക വിവരം ആണ് ഓഡിറ്റിന് ലഭ്യമായതു പ്രകാരം ചേർക്കാൻ കഴിഞ്ഞിട്ടുള്ളത്. ഇത് AFS ബാലൻസ് ഷീറ്റ് B-12 മായി പൊരുത്തപ്പെടുന്നമില്ല.

## 4-6 ഓഡിറ്റ് റിക്കവറി

.

| റിപ്പാർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേര് വിവരം | രശീതി നമ്പർ/ തിയ്യതി |
|---|---|---|---|---|
| 2016-17 | ഓഡിറ്റ് ഖണ്ഡിക നമ്പർ2-9 | 750 | എം ലളിക UPSA പുന്നയൂർക്കുളം | 117100100531/ 26-10-17 |
| 2014-15 | ഓഡിറ്റ് ഖണ്ഡിക നമ്പർ -2(7) | 428 | ഇ എ ഫ്രാൻസിസ്, വലപ്പാട് | 1171001003108/ 26.2.18 |
| 2014-15 | ഓഡിറ്റ് ഖണ്ഡിക നമ്പർ -2(4) | 250 | ഇ എ ഫ്രാൻസിസ്, വലപ്പാട് | 1171001003107/ 26.2.18 |
| 2016-17 | ഓഡിറ്റ് ഖണ്ഡിക നമ്പർ -2(3) | 108 | ആനന്ദൻ | 117100100532/ 26.10.17 |
| 2016-17 | ഓഡിറ്റ് ഖണ്ഡിക നമ്പർ -2(8) | 200 | വി പി നന്ദകുമാർ., എം.ജി.എൻ.ആർ.ഇ.ജി.എസ്. | 11710010045/ 24.10.17 |
| | ആകെ | 1736/- | | |

## 4-7 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 81958176 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 83270296 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1317579 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 1584855 | സുരേഷ്.കെ.ആർ, സെക്രട്ടറി |

| | | |
|---|---|---|
| 3-10 | 294889 | ഡോ.ബുഖാരീ.പി<br>മെഡിക്കൽ ആഫീസർ ആയുർവേദം |
| 3-11 | 89936 | ഡോ.പ്രവീൺ കുമാർ, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| 3-12 | 923391 | ശ്രീമതി. റാണി.വി.എസ്, ഹെഡ്മിസ്ട്രസ്, ജി.എൽ.പി.എസ്, പള്ളിപ്പുറം |
| 3-24 | 2,84,624 | ഫിഷറീസ് സബ് ഇൻസ്പെക്ടർ |
| 3-28 | 50000 | സെക്രട്ടറി |
| 3-15 | 627216 | ശ്രീമതി. റാണി.വി.എസ്, ഹെഡ്മിസ്ട്രസ്, ജി.എൽ.പി.എസ്, പള്ളിപ്പുറം |
| 3-17 | 15839 | ശ്രീമതി. റാണി.വി.എസ്, ഹെഡ്മിസ്ട്രസ്, ജി.എൽ.പി.എസ്, പള്ളിപ്പുറം |
| 3-14 | 339900 | ശ്രീമതി. റാണി.വി.എസ്, ഹെഡ്മിസ്ട്രസ്, ജി.എൽ.പി.എസ്, പള്ളിപ്പുറം |
| 3-13 | 473850 | ശ്രീമതി. റാണി.വി.എസ്, ഹെഡ്മിസ്ട്രസ്, ജി.എൽ.പി.എസ്, പള്ളിപ്പുറം |
| 3-10 | 294889 | ഡോ.ബുഖാരീ.പി<br>മെഡിക്കൽ ആഫീസർ ആയുർവേദം |
| 3-11 | 89936 | ഡോ.പ്രവീൺ കുമാർ, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| 3-12 | 928391 | ശ്രീമതി. റാണി.വി.എസ്, ഹെഡ്മിസ്ട്രസ്, ജി.എൽ.പി.എസ്, പള്ളിപ്പുറം |
| 3-16 | 69800 | ശ്രീമതി. റാണി.വി.എസ്, ഹെഡ്മിസ്ട്രസ്, ജി.എൽ.പി.എസ്, പള്ളിപ്പുറം |
| ആകെ | 4759300 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| | | ഇല്ല |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ഇല്ല

## 4-8 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽനിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1984-85 | എൽ.എഫ്.ടി.പി1-1902/11/ 24.10.11/10.01.12 | |
| 85-86 | -ടി- | |

| | | |
|---|---|---|
| 86-87,87-88 | -ടി- | |
| 88-89,89-90 | -ടി- | |
| 90-91 | -ടി- | |
| 91-92 | -ടി- | |
| 92-93 | -ടി- | |
| 93-94 | -ടി- | |
| 94-95 | -ടി- | |
| 95-96 | -ടി- | |
| 96-97 | എൽ.എഫ്.ടി.13-610/98/10.02.98 | |
| 97-98 | എൽ.എഫ്.ടി.14-1288/99/22.06.00 | |
| 97-98 | എൽ.എഫ്.ടി.14-1117/02/05.02.03 | |
| 98-99 | എൽ.എഫ്.ടി.14-1118/02/08.12.02 | |
| 98-99 | എൽ.എഫ്.ടി.14-1154/02/18.11.00 | |
| 99-00 | എൽ.എഫ്.ടി.14-1119/02/16.12.02 | |
| 00-01,01-02 | എൽ.എഫ്.ടി.14-1541/03/06.03.04 | |
| 02-03 | എൽ.എഫ്.ടി.14-871/06/31.05.06 | |
| 03-04 | എൽ.എഫ്.ടി.14-1801/08/11.12.09 | |
| 04-05 | എൽ.എഫ്.ടി.14-1881/08/11.12.09 | |
| 05-06 | എൽ.എഫ്.ടി.14-398/10/16.09.10 | |
| 06-07 | എൽ.എഫ്.ടി.14-399/10/19.03.11 | |
| 07-08 | എൽ.എഫ്.ടി.14-1145/10/25.05.11 | |
| 08-09 | എൽ.എഫ്.ടി.14-1146/10/03.06.11/29.06.11 | |
| 09-10 | എൽ.എഫ്.ടി.(പി1)252/12/07.07.12 | |

| | | |
|---|---|---|
| 10-11 | എൽ.എഫ്.ടി.(പി1)-253/12/29.06.12/05.10.12 | |
| 11-12 | എൽ.എഫ്.ടി.പി1.711/13,15.01.2014/12.03/2014 | |
| 12-13 | എൽ.എഫ്.ടി.പി.1-1539/2014 /01.12.14 | |
| 13-14 | കെ.എസ്.എ-ടി.എ.സ്.ആർ.പി.1/23/ 16/15.01.16/06.02.16 | |
| 14-15 | കെ.എസ്.എ-ടി.എ.സ്.ആർ.പി.1/1033/ 16/28.6.16 | |
| 15-16 | കെ.എസ്.എ-ടി.എ.സ്.ആർ.പി.1/2010/16/15.12.16 | |
| 16-17 | കെ.എസ്.എ-ടി.എ.സ്.ആർ.പി.1/1757/17 തീ 4.12.2017 | |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ.

# അനുബന്ധം - 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.ടി.എസ്.ആർ(പി.1) 1813/18

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ.

PIN 680 020.

തിയ്യതി -21.2.2019

Ph.No. 0487-2331249

e-mail : dotsr.ksad@kerala.gov.in

1994- ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994- ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തൃശ്ശൂർ ജില്ലയിലെ വലപ്പാട് ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ വാർഷിക ധനകാര്യ പത്രിക സ്റ്റേറ്റുമെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ വലപ്പാട് ഗ്രാമപഞ്ചായത്തിന്റെ 2017-18 വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,

ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ.

AUDIT CERTIFICATE

No.KSA-TSR(P1) 1813/18

Kerala State Audit Department,

District Audit Office, Thrissur

PIN 680 020.
Dated: 21. 02.2018

Ph.No. 0487-2331249

e-mail : dotsr.ksad@kerala.gov.in

Certified that I have audited the Annual Financial Statement of Valappad Grama panchayath in Thrissur District for the year ended on 31.03.2018 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of Kerala Panchayat Raj Act 1994, the Rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Valappad Grama Panchcyath for the year 2017-18, except the observations in my Audit Report properly presents the picture of income and expenditure.

Deputy Director,

District Audit Office,
Thrissur

# അനുബന്ധം - 2

## ഓഡിറ്റ് സംക്ഷിപ്തം

| | | |
|---|---|---|
| | സംക്ഷിപ്തം(AuditedAbstract) | പകർപ്പുകൾ ഉള്ളടക്കം ചെയ്തിട്ടുണ്ട് |
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ

ജില്ല ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ